മുണ്ടശ്ശേരി

HIS TRA 5261
5261
HIS TRA 5261

CURRENT BOOKS
West Round, Trichur

History & Politival Science

STANDUKAL

- Joseph Mundasserrry.

# ഗ്രന്ഥകർത്താവിൻെറ മററു കൃതികൾ

| | | | | |
|---|---|---|---|---|
| മാറെറാലി (കരുണ, പിംഗള, മഗ്ദലനമറിയം) | .... | 1 | 0 | 0 |
| അന്തരീക്ഷം (കണ്ണുഭൂഷണം, ചിന്താവിഷ്ടയായ സീത, അച്ഛനും മകളും) .... | .... | 1 | 4 | 0 |
| മാനദണ്ഡം (കാളിദാസശൈലി, സന്ദേശകാവ്യങ്ങൾ, സിംഹാവലോകനം) .... | .... | 1 | 4 | 0 |
| വായനശാലയിൽ (ഒന്നാം ഭാഗം) | .... | 1 | 8 | 0 |
| (രണ്ടാം ഭാഗം) | .... | 1 | 8 | 0 |
| സമ്മാനം (ചെറുകഥ) .... | .... | 1 | 4 | 0 |
| കടാക്ഷം ,, .... | .... | 1 | 0 | 0 |
| ഇല്ലാപ്പോലീസ് ,, .... | .... | 1 | 0 | 0 |
| പ്രൊഫസർ (കൊച്ചുനോവൽ) .... | .... | 1 | 0 | 0 |
| ഒററനോട്ടത്തിൽ (യാത്രക്കുറിപ്പുകൾ) | .... | 1 | 0 | 0 |
| പ്രയാണം (സാഹിത്യത്തിൻെറ വളച്ച്) | .... | 0 | 12 | 0 |
| കാവ്യപീഠിക (കാവ്യകലയെ സംബന്ധിച്ചുള്ള ലേഖനങ്ങൾ) .... | .... | 1 | 8 | 0 |
| പ്രബന്ധദീപിക .... | .... | 1 | 2 | 0 |
| വിശ്വവിഹാരം .... | .... | 1 | 8 | 0 |
| അദ്ധ്യാപകന്മാരോട്—വിദ്യാർത്ഥികളോടും | .... | 0 | 4 | 0 |
| സാഹിത്യപുരോഗതി .... | .... | 1 | 0 | 0 |
| രൂപഭദ്രത .... | .... | 1 | 4 | 0 |
| മാക്സിംഗോർക്കി .... | .... | 1 | 4 | 0 |
| ചൈന മുന്നോട്ട് .... | .... | 3 | 0 | 0 |
| കൊന്തയിൽനിന്നു കുരിശിലേക്ക് (നോവൽ) | .... | 2 | 8 | 0 |

# സ്റ്റണ്ടുകൾ

ഗ്രന്ഥകർത്താ:

മുണ്ടശ്ശേരി

SOUTHERN LANGUAGES BOOK TRUST
LIBRARY.
MADRAS.

PUBLISHERS:
**CURRENT BOOKS**
**TRICHUR**

1954/1130] [വില: 1ക.

ഒന്നാം പതിപ്പ്
കോപ്പി 1000

തൃശ്ശിവപേരൂർ
ഗീതാ പ്രസ്സിൽ അച്ചടിച്ചതു്.

# വിഷയവിവരം


| | |
|---|---|
| ഇന്ത്യയിലെ അമേരിക്കൻസംസ്കാരം | 1 |
| വെസ്റ്റ്മിനിസ്റ്റർ മോഡൽ | 13 |
| ഡെമോക്രസിക്കാരന്റെ നട്ടെല്ലില്ലാത്ത വാദങ്ങൾ | 21 |
| ഏഷ്യയിലെ അമേരിക്കൻ നയം | 34 |
| സോഷ്യലിസവും മതവും | 46 |
| ഭക്ഷ്യോൽപാദനം കാര്യക്ഷമമാകണമെങ്കിൽ | 52 |
| മദ്യവർജ്ജനത്തെപ്പററി | 62 |
| സംസ്കാരത്തിലും ബ്ലാക്കൌട്ട്? | 69 |

# ഇന്ത്യയിലെ അമേരിക്കൻസംസ്കാരം

ബ്രിട്ടൻ ഇന്ത്യയിലെ കേവലരാഷ്ട്രീയത്തിൽനിന്നു തലയൂരിയതോടുകൂടി ഇന്ത്യയുടെ എല്ലാ പ്രവർത്തനരംഗങ്ങളിലും അമേരിക്കൻവേലിചാട്ടം ഉണ്ടായിക്കൊണ്ടിരിക്കയാണു്. അക്കൂട്ടത്തിൽ സാംസ്കാരികരംഗത്തിലെ വേലിയേററത്തിൻെറ ഗതി ഒന്നു പരിശോധിച്ചുനോക്കാം.

ഇന്ത്യൻഫിലിംകമ്പോളത്തിൽ ഹോളിവുഡ്ഡിനുള്ളേടത്തോളം സ്വാധീനശക്തി മറെറാന്നിനുമില്ല. താഴെ കൊടുക്കുന്ന പട്ടിക നോക്കുക.

| കൊല്ലം | ഇന്ത്യ–പാക്കിസ്താൻ ഫിലിം | അമേരിക്കൻ ഫിലിം |
|---|---|---|
| 1940_47 | 165 | 219 |
| 1948 | 260 | 190 |
| 1949 | 211 | 224 |
| 1950 | 144 | 183 |

(ഇന്ത്യ–പാക്കിസ്താൻ ഇയർബുക്കിൽനിന്നെടുത്ത കണക്കുകഠം. 1948 മുതല്ക്കുള്ള കണക്കിൽ പാക്കിസ്താൻകോട്ടയില്ല.)

കൊല്ലംതോറും ഒരു കോടിയിൽപ്പരം ഉറുപ്പിക അമേരിക്കൻഫിലിംകമ്പനികഠംക്കു് ഇന്ത്യയിൽനിന്നു ലാഭമു

ണ്ട്. ഇന്ത്യൻഫിലിമുകൾക്ക് അമേരിക്കയിലാണെങ്കിൽ മാക്കററ് അനുവദിക്കപ്പെടുന്നില്ല. ഇന്ത്യയിലെ ഒന്നാം കിട തിയററുകളെല്ലാം ഹോളിവുഡ്ഡിൻെറ അധികാരത്തിൻകീഴിലാണ്. പണമായിട്ടുള്ള കൊള്ളക്കൊടുക്കകൾ കണ്ടാവുന്ന പ്രയാസങ്ങളെ തരണംചെയ്യാൻവേണ്ടി ഇന്ത്യയിൽത്തന്നെ ഫിലിംനിർമ്മാണം തുടങ്ങിയിരിക്കുന്നു അമേരിക്കക്കാർ. ഇന്ത്യൻഫിലിംനിർമ്മാതാക്കളുമായി കൂട്ടുകമ്പനികളും അമേരിക്കക്കാക്കു ധാരാളമുണ്ട്. അങ്ങനെ ഇന്ത്യൻഫിലിംവ്യവസായത്തിന്നു സ്വന്തം മേഖലയിൽ ത്തന്നെ അനാശാസ്യമായ മത്സരത്തെ അഭിമുഖീകരിക്കേണ്ടിവന്നിരിക്കുന്നു.

ഇന്ത്യയിൽ പ്രചരിപ്പിക്കുന്ന അമേരിക്കൻഫിലിമുകൾക്കൊരു പ്രത്യേകതയുണ്ട്—ഇന്ത്യക്കാരെ അവഗണിക്കുകയോ അവഹേളിക്കുകയോ ചെയ്ക. കൊളോണിയലിസം നിലനില്ക്കുന്ന എല്ലാ പിന്നിലരാജ്യങ്ങളിലും ഈ നയമാണ് അമേരിക്കൻകമ്പനികൾ കൈക്കൊണ്ടിട്ടുള്ളതു്. മിക്ക ഹോളിവുഡ്ഡ്ഫിലിമുകളും അധാർമ്മികങ്ങളാണ്. കുററാന്വേഷണവും കിരാതമയ്യാദകളുമാണ് അവയിലധികവും. യുദ്ധകഥകൾ ധാരാളമാണ്. അതീതയുദ്ധങ്ങളെ പുകഴ്ത്തുകയും ഇടതുപക്ഷരാജ്യങ്ങൾക്കെതിരായി യുദ്ധമഴിച്ചുവിടാൻ പ്രേരിപ്പിക്കുകയും ചെയ്യുന്ന കഥകൾക്കാണ് അമേരിക്കൻഫിലിമുകളിൽ ഒന്നാംസ്ഥാനം. ഹോളിവുഡ്ഡ് അമേരിക്കൻഗവൺമെണ്ടിൻെറ ഔദ്യോഗികനയത്തെ സമത്ഥമായി പ്രതിഫലിപ്പിക്കുന്നുവെന്നുമാത്രം. ഇന്ത്യാന്തരിക്ഷത്തിൽ വിഷവായു പരത്തുന്ന ഇത്തരം ഫി

ലിമുകറം ഇറാക്കമെതിചെയ്യാൻ അനുവദിക്കുന്നതിൻെറ അനൗചിത്യം പറഞ്ഞാൽത്തീരുകയില്ല.

അമേരിക്കൻഫിലിംവ്യവസായത്തിൽ അവിടത്തെ ഗവമ്മേണ്ടു് മുറയ്ക്കു കൈയിടുന്നുണ്ടു്. 1947_ൽ 'അൺഅമേരിക്കൻകമ്മിററി'യുടെ സഹകരണത്തോടുകൂടി ഹോളിവുഡ്ഡിൻെറ മേട്ടാണികറം അനേകം ഫിലിംഡയറക്ടർമാരെയും കഥയെഴുത്തുകാരെയും നടന്മാരെയും പിരിച്ചുവിടുകയുണ്ടായി. മററൊന്നുമല്ല, പുരോഗമനാശയങ്ങറം പുറത്തുകൊണ്ടുവരുന്നു എന്നതിന്നുമാത്രം. ഈ ശുചീകരണനടപടികൊണ്ടു വ്യവസായരംഗത്തു ശേഷിച്ചിട്ടുള്ളവരെ വല്ലാതെ ഭീഷണിപ്പെടുത്തുകയും ചെയ്തിട്ടുണ്ടു് അവർ. ഇപ്പോറം ഫിലിംവ്യവസായികളും ഗവമ്മേണ്ടും ഒത്തുപിടിച്ചുകൊണ്ടാണു് പ്രവത്തിക്കുന്നതു്. 1949_ൽ രാജ്യരക്ഷാസിക്രട്ടറി ലൂയി ജോൺസൻ അമേരിക്കൻതിയറററുടമസ്ഥന്മാരുടെ ഒരു കൺവെൻഷനിൽവെച്ചു് ഇങ്ങനെ പ്രസ്താവിക്കയുണ്ടായി:

"രാജ്യരക്ഷാവിഷയത്തിൽ ഫിലിംവ്യവസായത്തിൻെറ സഹകരണത്തെ ഞങ്ങളിന്നും കായ്യമായി കണക്കാക്കുന്നുണ്ടു്. നമ്മുടെ രാജ്യത്തിലെ പടക്കോപ്പണിഞ്ഞ എല്ലാ യുവതീയുവാക്കളുടേയും അനുദിനയത്നങ്ങളെ അവരുടെ ലക്ഷ്യങ്ങളോടുകൂടി ലോകരെ മനസ്സിലാക്കാൻ നിങ്ങളാണുത്തരവാദപ്പെട്ടിരിക്കുന്നതു്. നമ്മുടെ സായുധസൈന്യത്തിൻെറ ത്യാഗപാരമ്പയ്യത്തെ ഊഷ്മളമാക്കിക്കൊണ്ടിരിക്കേണ്ടതു നിങ്ങളാണു്. ലോകത്തിലെ സ്ഥിതിഗതികളെക്കുറിച്ചു് അമേരിക്കൻജനതയെ പഠിപ്പിക്കാൻ നിങ്ങ

ളെപ്പോഴും ജാഗരൂകരായിരിക്കണം. നിങ്ങളും ഗവൺമെ ണ്ടുമായുള്ള ബന്ധം ദൃഢമായിരിക്കും.''

ഈ പ്രസ്താവനയുടെ തൊട്ടു പിന്നാലെയാണ് അമേരിക്കൻഗവൺമെണ്ട് 'ടാസ്ക്ഫോഴ്സ്' എന്ന യുദ്ധചിത്രത്തിൻെറ പ്രചാരകന്മാർക്ക് രണ്ടു യുദ്ധക്കപ്പലുകൾ ഉപയോഗത്തിനു വിട്ടുകൊടുത്തത്. സ്റ്റോക്ക് ഹോം സമാധാനാഭ്യർത്ഥനയ്ക്കു മറുപടിയെന്നോണം, 1950-ൽ ഇറങ്ങിയ 'ഹൈഫ്രാണ്ടിയർ' എന്ന മറെറാരു യുദ്ധചിത്രത്തിന്ന് അമേരിക്കൻഗവൺമെണ്ടിൻെറ എല്ലാ സഹായസഹകരണങ്ങളും ലഭിക്കുകയുണ്ടായി. 1951-ൽ നാസിജനറൽ റോമലിനെ പുകഴ്ത്തിക്കൊണ്ടു 'ഡസട്ട് ഫോക്സ്' എന്ന ഫിലിം ഇറങ്ങിയതു ജർമ്മനിയിലെ അമേരിക്കൻ ഹൈക്കമ്മീഷണറുടെ നേതൃത്വത്തിലാണ്. ചുരുക്കത്തിൽ, ഡബ്ല്യൂ. എഫ്. വാൻഗർ 1950-ൽ അഭിമാനിച്ചതുപോലെ, അമേരിക്കൻഗവൺമെണ്ട് ഹൈഡ്രജൻബോമ്പിനെക്കാളുമധികം അമേരിക്കൻഫിലിമുകളെ കാര്യമായെണ്ണിത്തുടങ്ങിയിരിക്കുന്നു.

ഫിലിംകമ്പോളത്തിലെ ഈ കൈയേററംതന്നെ പുസ്തകങ്ങളുടേയും പത്രമാസികകളുടേയുമൊക്കെ രംഗത്തും കാണാം. ഇന്ത്യൻബുക്ക്സ്റ്റാളുകളിൽ ഇന്ന് ഏററവുമധികമുള്ളത് അമേരിക്കൻപ്രസിദ്ധീകരണങ്ങളാണ്. അമേരിക്കൻസാഹിത്യത്തിലെ ചപ്പും ചവറും ഇന്നു് ആദായവിലയ്ക്ക് ഏതു് ഇന്ത്യൻന്യൂസ്സ്റ്റാണ്ടിലും കിട്ടും. അമേരിക്കൻഗവൺമെണ്ടിൻെറ വകയായി ഇന്ത്യയിൽ വായനശാലകൾക്കും പൊതുസ്ഥാപനങ്ങൾക്കും വ്യക്തികൾക്കും

സൌജന്യമായി വിതരണംചെയ്യപ്പെടുന്ന പ്രസിദ്ധീകരണങ്ങൾ ധാരാളമാണിപ്പോൾ. ഇന്ത്യൻപത്രമാസികകളിൽ ഉദ്ധരിക്കപ്പെടുന്ന അമേരിക്കൻലേഖനങ്ങൾക്കു കൈയും കണക്കുമില്ല.

സാംസ്കാരികരംഗത്തുള്ള ഈ ആക്രമണം ജനങ്ങളുടെ വീക്ഷണഗതിയിൽ സാരമായ മാററം വരുത്തുന്നുണ്ട്. ഒന്നുരണ്ടുദാഹരണങ്ങൾ പറയാം: അമേരിക്കൻവിദേശനയത്തിൻെറ വക്താക്കളിൽ ഒരാളാണ് വി. എം. ഡീൻ. അദ്ദേഹം രാഷ്ട്രീയരംഗത്തു പുതിയൊരു സിദ്ധാന്തം അവതരിപ്പിച്ചിട്ടുണ്ട് വാക്വം തിയറി. അതിനെ അദ്ദേഹം വിവരിക്കുന്നതിപ്രകാരമാണ്: "ജർമ്മനിയുടേയും ജപ്പാൻേറയും പരാജയവും ഫ്രാൻസിൻേറയും ഇററലിയുടേയും അധഃപതനവും വിശേഷിച്ചു ബ്രിട്ടൻെറ ബലഹീനതയും നിമിത്തം ലോകത്തിലാകപ്പാടെ ശൂന്യകേന്ദ്രങ്ങൾ (വാക്വം സ്പോട്ട്സ്) ഉണ്ടായിവരുന്നു. വലിയ രാഷ്ട്രങ്ങൾ രാഷ്ട്രീയരംഗത്തു വാക്വം സമ്മതിക്കുകയില്ല. ഇന്നത്തെ രണ്ടു മഹാശക്തികൾ, റഷ്യയും അമേരിക്കയും, ലോകത്തിലെ കേൾപ്പോരും കേൾവിയുമില്ലാത്ത രാജ്യങ്ങളിലേയ്ക്കു തള്ളിക്കേറിക്കൊണ്ടിരിക്കുന്നു." വാക്വംതിയറി എന്തെന്നു വെളിവായില്ലേ? പ്രകടമായി സാമ്രാജ്യശക്തി ഇല്ലെന്നു വന്നിട്ടുള്ള ഏഷ്യൻസ്വാതന്ത്ര്യരാഷ്ട്രങ്ങളെല്ലാം അമേരിക്കയുടെ ദൃഷ്ടിയിൽ ശൂന്യകേന്ദ്രങ്ങളാണ്. അവിടങ്ങളിലെ പോരായ്മ നികത്താൻ കുതിച്ചുകയറുകയാണ് അമേരിക്കയെന്നു ചുരുക്കം. ഈ സ്വാത്ഥദൂഷിതമായ 'വാക്വംതിയറി'യെ അമേരിക്കക്കാർമാത്രമല്ല അംഗീകരിക്കുന്നുള്ളു. പണ്ഡി

തനായ മി. എം. വെങ്കിടരങ്കയ്യ എഴുതുന്നു: "തെക്കുകിഴക്കേഷ്യ ഇപ്പോഠം രാഷ്ട്രീയമായി നോക്കിയാൽ ഒരു വാക്വമാണു്. അധികാരത്തിൻെറ വാക്വം ഏറെക്കാലം തുടരുകയില്ല. ശൂന്യമായ രംഗത്തു് എന്തോ വന്നു വീണുനിറയും ഉടനെ. ഏഷ്യൻഭൂഖണ്ഡത്തിലെ വാക്വത്തിൽ വീഴാനിരിക്കുന്നതു സോവിയററുറഷ്യമാത്രമാണു്." അമേരിക്ക ഈ ഭാവിയെ തടയാൻ ഇന്ത്യയെ കൂട്ടുപിടിക്കയാണെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. അമേരിക്കയ്ക്കുള്ള അതേ സാമ്രാജ്യമോഹം റഷ്യയ്ക്കുമുണ്ടെന്നു സിദ്ധവൽക്കരിച്ചുകൊണ്ടാണു് മി. വെങ്കിടരങ്കയ്യയുടെ പോക്കു്. അമേരിക്കയുടെ വാക്വംതിയറിയെ സ്വാഗതംചെയ്യുമ്പോഠം അമേരിക്കൻകണ്ണിൽ ഇന്ത്യയാണു് ഏററവും പ്രധാനമായ വാക്വം എന്ന വസ്തുത ഈ ബുദ്ധിമാൻ മനസ്സിലാക്കുന്നില്ല.

മറെറാരമേരിക്കൻവേദാന്തമാണു് 'ജനപ്പെരുവാദം'. 1952 ജനുവരി 28-ാംനു എച്ചു്. എൻ. റോസൻഫീൽഡു് പ്രസ്താവിച്ചതു നോക്കുക: "എസ്. ബോമ്പിൻെറ, എന്നുവെച്ചാൽ ജനപ്പെരുപ്പിൻെറ, നിയന്ത്രണത്തിന്നായുള്ള സാർവ്വലൌകികപരിപാടിയിൽ അമേരിക്ക തികച്ചും യോജിക്കണമെന്നാണു് എനിക്കു തോന്നുന്നതു്." അദ്ദേഹം തുടൎന്നുപറയുന്നു, ജനപ്പെരുപ്പത്തിൻെറ ബോമ്പു തുടച്ചയായുള്ള ഗതികേടിൻെറയും നൈരാശ്യത്തിൻെറയും കള്ളനേതൃത്വത്തിൻെറയും അക്രമത്തിൻേറയും, അങ്ങേ അററം, യുദ്ധത്തിൻെറയും മാതാവായിത്തീരുമെന്നു്. ഇതേ അഭിപ്രായം പ്രചരിപ്പിക്കുന്ന മറെറാരമേരിക്കൻവിദഗ്ദ്ധനാണു് വില്യം വോഗ്ട്. Road to Surival എന്ന പുസ്തക

ത്തിൽ അദ്ദേഹം ബ്രിട്ടനെ കഠിനമായാക്ഷേപിച്ചിരിക്കുന്നു, ക്ഷാമവും യുദ്ധവും തടഞ്ഞു് ഇന്ത്യയിൽ ജനസംഖ്യ വൎദ്ധിക്കാനനുവദിച്ചതിന്നു്. ബ്രിട്ടീഷുഭരണത്തിൻകീഴിൽ ഇന്ത്യക്കാർ യാതൊരുത്തരവാദിത്വവുമില്ലാതെ, മീൻ പെറുകൂട്ടിയതുപോലെ, പെററുകൂട്ടി എന്നദ്ദേഹം പരാതിപ്പെടുന്നു. ഭാവിയെസ്സംബന്ധിച്ചു് അദ്ദേഹം പറയുന്നതിപ്രകാരമാണു: "നല്ലപോലെ വ്യവസായവൽകൃതമായാൽ ഒത്രുക്കൻജനസംഖ്യയോടുകൂടിയ ഇന്ത്യ ലോകത്തിന്നുതന്നെ വലിയൊരാപത്തായിത്തീരും. ബ്രിട്ടന്റെ പിൻവാങ്ങലിന്നുശേഷമുണ്ടായ കശപിശകളിൽവെച്ചു കുറെ എണ്ണം ചത്തൊടുങ്ങി. അങ്ങനെ മാൽത്ത്യൂസിയൻനിയന്ത്രണം സ്വാഭാവികമായുണ്ടായി. കലഹവാസന ഇന്ത്യയിൽ വ്യവസായവൽകരണത്തെ താമസിപ്പിക്കാനിടയുണ്ടു്. ഇതു നാമാശിക്കേണ്ടൊരു ഫലമാണു്." എങ്ങനെയിരിക്കുന്നു ദീൎഘദൎശനം! വോഗ്ട് വ്യവസായവൽകരണത്തിൽ വിളംബം മാത്രമല്ല ആശിക്കുന്നുള്ളു; 'പഞ്ഞവും പടയും വസന്തയു'മൊക്കെ ഇന്ത്യയിലുമുണ്ടായിക്കാണണമെന്നുണ്ടു് അദ്ദേഹത്തിന്നു്.

ബ്രിട്ടീഷ്ടോറിക്കക്ഷിയിലെ പ്രമാണികളും ഈ മാൽത്ത്യൂസിയൻവാദം പണ്ടേ കൊണ്ടുവന്നിട്ടുള്ളതാണു്. ബ്രി. ക്യാബിനററിൽ ഇന്ത്യാസിക്രട്ടറിയായിരുന്ന അമറി ഇന്ത്യൻദാരിദ്ര്യത്തിന്റെ മുഖ്യകാരണമായി ചൂണ്ടിക്കാണിച്ചിരുന്നതു ജനപ്പെരുപ്പത്തെയാണു്. അമേരിക്കക്കാർ ആ അഭിപ്രായത്തെ വീണ്ടും കുത്തിപ്പൊക്കുന്നേവെന്നേയുള്ളു. ഡോക്ടർ വോഗ്ടിനെക്കാളം ജനസംഖ്യാവിഷയത്തിൽ

വിദഗ്ദ്ധനെന്നു വെച്ചിട്ടുള്ള ഡോക്റ്റർ എൽമർ പെൻഡൽ ഈയിടെ Population on the Loose എന്നൊരു പുസ്തകം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അതിൻെറ അവതാരികയിൽ മറെറാരു മഹാവിദഗ്ദ്ധൻ ഡോ. വാഠംടർപിററ്കിൻ ലോകജനതയെ രണ്ടായി തിരിച്ചുകൊണ്ട് ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു: "ഭക്ഷ്യപദാത്ഥം കുറവും ആളുകഠം അധിതവുമായ പ്രദേശങ്ങളിൽ മനുഷ്യക്ക വില കുറവാണ്; ഭക്ഷ്യപദാത്ഥം അധികവും ആളുകഠം കുറവുമായ പ്രദേശങ്ങളിൽ മനുഷ്യക്ക വില കൂടുതലും. വിലകൂടിയ മനുഷ്യനെന്നു വെച്ചാൽ? അധികച്ചെലവിന്മേൽ വളന്നുവന്ന മനുഷ്യൻതന്നെ. വ്യയകരമായ പല വിശേഷസ്വഭാവങ്ങളും അവക്കുണ്ടാവും. എന്നല്ല, മററുള്ളവർ നല്ല പ്രതിഫലം കൊടുത്തു വാങ്ങേണ്ട വൈദഗ്ദ്ധ്യങ്ങളും അവരിൽ കാണും: അത്തരം മനുഷ്യർ കമ്പോളത്തിൽ 'പ്രിയ'മായ ചരക്കുകളാണു്. അവരുടെ ജീവിതത്തിനു വലിയ വിലയുണ്ട്. അമ്മാതിരി മനുഷ്യർ അധികമില്ല ലോകത്തിൽ. അങ്ങേയററം 15 കോടി കാണും. വിലകൂടിയ 1 മനുഷ്യൻെറ സ്ഥാനത്ത് വിലകുറഞ്ഞ മനുഷ്യർ 14 ഉണ്ട് ലോകത്തിൽ. വിലകുറഞ്ഞ മനുഷ്യർ സ്വതേ ദുർബ്ബലരും അജ്ഞരും അന്ധവിശ്വാസികളും ഭീരുക്കളുമാണു്. അതുകൊണ്ടു വിലകൂടിയ മനുഷ്യർ അവരെ ഭരിക്കുന്നു."

ഈ വിഭജനത്തിൽ ഇന്ത്യക്കാരെ വിലകുറഞ്ഞ മനുഷ്യരായിട്ടാണ് എണ്ണിയിട്ടുള്ളതു്. അവതാരികാകാരൻ പിന്നേയും പറയുന്നതു നോക്കുക: "റഷ്യ ഒരടിമരാജ്യമാണു്. അതിന്നങ്ങേപ്പുറത്തു കുപ്പക്കുണ്ടുകളേ ഉള്ളു. മനുഷ്യത്വം അങ്ങോട്ടങ്ങോട്ടു നീങ്ങുന്തോറും വട്ടപ്പൂജ്യത്തിലേയ്ക്കിറങ്ങുകയാ

ണ്; ഒരുപക്ഷേ അവിടന്നും കിഴോട്ടും" ഇതിൽനിന്നു മനസ്സിലാക്കാം, ഏഷ്യൻവൻകരയിലെ ജനങ്ങളെ ആ പണ്ഡിതൻ എങ്ങനെ വിലയിരുത്തിയിരിക്കുന്നുവെന്ന്. വിലകുറഞ്ഞ മനുഷ്യരുടെ പെരുപ്പം ഒരു ലോകശല്യമാണെന്നു ഡോക്ടർ വിററ്കിൻ തുറന്നുപറയുന്നുണ്ട് — എന്നുവെച്ചാൽ ഇന്ത്യക്കാരുടെയും മററും ജന്മം അമേരിക്കക്കാരെപ്പോലുള്ളവക്കുപദ്രവമാണെന്ന് പുസ്തകത്തിൻെറ കത്താവ് ഈ അഭിപ്രായത്തെ പ്രസ്തരിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നു, "ഓരോ കുടുംബത്തിന്നും വേണ്ടുംപോളം ഭക്ഷണം കിട്ടാത്തതോതിൽ ജനസംഖ്യ വധിച്ചാൽ ഓരോ കുടുംബവും മറേറാരോന്നിൻെറ ശത്രുവാണ്...........ഇന്ത്യയിൽ ഓരോ കുട്ടിയുടേയും ജനനം ജീവിച്ചുകൊണ്ടിരിക്കുന്ന മനുഷ്യരുടെ സുഖത്തെ വെട്ടിക്കുറയ്ക്കുന്നു. ഇന്ത്യയിൽ കലമേനി ജീവിതം 27 വയസ്സുവരെയാണ്; അമേരിക്കയിലോ, 64 വരെയും. ഇന്ത്യയിൽ ഏതിടത്തുനിന്നെടുത്താലും ഒരു കോടിയാളുകൾ ബാക്കി ജനതയ്ക്കു ദുഃഖം വധിപ്പിക്കുകയാണ്." ഈ വാദരീതിയിൽനിന്ന് അദ്ദേഹമെത്തുന്നതു നിദ്ദയം ജനസംഖ്യയെ വെട്ടിക്കുറച്ചേ ഇന്ത്യയ്ക്കു രക്ഷയുള്ളു എന്ന യുക്തിയിലാണ്. വിദ്യാഭ്യാസം, കൃഷിവികസനം, ഭൂനയപരിഷ്കാരം, നദീതടപദ്ധതികൾ എന്നിവകൊണ്ടൊന്നും പ്രശ്നത്തിന്നു സമാധാനമാവില്ലെന്നും അധികപ്പററായുള്ള മാതൃത്വമാണ് ഇന്ത്യയുടെ രോഗമെന്നും അദ്ദേഹം വാദിക്കുന്നു. എന്നിട്ടദ്ദേഹം ഇന്ത്യയ്ക്കു ചൂണ്ടിക്കാണിച്ചുകൊടുക്കുന്ന പോംവഴി ഇതാണ്: "ഐക്യരാഷ്ട്രസമിതിവഴിക്കോ മറേറാ ഇന്ത്യയ്ക്കു കൊടുക്കാനുദ്ദേശിക്കുന്ന സഹായം ജനനിയന്ത്രണമേപ്പെടുത്തിക്കൊള്ളാമെന്ന കരാറിന്മേലാ

യിരിക്കണം. ആനുകൂല്യങ്ങഠം കിട്ടുമ്പോഠം മതത്തിൻെറ വശത്തുനിന്നുള്ള എതിപ്പിന്നു ശക്തികുറയും. ഇന്ത്യാഗവമ്മെണ്ടുതന്നെ ജനനനിയന്ത്രണപരിപാടി ഏല്പെടുത്തും. ഇത്രയും ദയനീയമായി ജനസംഖ്യ വദ്ധിച്ചിട്ടുള്ള ഇന്ത്യയിൽ ഓരോ പിതാവിന്നും ഒരു കുട്ടി ജനിച്ചാൽ സഹായധനം കൊടുക്കുന്നതു് ഉടയെടുക്കാൻ സമ്മതിക്കും എന്ന വ്യവസ്ഥയിന്മേലാക്കുന്നതു നന്നു്. വളരെ അംഗങ്ങളുള്ള കുടുംബത്തിൽ അച്ഛനെയും മക്കളെയും ഈ നയത്തിന്നു വഴിപ്പെടുത്തണം. ഉത്തമസന്താനങ്ങളെ ജനിപ്പിക്കുമെന്നുറപ്പുള്ള ചെറുപ്പക്കാരെമാത്രമേ ഉടയെടുക്കാതെ വിടാവൂ. കൊടുക്കുന്ന സഹായധനം നല്ല തോതിലാണെങ്കിൽ വളരെയേറെ പേർ ഇതിന്നു വഴങ്ങും. കുറഞ്ഞൊരു കാലത്തിന്നുള്ളിൽ ഇന്ത്യയെ കൊള്ളാവുന്ന മനുഷ്യരുള്ള, അഥവാ വിലകൂടിയ മനുഷ്യരുള്ള, ഒരു രാജ്യമായി മാററാം.”

എന്തൊരു മനുഷ്യത്വമില്ലാത്ത പ്രോഗ്രാമാണു് ഇന്ത്യയുടെ നേക്കു വെച്ചിട്ടുള്ളതു്! ഇതിൽ കാണുന്ന മനോഭാവം അമേരിക്കയിൽ വൻകിടക്കാക്കു പൊതുവേയുള്ളതാണു്; എന്നല്ല, പട്ടാളക്കാക്കും. അങ്ങേയററത്തെ പുച്ഛമാണു് ഇന്ത്യക്കാരോടവക്കു്. 1946-ൽ ക്ഷാമപരിഹാരത്തിന്നായി അമേരിക്കയോടു ഗോതമ്പിരക്കാൻ ഇന്ത്യൻപ്രതിനിധിസംഘം വാഷിങ്ങ്ടനിൽ ചെന്നപ്പോഠം ഒരമേരിക്കനുദ്യോഗസ്ഥൻ പറഞ്ഞുവത്രേ, “ഓരോ കൊട്ടയിലെയും പട്ടിക്കുട്ടികളിൽ കുറെയെണ്ണം മുങ്ങിച്ചാവുകയാണു് ഭേദ”മെന്നു്. 1949-ൽ നെഹറു അമേരിക്ക സന്ദശിച്ചപ്പോഠം ‘ന്യൂസ് ആൻറ് വേഠഡ് റിപ്പോർട്ട്’ എന്ന പ്രശസ്തപ

ത്രം വായനക്കാരെ അറിയിച്ചിട്ടു് ഇപ്രകാരമാണു്: "വിശപ്പോടെ നെഹറു കണ്ണുവെയ്ക്കുന്നതു് അമേരിക്കൻഗോതമ്പുമിച്ചത്തിന്മേലാണു്. കൂടുതൽ ഭക്ഷണമെന്നുവെച്ചാൽ കൂടുതൽ ജനസംഖ്യ എന്നാണർത്ഥമെന്നു തന്റെ നാട്ടുകാകാരെ സമ്മതിപ്പിക്കേണ്ടിയിരിക്കുന്നു നെഹറു. ഭക്ഷണവും ജനസംഖ്യയും ഒപ്പം കൊണ്ടുപോവുക സാദ്ധ്യമല്ല."

ഇപ്പറഞ്ഞതു് അസംബന്ധമായെടുക്കാതെ വെട്ടിവിഴുങ്ങുവാൻ നമ്മുടെ നാട്ടിൽ കെങ്കേമന്മാരുണ്ടു്. അണ്ണാമലസർവ്വകലാശാലയിലെ ധനശാസ്ത്രവിദഗ്ദ്ധനായ ഡോക്ടർ എസ്സ്. ചന്ദ്രശേഖരൻ ഡോക്ടർ പെൻഡലിന്നെഴുതിയ ഒരെഴുത്തിൽ അമേരിക്കൻവാദമുഖങ്ങളെ മുക്തകണ്ഠം പുകഴ്ത്തിയിരിക്കുന്നു. അമേരിക്കയിലെ വാട്ടമൂൾഫൌണ്ടേഷനിൽനിന്നു് ഇന്ത്യയിലെ ജനപ്പെരുപ്പത്തെക്കുറിച്ചു് ഒരു പന്യാസമത്സരം ഏർപ്പെടുത്തുകയുണ്ടായി. ജനനനിയന്ത്രണമാണു് നമുക്കു വേണ്ട പ്രത്യൌഷധമെന്നു് ഇന്ത്യയിലെ ചെറുപ്പക്കാരെക്കൊണ്ടു സമ്മതിപ്പിക്കാൻ ആ ഉപന്യാസമത്സരം ഉപകരിച്ചിട്ടുണ്ടു്. എന്തിനധികം പറയുന്നു? എൽ. എസ്സ്. അമറി ഒരു കാലത്തു ജനപ്പെരുപ്പത്തെ വെട്ടിക്കുറയ്ക്കാനാവശ്യപ്പെട്ടപ്പോൾ ശക്തിപൂർവ്വം എതിർത്ത പണ്ഡിററ് നെഹറു ഇപ്പോൾ അമേരിക്കൻബർത്ത്കൺട്രോൾടെക്നിക്കിന്റെ ഔദ്യോഗികവക്താവായി മാറിയിട്ടുണ്ടു്.

ആർഷസംസ്കാരത്തിന്റെ മാറാപ്പും ഭേസിക്കൊണ്ടു ലോകത്തെ വേദാന്തവും അഹിംസയും മനുഷ്യത്വവും പഠിപ്പിക്കാൻ കോപ്പിട്ടിട്ടുള്ള ഭാരതം ഇന്നു കണ്ണിൽച്ചോരയി

ല്ലാത്ത അമേരിക്കൻസംസ്കാരത്തിന്റെ കളിത്തൊട്ടിലായിരിക്കുന്നുവെന്നതു വളരെ പരിതാപകരമാണു്.

('അമേരിക്കൻ ഷാഡോ ഓവർ ഇന്ത്യ' എന്ന പുസ്തകത്തിൽനിന്നെടുത്തതാണ് ഈ ലേഖനത്തിലെ വിവരങ്ങൾ.)

# വെസ്റ്റ്മിനിസ്റ്റർ മോഡൽ

വെസ്റ്റ്മിനിസ്റ്റർ മോഡൽ, വെസ്റ്റ്മിനിസ്റ്റർ മോഡൽ എന്നു പറഞ്ഞു സ്വയം സ്തുതിച്ചുകൊണ്ടിരിക്കയാണല്ലോ നമ്മുടെ നാട്ടിലെ ദേശീയകക്ഷത്തകക്കാർ. ശ്രീ. പനമ്പിള്ളിതന്നെ നാക്കെടുത്താൽ ഉപമാനം കാണുന്നതു് ഇംഗ്ലണ്ടിലാണു്. കുറെക്കാലംമുമ്പു് അദ്ദേഹം അഭിമാനിച്ചിരുന്നതു തൻെറ മേൽനോട്ടത്തിൽ നടക്കാൻപോകുന്ന കോൺഗ്രസ്സ്ഗവമ്മേണ്ടു് ഇംഗ്ലണ്ടിലെ ലേബർഗവമ്മേണ്ടിൻെറ മാതൃകയിലായിരിക്കുമെന്നാണു്. ഇപ്പോഠം ചച്ചിലും ഈഡനും അധികാരത്തിൽ വന്നപ്പോഠം അദ്ദേഹം പറയുന്നു, ലേബർഗവമ്മേണ്ടിൻെറ പരിപാടി നമ്മുടെ നാട്ടിൽ പ്രായോഗികമല്ല (ജൂലായി 14-ാം തിയ്യതിയിലെ അസംബ്ലിപ്രസംഗം) എന്നു്. ഇങ്ങനെയൊരു കാററാടിയന്ത്രം നമ്മുടെ രാജ്യത്തു മന്ത്രിസ്ഥാനത്തെ കെട്ടിപ്പിടിച്ചിരിക്കുകയാണെങ്കിൽ വല്ലാത്ത പൊറുതികേടാവും മനുഷ്യക്കു്. ഈ രാജ്യഭരണക്കത്തകക്കാരൻ മനുഷ്യൻ ഇംഗ്ലണ്ടിൽനിന്നു വരുത്തി വായിക്കാറുള്ള പുസ്തകങ്ങളിൽ ഇയ്യിടെ ആ ബെവാൻ പ്രസിദ്ധപ്പെടുത്തിയ In Place of Fear എന്ന പുസ്തകം ഉണ്ടോ, ആവോ! ഇല്ലെങ്കിൽ അദ്ദേഹം അതൊന്നു വരുത്തി വായിക്കണം. ബെവാൻ അത്ര മോശക്കാരനല്ല. താണ പടിയിൽനിന്നുയന്നു പനമ്പിള്ളിയെ

ക്കാളും ആണത്തത്തോടുകൂടി കോമൺവെൽത്തിൻെറ മ ന്ത്രിമാരിലൊരാളായി രാജിവെച്ചിറങ്ങിയ ഒരു ലേബറേയ് ററാണ് അദ്ദേഹം. അദ്ദേഹം ഈ വെസ്റ്റ്മിനിസ്റ്റർമോ ഡലിനെപ്പററി എന്തു പറയുന്നു എന്നന്വേഷിച്ചാലും.

ബെവാൻ സാമൂഹ്യജീവിതത്തെ ഒരു മഹാസംഘട്ട നത്തിൻെറ രംഗമായിട്ടാണ് വീക്ഷിക്കുന്നത്. ഒരു ഭാഗ ത്തു സ്വകാര്യസ്വത്തും മറുഭാഗത്തു നിർദ്ധനതയും നിന്നേ ററുമുട്ടുകയാണ് 'ഡെമോക്രസി'യിന്മേൽ എന്നദ്ദേഹം പറ യുന്നു. ആ സംഘട്ടനത്തിൻെറ സ്വഭാവം അദ്ദേഹം വി വരിക്കുന്നതു് ഏതാണ്ടിപ്രകാരമാണ്:

"ഇന്നത്തെ വ്യവസായാത്മകമായ സാമൂഹ്യജീവിത ത്തിൽ അനേകലക്ഷമാളുകൾക്ക് അനർഹമായി അനുഭവ പ്പെട്ടുവരുന്ന ദാരിദ്ര്യമില്ലേ, അതിനെക്കുറിച്ചു ബോധപൂ ർവ്വമായ ധാരണയുള്ളേടത്താണ് ദാരിദ്ര്യം അസഹനീയ മായിത്തീരുന്നതു്. ആ ബോധമുണ്ടാകുന്നതോടുകൂടി എ ന്തെന്നില്ലാത്തൊരു നൈരാശ്യവും നിലവിലുള്ള സാമൂഹ്യ കാര്യങ്ങളോടു് അതിരററൊരു വെറുപ്പും ഉളവാകുന്നു. യോ ഗക്ഷേമരാഷ്ട്രം എന്നു പറയപ്പെടുന്ന ഇംഗ്ലണ്ടിൽ കുറെ നാൾ ജീവിച്ചാൽ അസമത്വവശാലുള്ള ദാരിദ്ര്യത്തെപ്പ ററി ഒരുവന്നു് അധികമധികം മനസ്സിലാവാനിടവരികയും സാധിക്കാവുന്നതു സാധിപ്പിക്കുന്നില്ലല്ലോ എന്നു് അടിക്ക ടി ഖേദിക്കേണ്ടിവരികയും ചെയ്യുന്നു. ന്യായമായ ജീവിത ക്ഷേമത്തെ തങ്ങളിൽനിന്നു തടുത്തുനിർത്തുന്ന ശക്തികളേ തെല്ലാമോ, അവയോടു മല്ലിട്ടേ മതിയാവൂ എന്നായിട്ടുണ്ടു് ഇന്നു് ഇംഗ്ലണ്ടിലെ തൊഴിലാളികളിൽ നല്ലൊരു വിഭാഗ

ത്തിൻെറ മനസ്ഥിതി. ഇംഗ്ലണ്ടിൽ നിലനില്ക്കുന്ന ഡെമോക്രസിക്കു രണ്ടേ രണ്ടു വഴിക്കേ പോകാനുള്ളു എന്നായിരിക്കുന്നു: ഒന്നുകിൽ സ്വകാര്യസ്വത്തുടമകളെ തുലച്ചു രാജ്യനീതി സമീകരിക്കേണ്ടതിലേയ്ക്കു പാവപ്പെട്ട തൊഴിലാളിവർഗ്ഗം ഡെമോക്രസിയെ പിടിച്ചടക്കും; അല്ലെങ്കിൽ സ്വകാര്യസ്വത്തുടമകൾ തൊഴിലാളിപ്പരിഷയെ ഭയന്നു ഡെമോക്രസിയെ നശിപ്പിക്കും. ദാരിദ്ര്യം നിലനില്ക്കുന്നേടത്തോളം ഡെമോക്രസിയുടെ തണലിൽ ഇവിടെ സ്വാതന്ത്ര്യമുണ്ടെന്നവകാശപ്പെടുന്നതു ശുദ്ധമേ കളവാവാണ്. ടോറികളുടെ രാഷ്ട്രീയം എപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുന്നതു്, തൊഴിലാളികൾക്ക് ഇതിനകം കിട്ടിയിട്ടുള്ള രാഷ്ട്രിയാവകാശത്തിന്നു വീണ്ടും വീണ്ടും കൈക്കൂലികൊടുത്തു സ്വകാര്യസ്വത്തുടമകളുടെ ദുരധികാരത്തെ നിലനിത്താനാണ്. ഇടക്കാലത്തു് ഇംഗ്ലണ്ടിൽ നടപ്പാക്കിയിട്ടുള്ള സാമൂഹ്യരക്ഷാനടപടികളിൽ ഒന്നുംതന്നെ സ്വകാര്യസ്വത്തുടമകളുടെ സൌജന്യംകൊണ്ടുണ്ടായതല്ല; നേരേമറിച്ചു തൊഴിലാളികൾക്കു ഡെമോക്രസിയുടെ പ്രവത്തനത്തിൽ വഹിക്കാനിടയായ പങ്കിൻെറ നേട്ടങ്ങളാണ്. എന്നാൽ അവയെപ്പോലും തൊഴിലാളിവോട്ടിന്നുള്ള കൈക്കൂലിയായി പ്രയോജനപ്പെടുത്തുവാൻ വെമ്പുകയാണ് യാഥാസ്ഥിതികത്വത്തിൻെറ വക്താക്കൾ.” (ഇപ്പറഞ്ഞതു സമസ്തവും നമ്മുടെ നാട്ടിൽ പനമ്പിള്ളിയുടെ രാജ്യഭരണത്തിൽവെച്ച് അനുഭവപ്പെടുന്നില്ലേ? തൊഴിലാളിശ്ശക്തിക്കു കൈമാറിപ്പോകുമോ എന്നു പേടിക്കുന്ന വെസ്റ്റ്മിനിസ്റ്റർമോഡലിനെ പിടിച്ചെടുത്തു ഞെരിച്ചുകൊ

ല്ലാനല്ലേ ജോൺതൊട്ടിഞ്ഞോട്ടുള്ള നേതാക്കന്മാരുടെ ഉത്സാഹം?)

സാമൂഹ്യരംഗത്തു തുടച്ചയായുണ്ടായിക്കൊണ്ടിരിക്കുന്ന സംഘട്ടനത്തിൽ തങ്ങൾക്കു ജയാപജയങ്ങൾ ഉണ്ടാകുന്നതിന്നനുരോധമായി ഇംഗ്ലണ്ടിലെ യാഥാസ്ഥിതികന്മാർ മാറിമാറി പ്രകടിപ്പിക്കുന്ന മനോഭാവത്തെ വിമശിച്ചുകൊണ്ടു ബെവാൻ ഇങ്ങനെ പറയുന്നു: "പാവപ്പെട്ട തൊഴിലാളികളെ പിടിച്ചു തങ്ങൾക്കനുകൂലമായി വോട്ടുചെയ്യിക്കാൻ നമ്മുടെ സ്വത്തുടമകൾ പല മാഹേന്ദ്രജാലവും പ്രയോഗിക്കുന്നു. അതിൽ ഏറെക്കുറെ വിജയം കൈവന്നാൽ പ്രമാണികൾ പറയുകയായി, ബ്രിട്ടീഷ്ജനതയ്ക്കു് ഉള്ളിന്നുള്ളിൽ തന്റേടമുണ്ടു് എന്നു്. തങ്ങളുടെ പത്രാസ്സിൽ കുടുങ്ങാതെ ഭൂരിപക്ഷം ജനങ്ങളും മറിച്ചു വോട്ടുചെയ്താലോ, അവർ പറയും, നിലനില്പുള്ള ഒരു ഗവൺമെണ്ടെന്ന നിലയ്ക്കു ഡെമോക്രസിക്കു പല അററകുററങ്ങളുമുണ്ടെന്നു്. എന്നല്ല, സ്വാതന്ത്ര്യവും ദുസ്സ്വാതന്ത്ര്യവും തമ്മിൽ വേർതിരിച്ചറിയുവാൻ മനുഷ്യരെക്കൊണ്ടാവുന്നില്ലല്ലോ എന്നവർ പരാതിപ്പെടുകയും ചെയ്യും. തങ്ങൾക്കിഷ്ടമുള്ള മാതിരി ജനങ്ങൾ പെരുമാറിയാൽ, തരക്കേടൊന്നുമില്ല, ജനങ്ങൾക്കു ശരിയായ സ്വാതന്ത്ര്യബോധമാണുള്ളതെന്നു് അവർ സമ്മതിക്കും. നേരെമറിച്ചു്, ജനങ്ങൾക്കിഷ്ടമായ മാതിരിയാണു് ജനങ്ങൾ പെരുമാറുന്നതെങ്കിൽ പ്രമാണികളുടെ അഭിപ്രായത്തിൽ ജനങ്ങൾ ദുസ്സ്വാതന്ത്ര്യാത്ഥികളായിപ്പോകുന്നു."

ഇംഗ്ലണ്ടിൽ ഡെമോക്രസിയെ നിലനിത്തിക്കൊണ്ടു ദാരിദ്ര്യം—അഥവാ ദാരിദ്ര്യബോധം—നശിപ്പിക്കണെ

മെന്നുണ്ടെങ്കിൽ, ബെവാൻ പറയുന്നു, രാഷ്ട്രീയാധികാരം പരിപൂർണ്ണമായും സ്വത്തുടമകളിൽനിന്നു വിട്ടു സാമാന്യജനങ്ങളിൽ ചെന്നുചേരണമെന്ന്. ഇംഗ്ലണ്ടിലെ തൊഴിലാളികൾ രാഷ്ട്രീയബോധമുള്ളവരായിത്തീർന്നിരിക്കുന്ന സ്ഥിതിക്ക് അവരുടെ പ്രതിനിധികൾ പാർളിമെണ്ടിൽവെച്ചു സ്വകാര്യസ്വത്തുടമകളുടെ ചെമ്പു പുറത്താക്കിക്കൊള്ളുമെന്നു ബെവാൻ സമാധാനിക്കുന്നു. 'ഡെമോക്രസി'യുടെ പ്രവർത്തനകേന്ദ്രമായ പാർളിമെണ്ട് സാമൂഹ്യമത്സരത്തിൽ നിഷ്പക്ഷത വഹിക്കുന്നുവെന്നു വാദിക്കുന്നവരോടു ബെവാനുള്ള മറുപടി ഇതാണ്: "ജനങ്ങളുടെ മുന്നേററത്തിനു മുമ്പിൽ ഒരണക്കെട്ടാണ് പാർളിമെണ്ട്. പാർളിമെണ്ടിലെ അന്തരീക്ഷവും അതിലെ സജ്ജീകരണങ്ങളും അവിടത്തെ നടപടികളും മതാനുഷ്ഠാനങ്ങളുടെ സ്വഭാവത്തോടുകൂടിയ ആചാരനിഷ്ഠകളുമെല്ലാം വ്യവസായശാലകളുടെ നടുവിൽനിന്നുള്ള സന്ദേശവുമായിവരുന്ന പരിമിതവിദ്യന്മാരെ അന്ധാളിപ്പിക്കുന്നവയാണ്. പുതിയൊരു സാമൂഹ്യനീതിയുടെ വക്താക്കളായിവരുന്നവർക്ക് ഒന്നാമതായി വേണ്ടതു നരച്ചു ദിവ്യങ്ങളായിത്തീർന്നിട്ടുള്ള നടപടികളെപ്പിടിച്ചു് ഉടച്ചുവിടാനുള്ള തൻേറടമാണ്." താനാദ്യം പാർളിമെണ്ടിൽ കടന്നപ്പോഴത്തെ അമ്പരപ്പിനെപ്പററി ബെവാൻ പറയുന്നുണ്ട്. ചൂഷിതവർഗ്ഗങ്ങളുടെ ഭാഗത്തുനിന്നുള്ള വിധികർത്താവായിരിക്കാൻ വന്ന അദ്ദേഹം അഞ്ജലിബന്ധത്തോടുകൂടി തൊഴുതുകൊണ്ടങ്ങനെ നില്ക്കാനാണ് നിർബ്ബന്ധിക്കപ്പെട്ടതത്രേ; അതോ, ഏററവും പ്രാകൃതമായ പിതൃപൈതാമഹപൂജാവിധികളിലും. പാർളിമെണ്ടിലെ നടപടിസ്സങ്കേതങ്ങളെ കുറെക്കാലംകൊണ്ടു്

അദ്ദേഹം പഠിച്ചു. എന്നാൽ പാർളിമെണ്ടിലൂടെ പുതിയ പുതിയ നീതികൾ നടപ്പാക്കിക്കിട്ടുന്നതിനെസ്സംബന്ധിച്ചേടത്തോളം അദ്ദേഹത്തിന്ന് അടിക്കടി സംശയം വദ്ധിക്കുകയും ആ സംശയം അദ്ദേഹത്തെ നിന്ദാശീലത്തിലെത്തിക്കുകയും ചെയ്തു. സാമൂഹ്യജീവിതത്തിലുള്ള അഭിപ്രായസംഘട്ടനങ്ങളെ അകത്തേയ്ക്കു കയറാതെ നിത്താനുള്ള കൊടിയൊരുപജാപമാണ് പാർളിമെണ്ടെന്നുപോലും ബെവാന്നഭിപ്രായമുണ്ട്.

ഇംഗ്ലീഷ്പ്പാർളിമെണ്ട് പല നൂററാണ്ടത്തെ പഴക്കമുള്ള ഒരു മഹാസ്ഥാപനമാണ്. പക്ഷേ പാർളിമെണ്ടിലൂടെ ഇന്നു കാണുന്ന തരത്തിലുള്ള ഡെമോക്രസി നടപ്പായിട്ടു പത്തിരുപത്തഞ്ചു കൊല്ലമേ ആയിട്ടുള്ളു. അതിന്നിടയിൽ സാമാന്യജനങ്ങൾ വിട്ടുവീഴ്ചയില്ലാതെ സമരംചെയ്തതിൻെറ ഫലമായിട്ടാണ് അവരുടേതെന്നു വെച്ചിട്ടുള്ള ഒരു കക്ഷിക്ക് അധികാരം കിട്ടിയത്. അവരുടെ ഇന്നത്തെ ആത്മവിശ്വാസത്തിന്നത്ഥമില്ല. ഇനിയും ശ്രദ്ധാന്തിപ്പെട്ടിരിക്കുന്നില്ലെങ്കിൽ അവരുടെ ശക്തി ക്ഷീണിക്കുകയും അധികാരം എന്നേയ്ക്കുമായി തട്ടിപ്പറിക്കപ്പെടുകയും ചെയ്യുമെന്നാണ് ബെവാൻെറ പേടി. ബ്രിട്ടീഷ്ജനതയുടെ പരമ്പരാഗതമായ ഒരു ശാലീനതയില്ലേ, അതു തൊഴിലാളികളെപ്പോലും വിപ്ലവത്തിൽനിന്നു പിന്തിരിപ്പിച്ചേയ്ക്കുമെന്നാണ് അദ്ദേഹത്തിൻെറ അഭിപ്രായം. ഉള്ളിന്നുള്ളിലേയ്ക്കുള്ള ഇംഗ്ലീഷുകാരൻെറ നോട്ടം ഇംഗ്ലണ്ടിൽ കമ്യൂണിസ്റ്റ്പാട്ടിയുടെ വിജയത്തെ ഏററവും സുശക്തമായി തടഞ്ഞുകൊണ്ടിരിക്കുന്നുണ്ടെന്നും അദ്ദേഹം പറയുന്നു.

കിഴക്കൻരാജ്യങ്ങളിൽ വെസ്റ്റ്മിനിസ്റ്റർമോഡലും മററും വേരിറങ്ങിപ്പിടിക്കണമെങ്കിൽ അവിടത്തെ ജനങ്ങളുടെ ജീവിതത്തോതിലുള്ള അസമത്വങ്ങ ൾ നീങ്ങുകയും, ജീവിതത്തോതുതന്നെ കാൎയ്യമായി ഉയരുകയും ചെയ്യണമെന്നു ബെവാൻ സമ്മതിക്കുന്നു. ഡെമോക്രസിയുടെ നന്മകളെപ്പററി പ്രസംഗിക്കാൻ കുറെ പ്രഭാഷകന്മാരുണ്ടായിട്ടു യാതൊരു കാൎയ്യവുമില്ല എന്ന് അദ്ദേഹം ഊന്നിപ്പറയുന്നുണ്ട്. പിന്നിലരാജ്യങ്ങളിലെ രാഷ്ട്രീയനിലവാരം എന്തെല്ലാം വസ്തുതകളിന്മേൽ അടിസ്ഥാനപ്പെട്ടിരിക്കുന്നുവെന്നു വിവരിച്ചുകൊണ്ടു ബെവാൻ ഇങ്ങനെ പറയുന്നു: “പോലീസ്‌രാജിൻെറ ഒന്നാമത്തെ ദോഷം എന്താണെന്നോ? സാധാരണക്കാരുടെ, പ്രത്യേകിച്ചു കൎഷകരുടെ, അല്പമായ മിച്ചം തട്ടിയെടുത്തു മുതലാളിത്തത്തെ നിലനിൎത്തുവാനും ആ പാവപ്പെട്ട കൎഷകരുടെ ജീവിതത്തോതിനെ എപ്പോഴും ഇടിച്ചുതാഴ്ത്തുവാനും കേന്ദ്രീകൃതമായ അധികാരം ഉപയോഗപ്പെടുന്നു. മിച്ചങ്ങൾ കുറയുംതോറും മുതലാളിത്തത്തിന്നു വിറളി പിടിക്കുകയും മൎദ്ദനപരിപാടികൾ വിപുലപ്പെടുകയും ചെയ്യുന്നു. സോവിയററ്‌റഷ്യയുമായുള്ള ഇന്നത്തെ സംശയാത്മകമായ ബന്ധം, ഒക്ടോബർവിപ്ലവത്തിൻെറ ശരിയായ അൎത്ഥത്തെ മനസ്സിലാക്കി പടിഞ്ഞാറൻ യൂറോപ്പിലെ രാജ്യങ്ങൾ സൌഹാൎദ്ദത്തോടുകൂടി പെരുമാറിയിരുന്നെങ്കിൽ, നിശ്ചയമായും ഒഴിച്ചുവെയ്ക്കാമായിരുന്നു. അന്നു പടിഞ്ഞാറൻയൂറോപ്പിന്നു പററിയ പരമ്പരവിഡ്ഢിത്തം ചൈനയോടുള്ള പെരുമാററത്തിൽ അമേരിക്ക ആവൎത്തിക്കുകയാണു്. കിഴക്കൻരാജ്യങ്ങളുടെ മുമ്പിൽ പടിഞ്ഞാറൻയൂറോപ്പിൻെറ മാതൃകയെ ഉയൎത്തിക്കാട്ടിയതുകൊ

ണ്ട് ഒരു കാര്യവുമില്ല. സാമൂഹ്യമായ അടിസ്ഥാനത്തിലുള്ള സോവിയററിലെ രാഷ്ട്രീയവീക്ഷണമേ കിഴക്കൻരാജ്യങ്ങൾക്ക പററുള്ളൂ. പക്ഷേ അവിടെ കാണുന്നതുപോലെ തികച്ചും കേന്ദ്രീകൃതമായ ഭരണസമ്പ്രദായത്തിൽ തിരുത്തലുകൾ വേണ്ടിവന്നേയ്ക്കാം.

"പടിഞ്ഞാറൻഡെമോക്രസികൾ റഷ്യയിൽ ന്യൂനപക്ഷത്തിൻെറ അഭിപ്രായത്തെ അടിച്ചമത്തുന്നതിനെപ്പററി തൊണ്ട കാറി പ്രസംഗിക്കുന്നുണ്ടല്ലോ. ലോകത്തിൻെറ മററു ഭാഗങ്ങളിൽ വിശന്നു നിലവിളിക്കുന്ന കോടാനുകോടി ജനങ്ങളാണ് തങ്ങളുടെ നിലനില്പിനെ ചോദ്യംചെയ്യുന്നതെന്ന് ഈ രാജ്യങ്ങൾ മനസ്സിലാക്കുന്നില്ല. ലോകത്തിൽ വിശപ്പിൻെറ നിലവിളി ഇനിയും ശേഷിക്കുന്നുണ്ടെങ്കിൽ പടിഞ്ഞാറൻയൂറോപ്പിലെ സംസ്കാരവും പൂവ്വസംസ്കാരങ്ങളെപ്പോലെ പത്തു മണ്ണടിയും. പരസ്പരമത്സരാത്മകമായ മുതലാളിത്തത്തിൻെറ നീതി ലോകവ്യാപകമായ ഒരു സാമ്പത്തികാസൂത്രണവുമായി പൊരുത്തപ്പെട്ടു നില്ക്കുകയില്ല. നമ്മുടെ രാജ്യങ്ങളിലോരോന്നിലും മുമ്പു വേണ്ടതു മുമ്പ് എന്ന നയത്തോടുകൂടി പ്രവത്തിക്കുവാൻ വേണ്ടൊരു മനസ്ഥിതി ഇന്നുവരെ കാണപ്പെട്ടിട്ടില്ല. ഒരു പക്ഷേ കുന്നുകുന്നായി വന്നുവീഴുന്ന റേഡിയോസെററുകളിന്മേലും ടെലിവിഷൻസെററുകളിന്മേലും കെട്ടിപ്പിടിച്ചു യൂറോപ്പിലെ ജനങ്ങൾ പട്ടിണികിടന്നു മരിക്കുകയില്ലെന്ന് ആരറിഞ്ഞു?"

അപ്പോൾ, എങ്ങനെയിരിക്കും നമ്മുടെ മന്ത്രിമാരുടെ വെസ്റ്റ്മിനിസ്റ്റർമോഡൽ?

# ഡെമോക്രസിക്കാരൻെറ നട്ടെല്ലില്ലാത്ത വാദങ്ങൾ

ഈയിടെ ചൈനയിൽ പോയി തിരിച്ചുവന്ന ഇന്ത്യക്കാരിൽ ഒരാളാണല്ലോ 'ടൈംസ് ഓഫ് ഇന്ത്യ'യുടെ പത്രാധിപരായ മി. മൊറെയ്സ്. അദ്ദേഹം ചൈനയിലെ സ്ഥിതിഗതികളെക്കുറിച്ചു മിക്കവാറും ഉള്ളഴിഞ്ഞ അഭിനന്ദനം രേഖപ്പെടുത്തിയതിനുശേഷം ചില പ്രശ്നങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ദാശ്നികപ്രാധാന്യമുണ്ടത്രേ ആ പ്രശ്നങ്ങൾക്ക്. അവയിലൊരോന്നിനെക്കുറിച്ചും നമുക്കാലോചിച്ചുനോക്കാം.

## സത്യം സാപേക്ഷമാണോ?

സത്യം സത്യമെന്നു പറയുന്നതു സാപേക്ഷമാണോ? ഇതാണു് മൊറെയ്സിൻെറ ഒന്നാമത്തെ ചോദ്യം. ഇവിടെ അദ്ദേഹമുദ്ദേശിക്കുന്ന സത്യം എന്തെന്നു വ്യവച്ഛേദിച്ചിട്ടില്ല. സത്യത്തെക്കുറിച്ചു രണ്ടുവിധത്തിൽ പറയാറുണ്ടു്: പിടിവാദത്തിന്മേൽ ഉറച്ചുനില്ക്കുന്ന മതത്തേയും ആശയവാദാത്മകങ്ങളായ തത്വസംഹിതകളേയും പിടിച്ചാണയിടുന്നവർ പറയുന്നതു സത്യം നിവ്വികാരവും കേവലവും നിവ്വികല്പവും അനേകായിരം കൊല്ലങ്ങൾക്കുമുമ്പു് ഏ

താനും മഹർഷികൾക്കുമാത്രമായി ജ്ഞാപിതവുമായ ഒന്നാണെന്നാണ്. ആധുനികശാസ്ത്രജ്ഞന്മാരും മാർക്സിസത്തിന്റെ വക്താക്കളും പറയുന്നതോ, നേരെ മറിച്ചും. അവക്കു സത്യത്തിൽത്തന്നെ വിവേചനമുണ്ട് — വസ്തുനിഷ്ഠമായ സത്യമെന്നും മാറിക്കൊണ്ടിരിക്കുന്ന സത്യമെന്നും. വസ്തുനിഷ്ഠമായ സത്യം കാണത്തക്ക മാററങ്ങൾക്കൊന്നും വിധേയമല്ലാത്ത വസ്തുക്കളുടെ ധമ്മങ്ങളെസ്സംബന്ധിച്ചുള്ളവയാണ്. മറേറതാകട്ടെ, വസ്തുധമ്മങ്ങളും ആവത്തിച്ചുള്ള പരീക്ഷണങ്ങളിൽനിന്നു കൈവന്നിട്ടുള്ള അറിവിനെ അടിസ്ഥാനപ്പെടുത്തി നമുക്ക് ആ വസ്തുധമ്മങ്ങളെക്കുറിച്ചുള്ള ധാരണകളും തമ്മിലുള്ള പൊരുത്തത്തെ ആശ്രയിച്ചുള്ളതാണ്. ഈ രണ്ടാമത്തേതു നമ്മുടെ അറിവു വദ്ധിക്കുന്നതനുസരിച്ചു മാറിമറഞ്ഞേക്കും. കൂടുതൽ കൂടുതൽ ശരിയിലേയ്ക്കു നാം എത്തുമ്പോൾ മുമ്പുമുമ്പു സത്യങ്ങളെന്നു വെച്ചിട്ടുള്ളവ അദ്ധസത്യങ്ങളോ അസത്യങ്ങളോ ആയെന്നു വരാം. ഇപ്പറഞ്ഞ രണ്ടിന്നും സ്പഷ്ടോദാഹരണങ്ങളുണ്ട്. മിക്ക വസ്തുക്കളുടേയും ഭൌതികധമ്മങ്ങൾ പദാത്ഥവിജ്ഞാനീയത്തിൽ പ്രതിപാദിച്ചിട്ടുണ്ടല്ലോ. അവ വസ്തുനിഷ്ഠങ്ങളായ സത്യങ്ങൾക്കു ദൃഷ്ടാന്തങ്ങളാണ്. അവയിൽ പറയത്തക്ക മാററമൊന്നും കണ്ടില്ല; കാണാനിടയുമില്ല. എന്നാൽ പരമാണുഘടനയെപ്പററി ഇതേവരെയുണ്ടായിരുന്ന ധാരണകൾ രണ്ടാമതു പറഞ്ഞതരം സത്യങ്ങൾക്കു നിദശനങ്ങളാണ്. ആ ധാരണകൾ ഒരു പരിമിതകാലാവധിക്കുള്ളിൽത്തന്നെ എത്രയോ മാറിയിരിക്കുന്നു. സത്യത്തിന്റെ ഈ ഭേദവിഭേദങ്ങൾ മി. മൊറെയ്സ് പരിച്ഛേദിച്ചിട്ടില്ല. ചൈനയിൽ കണ്ട സത്യങ്ങൾ

എന്തു മാതിരി സത്യങ്ങളാണെന്നാണ് നാം മനസ്സിലാക്കേണ്ടതു്? അമ്പേ മാറിയ പരിതസ്ഥിതിയിൽ ചീനക്കാക്കു കൂടുതൽ ഭൌതികാഭിവൃദ്ധി ഉണ്ടായിട്ടുണ്ടെന്നുള്ളതു് അദ്ദേഹം സമ്മതിച്ചിട്ടുണ്ടു്. ആ ഭൌതികാഭിവൃദ്ധിയെ എങ്ങനെയുള്ള സത്യമായിട്ടാണ് എണ്ണേണ്ടതു്?

## ലക്ഷ്യവും മാർഗ്ഗവും

മിസ്റ്റർ മൊറെയ്സ് ഉന്നയിച്ചിട്ടുള്ള മററാരു ചോദ്യം ലക്ഷ്യത്തേക്കാൾ അപ്രധാനമാണോ മാർഗ്ഗം എന്നുള്ളതാണ്. ഇതു പിഴച്ച ഒരു യുക്തിവാദത്തിൻെറ ഫലമായിട്ടേ തോന്നുന്നുള്ളു. ചോദ്യത്തിൽനിന്നു പിന്തിരിഞ്ഞു പോകുന്നതും യുക്തിക്കു യോജിക്കാത്തതുമായ ഈ വാദമെടുത്തിട്ടതു കുറെ ദാർശനികന്മാരാണ്. പക്ഷേ അതിനെ കടന്നെടുത്തു് ഉപയോഗപ്പെടുത്തുന്നതു സമഷ്ടിവാദത്തിന്നെതിരായി പറയത്തക്ക യുക്തിയൊന്നുമില്ലാതെ വെറുമാഭാസത്തരംകൊണ്ടും ആവേശംകൊണ്ടുമെതിക്കാൻ നടക്കുന്ന പിന്തിരിപ്പന്മാരാണ്. മി. മൊറെയ്സ് അതിനെ കടന്നു പിടിച്ചിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ചുകപ്പന്മാൎക്കെതിരായി പ്രയോഗിക്കാൻ അതൊന്നേ അദ്ദേഹം കാണുന്നുള്ളു. യാഥാൎത്ഥ്യങ്ങളിൽനിന്നു മാററിനിൎത്തിക്കൊണ്ടു വിചാരണചെയ്തുതുടങ്ങിയാൽ പ്രസ്തുതവാദം കേവലം ദാർശനികമായിത്തീരുകയും അതിനുത്തരമായി എന്തും അംഗീകരിക്കാമെന്നു വരികയും ചെയ്യും. എന്നാൽ ഭൌതികയാഥാൎത്ഥ്യങ്ങളുടെ മുമ്പിൽവെച്ചു ചോദ്യത്തിൻെറ ആന്തരാൎത്ഥങ്ങളെ വിശകലനംചെയ്തുവെന്നിരിക്കട്ടെ, അതിൻെറ അൎത്ഥശൂന്യത എളുപ്പത്തിൽ മനസ്സിലാവും. ല

ക്ഷ്യവും മാഗ്ഗവും—രണ്ടും രണ്ടാണെന്നുള്ള സങ്കല്പം ഹ്യൂമി ൻറ വാദഗതിയെ അംഗീകരിച്ചാലുണ്ടാവുന്ന ഒന്നാണു്. രണ്ടും വെവ്വേറെയാണെങ്കിൽ രണ്ടിൻേറയും മെച്ചങ്ങഠം വെവ്വേറെ പരിഗണിക്കണം. ശാസ്ത്രീയമായി തെററായി ട്ടുള്ള ഈ ദാശ്നികസങ്കല്പം പല വൈകൃതങ്ങളേയും സൃ ഷ്ടിച്ചുവിടുന്നു. കേഠംക്കുന്നമാത്രയിൽ സാമാന്യജനങ്ങഠം, എന്നുവെച്ചാൽ ധമ്മനീതികളുടെ സനാതനത്വത്തിൽ വിശ്വസിച്ചുപോയിട്ടുള്ള സാമാന്യജനങ്ങഠം, പെട്ടെന്നാകൃ ഷ്ടരായിപ്പോകുന്നു—ജീവിതത്തിൽ അനുഭവപ്പെടാവുള്ളതെ ന്തോ, അതിന്നെതിരായി രാഷ്ട്രീയോദ്ദേശങ്ങഠംക്കുവേണ്ടി പ്രസ്തുതവാദമെടുത്തു വിളമ്പുമ്പോഠം മനുഷ്യർ അതിലകപ്പെട്ടുപോകുന്നുവെന്നേയുള്ളു. യഥാത്ഥത്തിൽ അതു തൊ ഴിലാളിപ്രസ്ഥാനത്തിൽനിന്നു പൊന്തിവന്നിട്ടുള്ള പുതിയ രാഷ്ട്രങ്ങഠംക്കെല്ലാമെതിരായി പ്രചാരവേലചെയ്യുവാൻ ഉ തകിയിട്ടുള്ള ഒന്നാന്തരമൊരായുധമാണു്. ഇന്നത്തെ രാ ഷ്ട്രീയനിലവാരത്തിൽ എല്ലാത്തരം ആനുകൂല്യങ്ങളും അ നുഭവിക്കുകയും അവയിൽനിന്നു വിട്ടൊഴിയുവാൻ തെല്ലും ഇഷ്ടപ്പെടാതിരിക്കുകയും ചെയ്യുന്നവർ സ്റ്റാററസ്കോ നില നിത്താൻ ഉപയോഗപ്പെടുത്തുന്ന ഏററവും ശക്തിമത്താ യ യുക്തിവാദം ലക്ഷ്യവും മാഗ്ഗവും ഭിന്നമാണെന്നുള്ള താണു്.

ലക്ഷ്യവും മാഗ്ഗവും ഭിന്നമാകണമെങ്കിൽ ഒരേ ലക്ഷ്യ ത്തിലേയ്ക്കു പല മാഗ്ഗങ്ങളുമുണ്ടാകണം. അതത്ര ശരിയാ ണോ? ഒരാഠംക്കു ധാരാളം സ്വത്തുണ്ടാക്കാം—മയ്യാദകേ ടിന്നു പോകാതെ നല്ലപോലെ വേലചെയ്തിട്ടു്, അല്ലേ

ങ്കിൽ തട്ടിപ്പറിച്ചിട്ട്, അല്ലെങ്കിൽ വിദേശക്കോയ്മയുടെ കൈക്കൂലി വാങ്ങിയിട്ട്. ഈ മൂന്നു മാർഗ്ഗവും മൂന്നു ലക്ഷ്യത്തിലേയ്ക്കാണ് അയാളെ എത്തിക്കുക. ഒന്നാമത്തേത് അയാളെ ഒരു മര്യാദക്കാരനായി നിലനിർത്തുന്നു. രണ്ടാമത്തേതാകട്ടെ, അയാളെ ഒരു കള്ളനായി മാററുന്നു. മൂന്നാമത്തേതോ, 'തന്നെത്താൻ വിററുതിന്നി'യാക്കും. ഈ മാററങ്ങളും ലക്ഷ്യപ്രാപ്തിയിൽ ഉൾപ്പെടുത്തേണ്ടതല്ലേ? അങ്ങനെയാകുമ്പോൾ ലക്ഷ്യങ്ങൾ ഭിന്നഭിന്നങ്ങളായി. ബാങ്കിൽ നിക്ഷേപിക്കാൻ കഴിഞ്ഞ പണത്തെമാത്രം ലക്ഷ്യമായെടുക്കുമ്പോഴാണ് എല്ലാ മാർഗ്ഗങ്ങളും ഒരേ ലക്ഷ്യത്തിലേയ്ക്കെത്തിക്കുന്നു എന്നു തോന്നിപ്പോകുന്നത്. ഒരു പ്രത്യേകസ്വഭാവത്തോടുകൂടിയ മാർഗ്ഗം ഒരു പ്രത്യേകസ്വഭാവത്തോടുകൂടിയ ലക്ഷ്യത്തിൽമാത്രമേ എത്തിക്കുകയുള്ളു. അപ്പോൾ നാം എല്ലാവരും ആഗ്രഹിക്കുന്ന സാർവ്വജനികക്ഷേമം എന്ന ലക്ഷ്യത്തിൽ എത്തണമെന്നുണ്ടെങ്കിൽ അതിനുതകുന്നതായി ഒരൊററ മാർഗ്ഗമേ ഉണ്ടാവുകയുള്ളു. മി. മൊറെയ്സ് മാ–വോവിൻെറ ഭരണനീതിയുടെ ഫലമായി വളരെ ചുരുങ്ങിയ കാലത്തിനുള്ളിൽ ചൈനയിലുണ്ടായ അഭിവൃദ്ധിയെ അത്യുത്സാഹപൂർവ്വം പുകഴ്ത്തിയിരിക്കുന്നു. ലക്ഷ്യവും മാർഗ്ഗവും വെവ്വേറെയാണെന്നു സിദ്ധാന്തിക്കുന്ന മി. മൊറെയ്സ് ഇപ്പോൾ സാധിച്ചേടത്തോളം നല്ല രാജ്യസ്ഥിതി—മര്യാദക്കാരും അഴിമതിക്കതീതരും ഉത്സാഹശീലരുമായ മനുഷ്യരുൾപ്പെടെയുള്ള ഇന്നത്തെ ചൈനയിലെ സ്ഥിതി—മറേറാതെങ്കിലും മാർഗ്ഗംകൊണ്ടു നേടിക്കളയാമെന്നു വിചാരിക്കുന്നുണ്ടോ? മി. മൊറെയ്സ് പറയും, ഇംഗ്ലണ്ടിലെ മാതിരിയോ മറേറാ ഉള്ള

ഡെമോക്രാററിക്ക് ഭരണസമ്പ്രദായത്തിലൂടെ ഇതൊക്കെ നേടുന്നതാണ് ഉത്തമമെന്ന്. ചൈനയിൽ കാണുന്ന പോലെ രാജ്യാഭിവൃദ്ധി പ്രസ്തുതസമ്പ്രദായത്തിലൂടെ സാധിച്ചതിന്നു നേരിട്ടെടുത്തുകാണിക്കത്തക്ക തെളിവില്ലാതിരിക്കെ അദ്ദേഹത്തിൻെറ ശാപവാദത്തെ എങ്ങനെ വിശ്വസിക്കാം? പറഞ്ഞുപറഞ്ഞ് അങ്ങേയററത്തെത്തുമ്പോൾ അദ്ദേഹം ആവശ്യപ്പെടുന്നതു ജനങ്ങളുടെ ഉന്നമനത്തെക്കാളുമധികം ചിയാങ്ങ് ഭരണത്തിൻെറ തിരിച്ചുവരവാണെന്നു തെളിയും. അതിൽ വ്യക്തിസ്വാതന്ത്ര്യമുണ്ട്, ജനപ്രതിനിധിഭരണമുണ്ട് എന്നൊക്കെയാണ് അദ്ദേഹത്തിൻെറ സമാധാനം. ചിയാങ്ങ് പക്ഷപാതം പ്രത്യക്ഷമായി വെളിപ്പെടുത്തുന്നതിന്നു പകരം അദ്ദേഹം ലക്ഷ്യവും മാർഗ്ഗവും വെവ്വേറെ പരിഗണിക്കണമെന്നു വാദിച്ചുവെന്നേയുള്ളു.

## ഹിററ്ലറുടെ ജർമ്മനി

മി. മൊറെയ്സിൻെറ അഭിപ്രായക്കാർ, "ഓ, ഹിററ്ലറുടെ ജർമ്മനിയിലും മുസ്സോലിനിയുടെ ഇററലിയിലും ഇതുപോലുള്ള സാമ്പത്തികാഭിവൃദ്ധി ഉണ്ടായതല്ലേ?" എന്നു തങ്ങളുടെ വാദത്തിന്ന് ഉപോൽബലകമായി എടുത്തുകാണിക്കാറുണ്ട്. മി. മൊറെയ്സും അതു ചെയ്യുന്നു. മുസ്സോലിനിയെ മറന്നുകളഞ്ഞുവെന്നേ ഉള്ളു. അദ്ദേഹം ഒന്നു മനസ്സിലാക്കണം: ഹിററ്ലറുടെ ജർമ്മനി അതിന്നു മുമ്പത്തെ ജർമ്മനിയേക്കാൾ സാമ്പത്തികമായി കൂടുതൽ പുരോഗമിച്ചിരുന്നില്ല. ജനങ്ങളെസ്സംബന്ധിച്ചേടത്തോ

ളും ഭദ്രമായൊരു സാമ്പത്തികനില കൈവരുത്തുവാൻ ക
ഴിഞ്ഞില്ലെന്നതാണ് പരമാൎത്ഥം. യുദ്ധസജ്ജീകരണങ്ങ
ളുമായി ബന്ധപ്പെട്ടിരുന്നതിനാൽ ഹിററ്ലറുടെ സാമ്പ
ത്തികക്രമം സുഭദ്രമായിരുന്നുവെന്നു കുറെ പേൎക്കു തോന്നി
യിരിക്കാം; അല്ലെങ്കിൽ കുറെ പേർ മററുള്ളവൎക്കു തോന്നി
ച്ചിരിക്കാം—ഇന്ന് അമേരിക്ക ചെയ്യുന്നതുപോലെ. സോ
വിയററ്റഷ്യയിലേയും ചൈനയിലേയും സൎക്കാരുകൾ ഹി
ററ്ലർഭരണത്തിന്റെ പുതിയ പതിപ്പുകൾമാത്രമാണ്
എന്നു മി. മൊറെയ്സിന്നഭിപ്രായമുണ്ടെങ്കിൽ ഒന്നങ്ങോട്ടു
പറയാനുണ്ട്: യുദ്ധവൈഗളിയിൽനിന്നു വിരമിച്ച സമാധാ
നദശയിൽ ഹിററ്ലറുടെ ജൎമ്മനിക്കു സാമ്പത്തികഭദ്രത ഉ
ണ്ടെന്നുള്ള തോന്നൽപോലും നിലനിൎത്താൻ കഴിയുമായി
രുന്നില്ല. റഷ്യയിലേയും ചൈനയിലേയും ജനക്ഷേമസാ
ധകമായിത്തീൎന്നിട്ടുള്ള ഇന്നത്തെ സാമ്പത്തികവ്യവസ്ഥി
തിയാകട്ടെ, ഇന്നത്തെ നേതൃത്വത്തെ അതിജീവിച്ചും അ
തിന്റെ ഭദ്രതയെ കൈവിടാതെ മുന്നോട്ടു പോകാൻ ഇട
യുണ്ട്. ആ വിശ്വാസത്തോടുകൂടിയാണ് കിഴക്കൻജനാ
ധിപത്യരാജ്യങ്ങളും റഷ്യയും ചൈനയുമൊക്കെ യുദ്ധത്തെ
വെറുത്തു സമാധാനത്തിന്നുവേണ്ടി പാടുപെടുന്നത്. യുദ്ധം
ഒരിക്കലും ആ രാജ്യങ്ങൾക്കു ലാഭകരമല്ല, അതവയുടെ
സാമ്പത്തികഭദ്രതയെ തകൎക്കും. വ്യക്തിസ്വാതന്ത്ര്യത്തി
ന്നും നിയമത്തിന്റെ ആധിപത്യത്തിന്നും അരങ്ങൊരുക്കു
ന്നു എന്നഭിമാനിക്കുന്ന ജനപ്രതിനിധിഭരണവുമായി നി
ന്നു ഞെളിയുന്ന പടിഞ്ഞാറൻജനാധിപത്യരാജ്യങ്ങൾക്കു
യുദ്ധം ലാഭകരമാകാം.

## ഡെമോക്രസിയും കമ്യൂണിസവും

ഡെമോക്രസിയെപ്പററിയും കമ്യൂണിസത്തെപ്പററിയും മി: മൊറെയ്സിന്ന് എന്തെല്ലാമോ അഭിപ്രായങ്ങളുണ്ട്. കമ്യൂണിസത്തെപ്പററിയുള്ള അദ്ദേഹത്തിൻെറ അറിവു മാർക്കസും ലെനിനും വായിച്ചുണ്ടായതല്ല എന്നു തോന്നുന്നു. കമ്യൂണിസത്തിന്നെതിരായി അമേരിക്കക്കാരും മററും അടിച്ചിറക്കിയിട്ടുള്ള റിക്കാർട്ടുകളാണ് അദ്ദേഹത്തിന്നു പരമാധാരം. അതുകൊണ്ടു ഡെമോക്രസിയെപ്പററി മറുപക്ഷക്കാരുടെ മതങ്ങൾ അദ്ദേഹത്തെ ധരിപ്പിക്കേണ്ടിവന്നിരിക്കുന്നു. തങ്ങളുടെ ഭരണസമ്പ്രദായം ഡെമോക്രസിയായി കമ്യൂണിസ്ററുകളും അവകാശപ്പെടുന്നുണ്ട്. അതിൽ, പക്ഷേ, ഒരു വിശേഷം: അവരുടെ ഡെമോക്രസിയിൽ നിയമത്തേയും സ്വാതന്ത്ര്യത്തെയും മററും സംബന്ധിച്ച വീമ്പടിക്കൽമാത്രമല്ല ഉള്ളു. വ്യക്തികൾക്കു സാമ്പത്തികമായി സുരക്ഷിതത്വവും സാംസ്കാരികമായി സ്വാതന്ത്ര്യവും അവർ വാഗ്ദാനംചെയ്യുന്നുണ്ട്; എന്നല്ല, അനുഭവപ്പെടുത്തിക്കൊടുക്കുകയും ചെയ്യുന്നുണ്ട്. അവരവരുടെ കഴിവുകളെ യഥായോഗ്യം ഉപയോഗപ്പെടുത്തി തങ്ങളേയും മനുഷ്യരാശിയേയും ഉൽക്കർഷപ്പെടുത്താൻ വ്യക്തികളെ സമർത്ഥരാക്കണമെന്നതാണ് അത്തരം ഡെമോക്രസിയുടെ ലക്ഷ്യം. ഈ വസ്തുത, മി. മൊറെയ്സിന്ന് അരോചകമാകാമെന്നിരുന്നാലും, ഒട്ടും കലർപ്പില്ലാത്ത ഒരു വസ്തുതയാണെന്നു പറഞ്ഞുകൊള്ളട്ടെ.

ഇനി മറെറാരതിപ്രധാനമായ കാര്യം: എല്ലാവർക്കും സാമ്പത്തികമായി സുസ്ഥിതിയുണ്ടാവുന്നില്ലെങ്കിൽ യഥാ

ത്ഥമായ വ്യക്തിസ്വാതന്ത്ര്യവും ഉണ്ടാവാൻ പോകുന്നില്ല എന്നാണ് കമ്യൂണിസത്തിന്റെ സിദ്ധാന്തം. ഇതിനെ ശരിയായ അത്ഥത്തിൽ ധരിക്കാറില്ല പലരും. പിച്ചക്കാരന്നെന്തു വ്യക്തിസ്വാതന്ത്ര്യമാണുള്ളത്? നന്മയും തിന്മയും, അഥവാ ഇഷ്ടവും അനിഷ്ടവും, നോക്കി ഓരോന്നിലും തിരഞ്ഞെടുപ്പു നടത്താൻ അവന്നെന്തവകാശം? ഈ വസ്തുത മി. മൊറെയ്സിനെ പഠിപ്പിക്കേണ്ടതില്ലെന്നു കരുതുന്നു. ഭക്ഷണത്തിന്നും മററത്യാവശ്യങ്ങൾക്കുംവേണ്ടി വെമ്പുന്ന ഒരുവന്നുള്ള, അഥവാ ഉണ്ടാകേണ്ട, സ്വാതന്ത്ര്യം എജമാനനെ പ്രീതിപ്പെടുത്തി ഏതാനും ചെമ്പുതുട്ടുകൾ കൈക്കലാക്കാൻമാത്രമാണ്. ആഹാരനീഹാരങ്ങളോടുകൂടി ജീവിക്കുക എന്നുള്ള പ്രാഥമികകാൎയ്യത്തിന്റെ മീതെയുള്ളതാണ് നാം വിവക്ഷിക്കുന്ന വ്യക്തിസ്വാതന്ത്ര്യവും നിയമദീക്ഷയും ഡെമോക്രസിയും മററും. കുറെ സ്വത്തുണ്ടാക്കി ജീവനോപായം ഉറപ്പിച്ചിട്ടുള്ള മാന്യന്മാൎക്കു വ്യക്തിസ്വാതന്ത്ര്യാദികളിൽ ആവേശം കൊള്ളാം. മേല്പറഞ്ഞവക്ക് അതിന്നാവുകയില്ല. തന്നിമിത്തം സാമൂഹ്യപരിണാമത്തിന്റെ ഇന്നത്തെ പതനത്തിൽ കമ്യൂണിസം എല്ലാവരുടേയും സാമ്പത്തികമായ സുസ്ഥിതിക്കുവേണ്ടി സർവ്വോപരി ശ്രമപ്പെടുന്നു. അതിനെപ്പററി വെറുതെ പ്രസംഗിച്ചടങ്ങുകയല്ല കമ്യൂണിസ്ററുകൾ ചെയ്യുന്നത്. കഴിയുന്നത്ര വേഗത്തിൽ ആ സുസ്ഥിതി കൈവരുത്താനാണ് അവരുടെ ഉത്സാഹം. കമ്യൂണിസ്ററുകൾ സാമ്പത്തികമായ സുരക്ഷിതത്വത്തിന്നുവേണ്ടി വ്യക്തിസ്വാതന്ത്ര്യത്തെ ഹോമിക്കുന്നു എന്നുള്ള വാദം തലതിരിപ്പന്മാർ മനഃപൂർവ്വം കെട്ടിപ്പൊക്കുന്നതാണ്. കമ്യൂണിസ്ററു

കഥ ജനങ്ങളുടെ പരക്കേയുള്ള സാമ്പത്തികഭദ്രതയ്ക്കുവേണ്ടി നടപ്പാക്കുന്ന പരിപാടിക്കെതിരായിത്തീരുന്നവരോടു കടുത്ത നടപടികളെടുക്കും. അതു വ്യക്തിസ്വാതന്ത്ര്യത്തെ നശിപ്പിക്കാനല്ല, ഇല്ലാത്തവർക്കുണ്ടാക്കിക്കൊടുക്കാനാണ്. കരിഞ്ചന്തക്കാരെ തൂക്കിലിടുമെന്നു പറഞ്ഞുനടക്കാറില്ല അവർ; തൂക്കിലിടുകയേ പതിവുള്ളു.

മി. മൊറെയ്സ് പുകഴ്ത്തുന്ന ഡെമോക്രസി സാമ്പത്തികഭദ്രതയേയും വ്യക്തിസ്വാതന്ത്ര്യത്തേയും മററും വാഗ്ദാനംചെയ്യുന്നുണ്ട്. പക്ഷേ എത്ര പേർക്കവ കിട്ടും? എല്ലാവർക്കും കിട്ടുമെന്ന് അത് ഉറപ്പു കൊടുക്കുന്നില്ല. ഇന്നത്തെ നിലവാരത്തിൽ ഇതൊക്കെ അനുഭവപ്പെടുന്നത് അഞ്ചോ പത്തോ ശതമാനത്തിന്നുമാത്രമാണ് — അതോ, തൊണ്ണൂറുതൊട്ടു തൊണ്ണൂററഞ്ചുവരെ ശതമാനത്തിന്നു നിഷേധിച്ചുകൊണ്ടും. മി. മൊറെയ്സ് ആ ഭാഗ്യപ്പെട്ട അഞ്ചോ പത്തോ ശതമാനത്തിന്നുവേണ്ടി കണ്ണീർ വാർക്കുന്നുണ്ടെങ്കിൽ അതദ്ദേഹം ആ വർഗ്ഗത്തിൽപ്പെട്ടുനില്ക്കുന്നതുകൊണ്ടാവാം. ചാകുന്ന പക്ഷിയെ മറന്ന് അതിൻെറ തൂവലിന്നുവേണ്ടി കരയുന്നവരെന്നു ചുരുക്കം!

## സദ്യഃഫലഗവേഷണവും അസദ്യഃഫലഗവേഷണവും

ചൈനയിലും റഷ്യയിലും മൌലികഗവേഷണത്തിന്നു വേണ്ടത്ര പ്രോത്സാഹനമില്ലെന്ന് ഒരഭിപ്രായം പരന്നിട്ടുണ്ട്. മി. മൊറെയ്സ് അതും എടുത്തുപിടിച്ചിരിക്കുന്നു. ഇവിടെ മൌലികഗവേഷണമെന്നുവെച്ചാൽ എന്തെ

നു നിർവ്വചിക്കേണ്ടതുണ്ട്. മനുഷ്യൻെറ ആവശ്യങ്ങളെ നേരിട്ടു സ്പൃശിക്കുന്ന വിഷയങ്ങളിൽ ചെയ്യുന്ന ഗവേഷണത്തെയാണ് മൗലികഗവേഷണമായി കണക്കാക്കേണ്ടത്. അതിനെ സദ്യഃഫലഗവേഷണമെന്നു വിളിക്കുകയാണ് ഭേദം. മലമ്പനിക്കു കാരണമാകുന്ന രോഗാണുവിൻെറ ജീവിതചക്രത്തെ അപഗ്രഥിച്ചു പഠിക്കുന്നതു സദ്യഃഫലഗവേഷണത്തിന്നു് ഉദാഹരണമാണ്. മറിച്ച്, സൌരമണ്ഡലത്തിൻെറ അകത്തെ ഉഷ്ണമാത്രയിൽ വരുന്ന മാററങ്ങളെ തിട്ടപ്പെടുത്തി മനസ്സിലാക്കുന്നതു രണ്ടാമത്തെ തരം ഗവേഷണമാണ്. ഒന്നാമത്തേതു മലമ്പനിയെ തുരത്തി മനുഷ്യജീവിതത്തെ കൂടുതൽ സുരക്ഷിതമാക്കാനുള്ള ശ്രമമാകയാൽ അതിൻെറ വില ഏററവും വലുതാണ്. രണ്ടാമത്തേതാകട്ടെ, നേരിട്ടുപയോഗമുള്ളതല്ല; ഹൈഡ്രജൻബോംബും മററുമുണ്ടാക്കാൻ പററുമെന്നുമാത്രം. ചൈനയും റഷ്യയും മററും പ്രാധാന്യം കല്പിക്കുന്നതു ജീവസന്ധാരണവിഷയകങ്ങളായ ഗവേഷണങ്ങൾക്കാണ്. ഈ രാജ്യങ്ങൾ ശാസ്ത്രപുരോഗതിയിൽ ശ്രദ്ധിക്കുന്നില്ലെന്നുള്ള വാദം ശുദ്ധമേ അബദ്ധമാണ്. ഡയലക്ററിക്കൽ മെററീരിയലിസത്തെ ആധാരമാക്കിക്കൊണ്ടുള്ള ഒരു ഫിലോസഫിയാണ് അവയ്ക്കുള്ളതെന്നു വരുമ്പോൾ അവയോളം ശാസ്ത്രപക്ഷപാതം മറെറാരു രാജ്യത്തിന്നുമുണ്ടാകുമെന്നു തോന്നുന്നില്ല.

## വിചിത്രമായ വ്യക്തിസ്വാതന്ത്ര്യം

മി. മൊറെയ്സ് ചൈനയിലെ മെഡിക്കൽഡിഗ്രിക്കാരുടെ അനുഭവത്തെ ചൂണ്ടിക്കാണിച്ചുകൊണ്ടു പിന്നെ

യും വ്യക്തിസ്വാതന്ത്ര്യവാദത്തെ കുത്തിപ്പൊക്കുന്നു. മെഡിക്കൽഡിഗ്രിയെടുത്തവരോടു ഗ്രാമങ്ങളിൽ പോയി ജോലിചെയ്യാൻ ആജ്ഞാപിച്ചിട്ടുള്ളതു ഡെമോക്രസിയിൽ കിട്ടാവുന്ന വ്യക്തിസ്വാതന്ത്ര്യത്തിന്നെതിരാണത്രേ. ഇതൊരു ചിന്താക്കുഴപ്പത്തിൻെറ ദൃഷ്ടാന്തമാണ്. ഒരു മെഡിക്കൽഗ്രാഡ്യുവേററ് ആ നിലയിലെത്തി രോഗികളെ ചികിത്സിച്ചു രക്ഷപ്പെടുത്താറായതു് ഏതേതു സാമൂഹ്യാനുകൂല്യങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ടാണെന്നു മി. മൊറെയ്സ് ആലോചിച്ചിട്ടുണ്ടോ? അദ്ദേഹത്തിൻെറ ഡെമോക്രസിയിൽത്തന്നെ മെഡിക്കൽഗ്രാഡ്യുവേററിന്നു്, തനിക്കനുഭവപ്പെട്ടിട്ടുള്ള ഉയൎന്ന സാംസ്കാരികാനുകൂല്യത്തിൻെറ പേരിൽ, ഗവൎമ്മെണ്ടിനോടും ജനതയോടും ഒരു കടപ്പാടുണ്ടു്. അയാളും ഗവൎമ്മെണ്ടും തമ്മിൽ സാമൂഹ്യാൎത്ഥകമായ ഒരുടമ്പടിതന്നെ ഉണ്ടെന്നു പറയാം. യുക്തമായി തോന്നിയാൽ അയാളെ ഗ്രാമത്തിലേയ്ക്കു നിയമിച്ചയയ്ക്കാൻ ഗവൎമ്മെണ്ടിന്നധികാരമുണ്ടു്. ഇന്ത്യയിലും ഈ നടപടി വളരെ താമസിയാതെ വേണ്ടിവരും.

എന്തുകൊണ്ടാണ് മെഡിക്കൽഡിഗ്രിയെടുത്തവർ ഗ്രാമങ്ങളിൽ പോകാനിഷ്ടപ്പെടാത്തതു്? കച്ചവടമനഃസ്ഥിതി നടമാടുന്ന ഇക്കാലത്തു്, മതത്തിൻെറ പ്രവൎത്തനം പോലും ബിസിനസ്സായിത്തീൎന്നിട്ടുള്ള ഇക്കാലത്തു്, ഡോക്ടരുടെ ജോലിയും വെറുമൊരു ബിസിനസ്സായിരിക്കുകയാണ്. വ്യഭിചാരത്തിൻെറ തൊട്ടനുജനായിരിക്കുന്നു മെഡിക്കൽപ്രൊഫെഷൻ. ചികിത്സിച്ചു സുഖപ്പെടുത്തുക എന്നുള്ള അത്യുദാരവൃത്തിയിൽനിന്നു വളരെ കീഴോട്ടു

ങ്ങി അതിപ്പോൾ ഒരു ലാഭക്കച്ചോടമായിരിക്കുന്നു. ആ നിലയിൽ അതിന്നുള്ള രംഗം വില്ലേജല്ല, പട്ടണമാണ്. ആ ഒരൊററക്കാരണംകൊണ്ടാണ് ഡോക്ടർമാർ വില്ലേജിൽ പോകാനിഷ്ടപ്പെടാത്തത്. അപ്പോൾ, ഡോക്ടർമാരെ വില്ലേജിലേയ്ക്ക് അയയ്ക്കാതെ പട്ടണങ്ങളിൽ ബിസിനസ്സുമായിക്കഴിയാൻ അനുവദിക്കണമെന്നു വാദിക്കുന്നതു സാംസ്കാരികമായ വ്യക്തിസ്വാതന്ത്ര്യത്തിൻെറ പേരിലാണോ, അതോ വെറും ലാഭക്കൊതിയുടെ പേരിലോ?

ചൈനയിൽ ഡോക്ടർജോലി ഒരു ബിസിനസ്സല്ല. മനുഷ്യരെ രോഗത്തിൻെറ പിടിയിൽനിന്നു വിടുത്തിയെടുക്കാനേ പ്രസ്തുതജോലി വിധിക്കപ്പെട്ടിട്ടുള്ളു. അവിടെ എല്ലാ ഡോക്ടർമാരും സക്കാരിൻെറ കീഴിൽ പ്രവൎത്തിക്കുന്നവരാണ്. സക്കാരിന്നു യുക്തമായിത്തോന്നിയ ഇടങ്ങളിലേയ്ക്ക് അവരെ നിയമിക്കും. അവിടെ പോയി നിൎദ്ദിഷ്ടജോലികൾ ചെയ്യേണ്ടതു് അവരുടെ ചുമതലയാണ്. നമ്മുടെ ഈ രാജ്യത്തും സക്കാർമെഡിക്കൽസൎവ്വീസ് ഉണ്ടല്ലോ. അതിൽ ഡോക്ടർമാരെ അപ്പപ്പോൾ വേണമെന്നു തോന്നുന്ന സ്ഥലങ്ങളിലേയ്ക്കു നിയമിച്ചയയ്ക്കുകയല്ലേ സക്കാർ ചെയ്യുന്നതു്?

പൊതുവെ മി. മൊറെയ്സിൻെറ വാദങ്ങൾ പൊള്ളയാണ്. മറെറാന്നും കിട്ടാഞ്ഞതിനാൽ പഴയ കമ്മട്ടത്തിലുള്ള കുറെ കുരുട്ടുവാദങ്ങൾ അദ്ദേഹം കെട്ടിവലിച്ചുകൊണ്ടുവന്നു എന്നുമാത്രം.

* മി. മൊറെയ്സിൻെറ വാദമുഖങ്ങളെ പരിശോധിച്ചുകൊണ്ടു മി. കെ. കെയിൻ 'ഫാക്ക്സ്' ആഴ്ചപ്പതിപ്പിൽ എഴുതിയ ലേഖനത്തിൻെറ ചുരുക്കം.

# ഏഷ്യയിലെ അമേരിക്കൻനയം

രണ്ടാംലോകമഹായുദ്ധത്തിനുശേഷം ഏഷ്യൻരാഷ്ട്രങ്ങൾ ഏറെക്കുറെ സ്വാതന്ത്ര്യങ്ങളായിത്തീർന്നിരിക്കുകയാണല്ലോ. അവ ഓരോന്നിലും വെള്ളക്കാരനുണ്ടായിരുന്ന പരമാധികാരം ക്ഷയിച്ചുക്ഷയിച്ചുവരികയാണ്. ദേശാഭിമാനോത്തേജിതങ്ങളായ ഈ രാഷ്ട്രങ്ങൾ എല്ലാവിധത്തിലും അഭിവൃദ്ധിപ്പെട്ടു മുന്നേറുവാൻ കൊണ്ടുപിടിച്ചുത്സാഹിക്കുകയാണിപ്പോൾ. ഈ സന്ധിയിൽ സമ്പത്തിൻെറ അക്ഷയപാത്രമെന്നു വിളിപ്പെട്ട അമേരിക്ക മുൻകൈയെടുത്തു ലോകരാഷ്ട്രസംഘടന എന്നൊന്നു തട്ടിപ്പടച്ചുണ്ടാക്കുകയും അതിൻെറ അമരത്തിരുന്ന് അധഃകൃതരാഷ്ട്രങ്ങൾക്കും യുദ്ധത്തിൽവെച്ചു തകൎന്നു തരിപ്പണമായ രാഷ്ട്രങ്ങൾക്കും ഡോളർഹസ്തം നീട്ടിക്കാണിക്കുകയും ചെയ്തിരിക്കുന്നു. ക്ലേശാകുലമായ രാഷ്ട്രമേതൊന്നോ, അതിനെ തികഞ്ഞ സൌമനസ്യത്തോടുകൂടി സഹായിച്ചുദ്ധരിക്കുക എന്നതാണ് തങ്ങളുടെ പരിപാടിയെന്ന് അമേരിക്കൻവക്താക്കൾ വീണ്ടും വീണ്ടും പ്രസംഗിക്കുന്നുണ്ട്. ഇന്ത്യയിൽത്തന്നെ ഡോളർസഹായം പലവിധത്തിലും വിതരണംചെയ്യുന്നതിൽ അമേരിക്കയ്ക്കുള്ള ഉത്സാഹം കുറച്ചൊന്നുമല്ല. അമേരിക്കനംബാസിഡറായിരുന്ന ചെസ്റ്റർ ബൌൾസ് പറഞ്ഞിട്ടുണ്ട്, ഇന്ത്യയെപ്പോലുള്ള രാഷ്ട്രങ്ങളെ എന്തു ചെയ്തും സ

ഹായിക്കാൻ അമേരിക്ക ഒരുങ്ങിയിരിക്കുകയാണ് എന്ന്. കലർപ്പററ മനുഷ്യസ്നേഹമൊന്നുമാത്രമാണ് അമേരിക്കയ്ക്ക് അതിൽ പ്രേരകമെന്നും ചെസ്റ്റർ ബൌൾസ് അവകാശപ്പെട്ടിരിക്കുന്നു. അമേരിക്കൻസഹായത്തിൻെറ പിന്നിൽ യാതൊരു രാഷ്ട്രീയതാൽപര്യവും ഇല്ലെന്നാണ് അദ്ദേഹത്തിൻെറ വാദം. ചെസ്റ്റർ ബൌൾസിൻെറ ഈ വാദഗതിയെ നൂറുശതമാനവും ശരിവെയ്ക്കുന്നവർ ഇന്നാട്ടിൽ ധാരാളമാണ്. കോൺഗ്രസ്സിൻെറ നേതാക്കളിൽ മിക്കവരും അമേരിക്കയുടെ മനുഷ്യസ്നേഹാത്മകമായ പരിപാടിയെ കണക്കററഭിനന്ദിക്കുന്നു. പ്രതിപക്ഷക്കാരെന്ന് ഇടയ്ക്കും തലയ്ക്കും അവകാശപ്പെടാറുള്ള സോഷ്യലിസ്റ്റ്കാരും അമേരിക്കൻസൌജന്യത്തെ സ്വാഗതംചെയ്യാൻ മടിക്കുന്നില്ല. സോഷ്യലിസ്ററുകാരുമായി യോജിച്ചിട്ടുള്ള കൃപലാനിക്കക്ഷിക്കും മറിച്ചൊരഭിപ്രായമുണ്ടാകുമെന്നു കരുതാൻ വയ്യ. ശ്യാമപ്രസാദ് മുക്കർജിയെപ്പോലുള്ള ഹിന്ദുയാഥാസ്ഥിതികകക്ഷിത്തലവന്മാർ ഇന്ത്യയുടെ സ്വാതന്ത്ര്യമായ നിലയ്ക്കു കോട്ടം വരാത്തവിധത്തിൽ അമേരിക്കൻ സഹായമെന്നല്ല, ഏതു സഹായവും കൈക്കൊള്ളാമെന്ന അഭിപ്രായക്കാരിരുന്നു. ഇങ്ങനെ പല ഗ്രൂപ്പുകളുടേയും ഹസ്തഘോഷം ഉയന്നതോടെ ഇന്ത്യയിൽ അങ്ങോളമിങ്ങോളം ഒരമേരിക്കൻപക്ഷപാതം കടന്നുകൂടിയിട്ടില്ലയോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. യാതൊരു ലോപവുമില്ലാതെ കോടിക്കണക്കിന്നു ഡോളറങ്ങനെ വാരിവിതറുന്ന ഒരു രാജ്യത്തിന്നു വെറും മനുഷ്യസ്നേഹംമാത്രമാണ് പ്രേരകമെന്നു വിശ്വസിക്കാൻ പ്രയാസമാവുകയാൽ ഇന്ത്യയിലെ വിപ്ലവകക്ഷികൾ പൊതുവേ ഇന്നത്തെ അമേരിക്കൻനയത്തിന്നു

മററാത്ഥങ്ങൾ കല്പിക്കുന്നില്ലെന്നില്ല. പക്ഷേ ദാനം കിട്ടുന്ന പശുവിൻെറ പല്ല് എണ്ണണമോ എന്ന വാദക്കാരുടെ പ്രഭാഷണങ്ങൾകൊണ്ടു ശബ്ദായമാനമായ ഒരന്തരീക്ഷത്തിൽ പ്രതിപക്ഷത്തിൻെറ അത്ഥകല്പനകൾ അമന്നു പോവുകയാണ്. വിപ്ലവകക്ഷികൾ മറേറതോ താൽപയ്യങ്ങൾ വെച്ചുകൊണ്ടാണ് അമേരിക്കൻസഹായത്തെ അപലപിക്കുന്നതെന്നു സമാധാനിക്കുന്നൊരു മനസ്ഥിതി എങ്ങനെയോ ജനങ്ങൾക്കുണ്ടായിരിക്കുന്നു. ആ സ്ഥിതിക്ക് അമേരിക്കൻപരിപാടിയെ നാം സ്വയമേവ വിമശിച്ചിട്ടൊരു കായ്യവുമില്ലല്ലോ. എന്നാൽ ഡോളർസഹായത്തെപ്പററി അമേരിക്കയുടെ ഒന്നാംകിട അഭിഭാഷകന്മാർ എന്തു പറയുന്നു എന്നറിയുന്നതു നന്നായിരിക്കും. അവരുടെ അഭിപ്രായങ്ങളെസ്സംബന്ധിച്ചു മററാരോപണങ്ങൾക്കു വഴിയില്ലല്ലോ. ഒരൊന്നാന്തരം അമേരിക്കൻവക്താവായ ഓവൻ ലാററിമോർ എഴുതിയിട്ടുള്ള The Situation in Asia എന്ന കൃതി വായിച്ചപ്പോൾ അദ്ദേഹത്തിൻെറ പല പ്രസ്താവനകളും ഈയിടെ അമേരിക്കൻകമ്യൂണിററിപ്രോജക്ടിൽപ്പെട്ടമ്പരന്നിരിക്കുന്ന ഇന്ത്യക്കാക്കു പ്രയോജനകരമായേയ്ക്കുമെന്നെനിക്കു തോന്നി.

അമേരിക്കക്കാരോടു പറയുന്ന തരത്തിലെഴുതിയിട്ടുള്ള ആ പുസ്തകത്തിൻെറ തുടക്കത്തിൽ ലാററിമോർ പറയുകയാണ്: “ഏഷ്യ പിടിയിൽനിന്നു വിട്ടിരിക്കുന്നു........അറേബിയതൊട്ടു ചൈനയുൾപ്പെടെയുള്ള രാജ്യങ്ങളിൽ സൈനികശക്തിയുപയോഗിച്ചു നമ്മുടെ ഏതെങ്കിലും തരത്തിലുള്ള അധികാരം നിലനിത്താൻ ഇന്നു സാദ്ധ്യമല്ല. ആധുനികരീതിയിലുള്ള സജ്ജീകരണ

ങ്ങളോടുകൂടിയ യുദ്ധപരിപാടിക്കു വലിയ കൈച്ചെല വൊന്നും ആവശ്യപ്പെടാത്ത ഗറില്ലകളിൽനിന്നുണ്ടാവു ന്ന പരാജയം വമ്പിച്ച നഷ്ടത്തെ വരുത്തിവെയ്ക്കുമെന്നു് അനുഭവം വിളിച്ചുപറയുന്നു. നമ്മുടെ പരിപാടി എത്ര ത്തോളം ശാസ്ത്രീയവും ആധുനികവുമാണോ, അത്രത്തോ ളം വമ്പിച്ചതാവും നഷ്ടവും. ആററംബോമ്പിട്ടു മനുഷ്യ രാശിയെ അമ്പരപ്പിക്കുക എന്നതു ഭ്രാന്തന്മാർ യോജിച്ച നയമാണു്. ഒരടിക്കു തകർത്തുകളയേണ്ട ബ്രഹ്മാണ്ഡശ ക്തികേന്ദ്രങ്ങളൊന്നും ഏഷ്യൻരാജ്യങ്ങളിലില്ല. പിന്നെ ആററംബോമ്പിട്ടുണ്ടാകുന്ന ജനനാശവും മററും അമേരി ക്കയ്ക്കുപോലും നികത്തുവാൻ കഴിയാത്ത ഒന്നാണുതാനും. ഇനി ഭക്ഷണം കൊടുക്കാതേയും മററും ഏഷ്യയെ കാല്ക്കൽ വീഴ്ത്താമെന്നു കരുതുന്നതും അബദ്ധം. ദീർഘകാലം വമ്പി ച്ചൊരു സൈന്യത്തോടു ചെറുത്തുനില്ക്കാൻമാത്രം ഭക്ഷ്യ സാധനങ്ങൾ ആ രാജ്യങ്ങളിൽ സ്വതേ വിളയുന്നുണ്ടു്. അവയോളംതന്നെ ഒരു ബ്ലോക്കേഡിന്നടിപ്പെട്ടുനി ല്ക്കാൻ നമ്മെക്കൊണ്ടാവില്ല. എണ്ണയും റബ്ബറും ടിന്നും കുരുമുളകും മററും കിട്ടാത്തതുകൊണ്ടു നമുക്കുണ്ടാവുന്നേട ത്തോളം ക്ലേശം, നമ്മുടെ പണവും നമ്മുടെ ട്രാക്ടറും നമ്മു ടെ തുണിത്തരങ്ങളും നമ്മുടെ യന്ത്രങ്ങളും മററും കിട്ടാത്ത തുകൊണ്ടു്, ഏഷ്യക്കാർക്കുണ്ടാവില്ല. ചുരുക്കത്തിൽ ഏഷ്യ യെ ലോകത്തിലെ ഒരു പ്രധാനഘടകമായി അംഗീകരി ക്കേണ്ട കാലം വന്നുകഴിഞ്ഞിരിക്കുന്നു. ഇരുപതാംനൂററാ ണ്ടിൻെറ തുടക്കംവരെ നാമും യൂറോപ്യൻശക്തികളും ഒററ ക്കെട്ടായിനിന്നു ചെയ്തിരുന്നതുപോലെ, മേലിൽ ഏഷ്യൻ രാഷ്ട്രങ്ങളെ വരച്ച വരയിൽ നിർത്തുവാൻ സാദ്ധ്യമല്ല. ഇ

നി ഒരൊററ പോംവഴിയേ ഉള്ളു: കൂടിയാലോചന. കൂടിയാലോചനകളുടെ നേട്ടങ്ങളിന്മേൽ നമുക്കെന്നപോലെ ആ രാഷ്ട്രങ്ങൾക്കും ചാരിതാൎത്ഥ്യമുണ്ടാവണം. എന്നുവെച്ചാൽ നമ്മുടെ കൂടിയാലോചന അത്തരത്തിലായിരിക്കണമെന്നൎത്ഥം."

ഇതിൽനിന്നു വെളിപ്പെടുന്നതു് ഏഷ്യൻരാഷ്ട്രങ്ങളോടു പണ്ടത്തെ രീതിയിൽ പെരുമാറിയാൽ പോരെന്നു സാമ്രാജ്യശക്തികൾ മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നുവെന്നാണു്. തല്ക്കാലത്തേയ്ക്കു തോക്കും ബോമ്പും മാററിവെച്ചു തന്ത്രകുശലമായ ഒരു നയംകൊണ്ടു പ്രസ്തുതരാഷ്ട്രങ്ങളെ സ്വാധീനിക്കാൻ ശ്രമിക്കണമെന്നുമാണു് ലാററിമോറിൻെറ അഭിപ്രായം. പുസ്തകത്തിൻെറ ഒടുവിൽ അപ്രകാരമൊരു നയം കൊണ്ടുവരേണ്ടതെങ്ങനെ എന്നതിനെക്കുറിച്ചദ്ദേഹം പറയുന്നു:

(1) "നമ്മുടെ സ്വാധീനവലയത്തിൽ നില്ക്കേണ്ട രാഷ്ട്രങ്ങളിലെ ഇന്നത്തെ രാഷ്ട്രീയനിലവാരത്തെക്കുറിച്ചു സൂക്ഷിച്ചു പഠിക്കണം. വളരെ ശക്തിയോടുകൂടി ഒരു വഴിക്കു പൊയ്ക്കൊണ്ടിരിക്കുന്ന രാഷ്ട്രീയാഭിപ്രായത്തെ പെട്ടെന്നു തടുത്തുനിത്താൻ സാദ്ധ്യമല്ല. പക്ഷേ കുറേശ്ശെയായി അതിനെ വഴി തെററിക്കാം. നിയന്ത്രിച്ചുനിത്താൻ സാധിക്കാത്തതിനെ പതുക്കെപ്പതുക്കെ പിന്നാലെ കൂടിയാൽ സ്വാധീനത്തിൽ കൊണ്ടുവരാം. അതുപോലെതന്നെ സ്വതേ ശക്തിയില്ലാത്ത ഒരു രാഷ്ട്രീയാഭിപ്രായഗതിയെ വേണമെന്നുണ്ടെങ്കിൽ സഹായിച്ചു ശക്തിപ്പെടുത്തി ശരിയായ വഴിക്കാക്കാനും പാടുണ്ടു്. അപ്പോൾ അതാതു രാഷ്ട്രങ്ങ

ളിലെ അഭിപ്രായഗതികളിൽ ഏതിനെ തീരഞ്ഞും അടി ച്ചമത്താം, ഏതിനെ നിയന്ത്രിച്ചുനിത്താം, ഏതിനെ സ്വാധീനിച്ചു നന്നാക്കാം, ഏതിനെ പ്രോത്സാഹിപ്പിച്ചു വശീകരിക്കാം എന്നെല്ലാം പഠിച്ചറിഞ്ഞിട്ടു വേണം നമ്മു ടെ കഴിവുകളെ ഉപയോഗപ്പെടുത്താൻ. നമുക്കെന്തെല്ലാം കൊടുക്കാൻ കഴിയും, നമുക്കെന്തെല്ലാം വാങ്ങാൻ കഴിയും —ഈ രണ്ടിനേയും പൊരുത്തപ്പെടുത്തിയിട്ടേ നമ്മുടെ ക ഴിവുകളെ കമ്പോളത്തിലിറക്കിക്കൂടൂ.

(2) "അടുത്ത ഏതാനും കൊല്ലത്തിനുള്ളിൽ ഏഷ്യ യിൽ നമ്മുടെ നിയന്ത്രണമേഖല ഇന്നത്തേതിലും ചുരു ങ്ങിപ്പോകാനാണ് എളുപ്പം. ഏഷ്യയെ സ്വാധീനി ക്കാൻ റഷ്യയ്ക്കുള്ള കഴിവ്, നമ്മുടെ നിയന്ത്രണമേഖല ചു രുങ്ങുന്നതിനോടൊപ്പം, വദ്ധിക്കുകയില്ലെന്നു വിചാരിക്കു ന്നതു തെററാവും. നമ്മുടേയും റഷ്യയുടേയും നട്ടക്കണ്ടാ വാൻ പോകുന്നതു് ഒരുതരം 'മൂന്നാംരാഷ്ട്ര'ങ്ങളാണ്. അ വ സ്വതേ നമ്മോടൊത്തുനില്ക്കുമെന്നു വിചാരിച്ചുകൂടാ. പക്ഷേ നാമായിട്ടിടപാടുണ്ടായാൽ മിക്കവാറും നമ്മോടൊ ത്തുപോന്നേയ്ക്കാം. റഷ്യയായിട്ടും ഇടപാടുണ്ടാവാം അവ യ്ക്ക്. എന്നാൽ അവ സോഷിയററിൻെറ കളിപ്പാട്ടങ്ങളാ കാൻ ഇടയില്ല. ഈ 'മൂന്നാംരാഷ്ട്ര'ങ്ങളുടെ കൂട്ടത്തിൽ ചേരാൻ ഇന്ത്യയും പാക്കിസ്ഥാനും തയ്യാറാകും. യൂറോപ്പിൽ ത്തന്നെ സ്വീഡനും നോർവേയും ഡെന്മാക്കും യൂഗോസ്ലാ വിയയും ഫ്രാൻസും ഇററലിയുമൊക്കെത്തന്നെ 'മൂന്നാംരാ ഷ്ട്ര'ങ്ങളായേയ്ക്കും. ഇപ്പറഞ്ഞ രാഷ്ട്രങ്ങളെല്ലാംകൂടി ഒരു മൂന്നാംചേരി സൃഷ്ടിക്കുന്നതും കൊള്ളാം.

(3) "അമേരിക്ക സ്വകാര്യവ്യവസായത്തിൻെറ ഏററവും വലിയ ശക്തികേന്ദ്രമാണ്. ലോകത്തിലെ ഏതു വമ്പിച്ച ഏർപ്പാടും സ്വകാര്യവ്യവസായത്തിൻെറ അടിസ്ഥാനത്തിൽ കരാറെടുത്തു നടത്താൻ അമേരിക്കയെക്കൊണ്ടാവും. അന്യരാജ്യങ്ങളിലെ അത്തരം കരാറുകൾ അമേരിക്കൻസുസ്ഥിതിക്ക് അത്യാവശ്യവുമാണ്. സ്വകാര്യവ്യവസായത്തിൻെറ പ്രതിനിധി എന്ന നിലയിൽ അമേരിക്ക മിക്കവാറും ഒററപ്പെട്ടിരിക്കുന്നു. ബ്രിട്ടൻമാത്രമേ ഒരുററമിത്രമായുണ്ടായിരുന്നുള്ളു. എന്നാൽ ഇന്നത്തെ ബ്രിട്ടൻ കുറേശ്ശ വഴി മാറുന്നു—സോഷ്യലൈസേഷൻവഴി. ടോറിഗവമ്മെണ്ടിന്നുപോലും ബ്രിട്ടൻെറ ഈ പോക്കിനെ അന്യഥാകരിക്കാനാവില്ല. അമേരിക്കയിൽത്തന്നെയും സ്വകാര്യവ്യവസായത്തിന്നുള്ള പരിതസ്ഥിതി മാറിക്കൊണ്ടിരിക്കയാണ്. കൂടുതൽ വിപുലമായ പ്രവർത്തനരംഗം അമേരിക്കൻസ്വകാര്യവ്യവസായത്തിന്നു മററു രാജ്യങ്ങളിൽ പിടിച്ചുപറേറണ്ടിയിരിക്കുന്നു."

ഇത്രയും പറഞ്ഞതിൽനിന്ന് അമേരിക്കൻനയത്തിൻെറ മർമ്മങ്ങൾ വെളിവാകുന്നുണ്ട്.

(1) ഏഷ്യയിലെ രാഷ്ട്രീയാഭിപ്രായങ്ങളെ (രാഷ്ട്രീയകക്ഷികളെ) വഴിതെററിച്ചു സ്വാധീനിക്കുക.

(2) ഏഷ്യൻരാഷ്ട്രങ്ങളെ മൂന്നാംചേരിയിലേയ്ക്ക് അടിച്ചുകേററുക.

(3) സ്വന്തം നിലനില്പിന്നുവേണ്ടി സ്വകാര്യകരാറുകളിന്മേൽ എവിടേയും വ്യവസായക്കോയ്മ ഏർപ്പെടുത്തുക.

രാഷ്ട്രീയവും സാമ്പത്തികവും സാമ്രാജ്യപരവുമായ ഈ ഉദ്ദേശങ്ങളുടെ വെളിച്ചത്തിൽ അമേരിക്കനെമ്പസിയുടെ ഇന്ത്യയിലെ പ്രവൎത്തനത്തെ അപോദ്ധരിച്ചുനോക്കേണ്ടതാണു്. ജനങ്ങളിൽ കഴിയുന്നേടത്തോളം കോൺഗ്രസ്സനുഭാവത്തെ ഊജ്ജിതപ്പെടുത്താൻ അമേരിക്കനെമ്പസി ഉത്സാഹിക്കുന്നുണ്ടു്. കോൺഗ്രസ്സിൻെറ ശക്തി ക്ഷയിക്കുന്നില്ലേ എന്നു് എമ്പസിക്കറിയാം. തന്നിമിത്തം കോൺഗ്രസ്സനുഭാവം കുറഞ്ഞ ഇന്ത്യയിലെ ബഹുജനങ്ങളെ മറെറാരു പാർട്ടിയുടെ കീഴിൽ പിടിച്ചുകെട്ടണമെന്നു ചെസ്റ്റർ ബൌൾസും മററും നിർദ്ദേശിച്ചു. ഏതാണതിനു പററിയ കക്ഷി? 'മൂന്നാംചേരി'ക്കുവേണ്ടി വാദിക്കുന്ന വല്ല കക്ഷിയും ഇന്ത്യയിലുണ്ടെങ്കിൽ അതിനെ ഉപയോഗപ്പെടുത്തുന്നതാണു് ഉത്തമമെന്നു ലാററിമോർ പറയുന്നു. എത്ര ദുർബ്ബലമാണോ ആ കക്ഷി, അത്രയും എളുപ്പമാണു് അതിനെ പാട്ടിലാക്കുന്നതു് എന്നും അദ്ദേഹത്തിന്നഭിപ്രായമുണ്ടു്. 'മാഞ്ചസ്റ്റർ ഗാർഡിയ'ൻെറ ഭാഷയിൽ ഇൻഡ്യൻ 'രാഷ്ട്രീയ'ത്തിലെ ഏററവും വലിയ നിരാശയായ കെ. എം. പി_സോഷ്യലിസ്റ്റ് പാർട്ടിയല്ലെങ്കിൽ മറെറന്താണിതിന്നുപകരിക്കുക?

ലാററിമോർ എടുത്തുപറഞ്ഞിട്ടുള്ള സാമ്രാജ്യപരവും സ്വകാൎയ്യവ്യവസായപരവുമായ ഉദ്ദേശങ്ങൾ നിറവേററുന്നതിന്നും വേണമല്ലോ ഇന്ത്യയിൽ തക്കൊരു പരിപാടി. നമ്മുടെ കമ്യൂണിററി പ്രോജക്ട് ഈ പരിപാടിയല്ലെങ്കിൽ മറെറന്താണു്? ഇന്ത്യൻ ഗ്രാമങ്ങളെ ഉദ്ധരിക്കാൻ അമേരിക്ക പണമിറക്കുന്നു എന്നാണല്ലോ വെപ്പു്. ആ സഹാ

യത്തെ സ്വാഗതംചെയ്യുവാൻ നെഹറുഗവമ്മേണ്ടു സന്നദ്ധമായിരിക്കുന്നു. പ്രോജക്ടിൻെറ നിയന്ത്രണം നമ്മുടെ ഗവമ്മേണ്ടിൻെറ കയ്യിലാണെന്നാണ് വെച്ചിരിക്കുന്നത്. അങ്ങനെ ഇന്ത്യക്കാരെ അനുരഞ്ജിപ്പിച്ചു പ്രോജക്ടിലൂടെ സ്വന്തം താല്പയ്യങ്ങളെ പരിരക്ഷിക്കാൻ അമേരിക്ക ഉത്സാഹിക്കുന്നു. വാസ്തവത്തിൽ പ്രോജക്ടിൻെറ നിയന്ത്രണവും ഭരണവുമൊക്കെ അമേരിക്കനെമ്പസിയുടെ കീഴിലാണ്. ഓരോ പ്രോജക്ടിലും സാങ്കേതികവിദഗ്ദ്ധന്മാരെന്നപേരിൽ അമേരിക്കക്കാർ വേണ്ടുവോളം ചാടിവീണിട്ടുണ്ട്. അമേരിക്കയിൽ തൊഴിലില്ലാത്ത വിദഗ്ദ്ധന്മാക്ക് ഇന്ത്യയിൽ തൊഴിലായി. അവക്കിവിടെയിരുന്ന് അമേരിക്കൻ വൈശ്രവണൻെറ അഞ്ചാംപത്തിയായി പ്രവത്തിക്കാൻ സൌകയ്യമോ ധാരാളം. അവരോടു സഹകരിച്ചു നില്ക്കുന്ന വല്ല ഇന്ത്യക്കാരുമുണ്ടെങ്കിൽ അവരെ നിഷ്പ്രയാസം അമേരിക്കനേജണ്ടന്മാരായി മാററാമെന്നു പറയേണ്ടതില്ലല്ലോ. നിയമിക്കുമ്പോൾത്തന്നെ അവരിലധികംപേരും അത്തരക്കാരായിട്ടുണ്ടാവും. മറെറാരു ലോകമഹായുദ്ധം ഉണ്ടാവുകയാണെന്നിരിക്കട്ടെ, ലാററിമോർ അഭ്യൂഹിക്കുന്നതുപോലെ, മേല്പറഞ്ഞവരെയെല്ലാം അമേരിക്കയുടെ വക്താക്കളാക്കാൻ എളുപ്പമായിരിക്കുംതാനും. സമാധാനകാലത്ത് ഈ കമ്യൂണിററിപ്രോജക്ടുകൾ എങ്ങനെ ഉപകരിക്കുമെന്നോ? അമേരിക്കൻകമ്പോളം നിലനിത്താനുള്ള താക്കോൽസ്ഥാനങ്ങളായിട്ടുതന്നെ. ഇതെല്ലാം അമേരിക്കനെഴുത്തുകാരിൽനിന്നുതന്നെ അറിയാവുന്ന സ്ഥിതിക്കു ഈ കമ്യൂണിററിപ്രോജക്ട് കലപ്പററ മനുഷ്യസ്നേഹത്തിൻെറ പ്രകടനമായെടുക്കാൻ എങ്ങനെ കഴിയും?

ഇന്ത്യയ്ക്കും മററും ആവശ്യമുള്ളത്ര സഹായങ്ങൾ വേണ്ട സമയത്തും സ്ഥാനത്തും എത്തിച്ചുകൊടുക്കാൻ അമേരിക്കയോളംതന്നെ റഷ്യയ്ക്കും ചൈനയ്ക്കും സാദ്ധ്യമാവില്ലെന്നാണു് ലാററിമോറിൻെറ ഊഹം. കുറേക്കാലത്തേയ്ക്കു തീച്ചയായും അങ്ങനെയേ വരൂ എന്നദ്ദേഹം ഉറപ്പു പറയുന്നു—സാങ്കേതികവിദഗ്ദ്ധന്മാരെ കൈമാറേണ്ട കാര്യത്തിൽ വിശേഷിച്ചും. ഇതോമ്മവെച്ചുകൊണ്ടു നോക്കിയാലേ കമ്യൂണിററിപ്രോജക്ടിൽ അമേരിക്കൻ വിദഗ്ദ്ധന്മാരെ ഇറക്കുമതി ചെയ്യുന്നതിൻെറ രഹസ്യം മനസ്സിലാവൂ. ഈ വിദഗ്ദ്ധന്മാരെ മറെറാരു വിധത്തിലും ഉപയോഗപ്പെടുത്താമെന്നു അമേരിക്ക കരുതിയിട്ടുണ്ടു്—ഇന്ത്യൻ മുതലാളിമാരുമായി യോജിച്ചു് ഇന്ത്യയുടെ മണ്ണിൽ അമേരിക്കൻകമ്പനികൾ തട്ടിപ്പടക്കാൻതന്നെ. ഇന്നത്തെ ഇന്ത്യൻസ്ഥിതിഗതികളെപ്പററി ലാററിമോർ എഴുതിയിട്ടുള്ള ഭാഗങ്ങൾ സൂക്ഷിച്ചു വായിച്ചാൽ ഈ ഉദ്ദേശം സ്പഷ്ടമാകും. അദ്ദേഹം പറയുന്നു: "ഇന്ത്യയിലെ നാല്പതുകോടി ജനങ്ങൾ ദേശീയസ്വാതന്ത്ര്യത്തെസ്സംബന്ധിച്ചേടത്തോളം മിക്കവാറും ഏകാഭിപ്രായക്കാരാണു്. പക്ഷേ സാമൂഹ്യവും സാമ്പത്തികവുമായ സംഘട്ടനങ്ങളുടേയും സംസ്കാരപരവും മതപരവും ഭാഷാപരവുമായ ഭേദവിഭേദങ്ങളുടേയും ഫലമായി മൂച്ഛയേറിവരുന്ന രാഷ്ട്രീയാഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ ഇന്ത്യക്കാർ പല ചേരിയാണു്. ഒരററത്തു് ഇംഗ്ലണ്ടിലെ ഒന്നാംകിട വ്യവസായിയെപ്പോലും അതിശയിക്കുന്ന ടാററയാണുള്ളതെങ്കിൽ മറേറ അററത്തു വെറും തെണ്ടികളും അവരുടെ പതനത്തോളം ഇടിഞ്ഞിട്ടുള്ള കഷ്കപ്പരിഷയുമാണുള്ളതു്............

"ഒന്നാം ലോകമഹായുദ്ധത്തിനുശേഷം ബ്രിട്ടൻ ഇന്ത്യൻ ദേശീയസമരമുന്നണിയെ മതത്തിൻെറപേരിൽ പിളുത്തുകൊണ്ടിരുന്നു. ബ്രിട്ടീഷുദ്യോഗസ്ഥന്മാർ ഇന്ത്യൻനാഷനൽകോൺഗ്രസ്സിനെ ഹിന്ദുകോൺഗ്രസ്സായിട്ടേ കൈകൊണ്ടിരുന്നുള്ളു. ആ വിഭജിച്ചു ഭരിക്കുന്ന നയത്തിൻെറ മുതലെടുത്തത് ജിന്നാസാഹിബ്ബാണ്. പാക്കിസ്ഥാൻ അദ്ദേഹത്തിൻെറ സ്വന്തം വിജയമല്ലാതെ മററൊന്നുമല്ല. വിഭജനത്തിനുശേഷം ഇന്ത്യ മതാതീതമായ ഒരു രാഷ്ട്രമായി പ്രവൎത്തിക്കാൻ നിശ്ചയിച്ചതു വലിയ കാൎയ്യമായി........

"ഏഷ്യൻരാഷ്ട്രങ്ങളുടെ നേതൃത്വം ഏറെറടുക്കാൻ പററിയതു നെഹറുവിൻെറ ഇന്ത്യയാണ്. നെഹറുവിൻെറ രാഷ്ട്രീയനിഷ്പക്ഷത ഈ നേതൃത്വത്തെ ഉന്നംവെച്ചുകൊണ്ടുള്ളതാണ്...........

"1928-ൽ ജന്മികളേയും വ്യവസായികളേയും യോജിപ്പിച്ചുണ്ടാക്കിയ കൂമിന്താങ്ങിൻെറ പുതിയ പതിപ്പാണ് ഇന്ത്യായൂണിയൻ. ഇന്ത്യയിൽ മുതലാളിമാരുടെ കൈയിലാണ് രാജ്യതന്ത്രത്തിൻെറ ചുക്കാൻ. അവരുടെ നേതാവു സർദാർ പട്ടേലായിരുന്നു, നെഹറുവല്ല. ദേശീയസ്വാതന്ത്ര്യം വേണമെന്ന് അവർ ശഠിച്ചതിൻെറ രഹസ്യം ബ്രിട്ടീഷുമുതലാളിമാരുടെ ചെങ്കോൽ നീക്കി തങ്ങൾക്കധികാരം കിട്ടണമെന്നതായിരുന്നു. സ്വതന്ത്രഭാരതത്തിൽ ബ്രിട്ടൻെറയോ അമേരിക്കയുടേയോ വ്യവസായത്തിന്നവർ എതിരല്ല. എന്തുകൊണ്ടെന്നാൽ അവരുടെതന്നെ പുരോഗതിക്കു വിദേശമൂലധനം ആവശ്യമാണ്. മുതലാളിലോകത്തിൽ തങ്ങളെക്കാൾ ശക്തന്മാരാണ് അമേരിക്കക്കാരും

യൂറോപ്യന്മാരുമെന്ന് ഇന്ത്യൻ മുതലാളിമാക്കറിയാം. ഇന്ത്യയിൽ തങ്ങളുടെ നേതൃത്വം നിർബ്ബാധമായിരിക്കണമെങ്കിൽ വിദേശക്കോയ്മയെ ചെറുക്കേണ്ടിയിരിക്കുന്നു എന്നവർ ധരിച്ചിട്ടുണ്ട്. അതിനുവേണ്ടിയുള്ള രാഷ്ട്രീയമാണ് അവരുടെ ദേശീയവാദം. എന്നാൽ മുതലാളിമാരെന്നനിലയിൽ ഇന്ത്യയിലെ പരിവർത്തനത്തെ മുതലാളിത്തനീതിക്കെതിരാക്കിത്തീക്കാൻ അവർ കൂട്ടാക്കുകയില്ല............കഴിയുന്നേടത്തോളം വിദേശമൂലധനവുമായി കൊള്ളക്കൊടുക്കകറം ചെയ്തു ഉപര്യുപരി ഇന്ത്യയിൽ തങ്ങളുടെ നേതൃത്വത്തെ പരിപോഷിപ്പിച്ചു പോരുവാനാണ് അവരുടെ നോട്ടം.”

ഈയിടെയായി അടിക്കടി അമേരിക്കൻകൂട്ടവ്യവസായങ്ങറം ഇന്ത്യയിൽ ശക്തിപ്പെടുത്താൻ നടക്കുന്ന ശ്രമങ്ങറം ഏതു നയമനുസരിച്ചാണെന്ന് ഇനി വിശദീകരിക്കേണ്ടതില്ലല്ലോ.

SOUTHERN LANGUAGES BOOK TRUST LIBRARY MADRAS

# സോവിയററും മതവും

കഴിഞ്ഞ ലോകമഹായുദ്ധകാലത്തു സോവിയററുറഷ്യയിൽ പള്ളിത്തലവന്മാരും സർക്കാരും തമ്മിലുള്ള പെരുമാററത്തിൽ പൂർവ്വാധികം സൌമ്യത കാണപ്പെട്ടിരുന്നു. യുദ്ധാനന്തരം പള്ളിത്തലവന്മാർ സർക്കാരിൽ കൈയ്യിട്ടേയ്ക്കാമെന്നുവരെ അന്നു സംശയിച്ചവരുണ്ട്. യുദ്ധം കഴിഞ്ഞിട്ടിപ്പോൾ കൊല്ലം പലതായല്ലോ. ഇപ്പോഴത്തെ സ്ഥിതി താഴെ പറയുംപ്രകാരമാണ്.

പുതിയ പള്ളികൾ ഉണ്ടായിട്ടുണ്ട്; വലിയ വലിയ സെമിനാരികളും. പള്ളിനടപടികളെസ്സംബന്ധിച്ചുള്ള പ്രസിദ്ധീകരണങ്ങൾ ഒട്ടൊക്കെ അനുവദിക്കപ്പെട്ടിരിക്കുന്നു. പ്രാർത്ഥനാപുസ്തകങ്ങളും ബൈബിളും മററും ഈ പ്രസിദ്ധീകരണങ്ങൾക്കു പുറമെയാണ്. പള്ളിയിൽ വൈദികന്മാർ ചെയ്യുന്ന പ്രസംഗങ്ങൾ ബൈബിളിൻെറ പൊരുൾ സാധാരണക്കാർക്കു മനസ്സിലാക്കിക്കൊടുക്കാൻമാത്രമായിരിക്കും. മതത്തിൻെറ നേരെ സോവിയററിൻെറ പൊതുവേയുള്ള നിലപാടു സോവിയററ് എൻസൈക്ലോപ്പീഡിയയിൽ കാണുംവിധമാണ്. അതിലൊരിടത്തു പറയുന്നു: "യു. എസ്സ്. എസ്സ്. ആർ. മതഭ്രാന്തുള്ള ഒരു രാജ്യമല്ല. പക്ഷേ മതം അവിടെ ഇന്നും അള്ളിപ്പിടിച്ചങ്ങനെ നില്ക്കുന്നുണ്ട്—പഴമയുടെ അവശിഷ്ടമായിട്ട്. മത

ച്ചടങ്ങുകളുടെ നിലനില്പു സാധാരണമായി തൊഴിലാളി കൾക്കിടയിൽ ശാസ്ത്രബുദ്ധി വളരാതിരിക്കാൻ കാരണമാ ണ്......പുതിയ സാമ്പത്തികനീതിയുടെ വളച്ച്യയോടുകൂ ടി ഈ മതച്ചടങ്ങുകളുടെ സ്വാധീനശക്തി കുറഞ്ഞേയ്ക്കാ നിടയുണ്ടു്."

കമ്യൂണിസ്റ്റ് പാർട്ടിയുടെ കേന്ദ്രക്കമ്മിററി സാധാരണ ക്കാൎക്കിടയിൽ പുതിയ ശാസ്ത്രത്തിൻെറ വെളിച്ചം വീശി മതച്ചടങ്ങുകളാൽ വന്നുവശായിട്ടുള്ള വെറുംപിടുത്തങ്ങളേ യും അന്ധവിശ്വാസങ്ങളേയും അസ്തമിപ്പിക്കാൻ സംഘ ടിതശ്രമം ചെയ്തുവരികയാണു്. സോവിയററ്ഹോംസൎവ്വീ സ്സിൽ റേഡിയോസ്റ്റേഷൻവഴി നടത്തിപ്പോരുന്ന പ്ര സംഗങ്ങളിലധികവും ഈ ഉദ്ദേശം വെച്ചുള്ളവയാണു്. ല ക്ഷക്കണക്കിന്നാളുകൾ പ്രസ്തുതപ്രഭാഷണങ്ങൾ ശ്രവിച്ച് അന്ധവിശ്വാസക്കുടുക്കുകളിൽനിന്നു വിട്ടുപോരുന്നുണ്ടു്. മ തവിശ്വാസത്തിന്നെതിരായുള്ള പ്രസിദ്ധീകരണങ്ങളും ധാ രാളമാണു്. സോവിയററിൽ യുദ്ധത്തിന്നു മുമ്പും അതി ന്നുശേഷവുമായി സൎക്കാരിൻെറ പെരുമാററങ്ങളിൽക്കാ ണുന്ന വ്യത്യാസം ഒന്നേയുള്ളു: പരിവൎത്തനത്തിന്നു വിരുദ്ധ മായി പ്രസ്ഥാനങ്ങൾ നയിച്ചിരുന്ന പള്ളിത്തലവന്മാരെ കൎശനമായി നിയന്ത്രിക്കുകയും വേണ്ടിവന്നാൽ മട്ടിക്കുകയും ചെയ്യുന്ന പരിപാടി ഇപ്പോഴില്ല. ഇതിന്നു കാരണം വൈ ദികാദ്ധ്യക്ഷന്മാർ പൊതുവെ ഇന്നത്തെ സൎക്കാരിന്നു നല്കി ക്കൊണ്ടിരിക്കുന്ന സഹകരണമാണു്. സൎക്കാരിൻെറ അ ധികാരപരിധിക്കകത്തു ചാടിവീണു് കലാപങ്ങളുണ്ടാക്കാൻ

അവരൊരുമ്പെടാത്തതിനാൽ പള്ളിയും സക്കാരും തമ്മിലുള്ള ബന്ധത്തിന്നു പുതിയൊരു നിറം വീണിട്ടുണ്ട്. ഭൂതകാരുണ്യത്തിൻെറ ശൈലിയിലാണല്ലോ സംഘടിതമതത്തിൻെറ ജനസേവനങ്ങഠം. അവതന്നെയും സക്കാരിൻെറ ഉദ്ധാരണയത്നങ്ങളുമായി പൊരുത്തപ്പെട്ടിരിക്കുന്നതിനാൽ പള്ളിത്തലവന്മാക്ക് പറയത്തക്ക അസ്വാസ്ഥ്യങ്ങഠംക്കൊന്നും ഇടയില്ല. സമാധാനത്തിൻെറയും യുദ്ധനിഷ്ഠാസനത്തിൻെറയും പേരിൽ അത്യൂജ്ജിതമായി പ്രചാരവേല ചെയ്യാൻ റഷ്യൻമെത്രാന്മാർ മടിക്കുന്നില്ലെങ്കിൽ അവക്ക് ഇന്നത്തെ സക്കാരുമായുള്ള സൌഹാർദ്ദം എത്രമാത്രമാണെന്നൂഹിക്കാമല്ലോ. 'ജണ്ണൽ കാഫ് ദി മോസ്കോ പാട്രിയാക്കി' എന്ന പ്രസിദ്ധീകരണത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു:

"ഏതു കാലാവസ്ഥയിലും ഏതു കൊടുങ്കാററിലും കൃസ്തുവിൻെറ സഭ നവജീവൻെറ വിത്തുകഠം പാവിക്കൊണ്ടിരിക്കും. ദൈവത്തിൻെറ രാജ്യം വിളയിക്കുക എന്നുള്ളതാണ് അതിൻെറ ലക്ഷ്യം. അതേ ലക്ഷ്യത്തോടുകൂടിയാണ് കൃസ്തുവിൻെറ സഭ ഇക്കാലത്തു യുദ്ധനിഷ്ഠാസനയത്നങ്ങളിൽ സഹകരിക്കുന്നതു്."

തക്കപ്പെട്ട രാഷ്ട്രീയകാര്യങ്ങളെസ്സംബന്ധിച്ച് വൈദികമേധാവികഠം പ്രസംഗിക്കാറില്ല; എഴുതാറില്ല. അഥവാ വല്ലവരും വല്ലതുമെഴുതിപ്പോയാൽ അതു കൃസ്തീയസഭയുടെ അഭിപ്രായമായി എണ്ണപ്പെടാറില്ല. അതെഴുതിയവൻതന്നെ അതിനുത്തരവാദപ്പെട്ടിരിക്കും. ക്രിമിയായിലെ മെത്രാപ്പോലീത്താ സോവിയററിൽ പള്ളിക്കാര്യങ്ങഠം

ക്ക പൊതുവേയുള്ള സ്വാതന്ത്ര്യത്തെപ്പററി പറഞ്ഞിട്ടുള്ള തിങ്ങനെയാണ്:

"ഗവമ്മെണ്ടും ഞങ്ങളുമായി യാതൊരു വഴക്കുമില്ല. ഞങ്ങളുടെ അഭ്യന്തരകാര്യങ്ങളെസ്സംബന്ധിച്ചേടത്തോളം സക്കാർ ഞങ്ങൾക്കു തികച്ചും സ്വാതന്ത്ര്യം തന്നിട്ടുണ്ട്. കമ്യൂണിസത്തിൻെറ അടിസ്ഥാനമായുള്ള ഭൌതികവാദം ഞങ്ങളുടെ വിശ്വാസത്തിന്നെതിരാണ്. എന്നുവെച്ച് ഇന്നത്തെ സക്കാരിൽനിന്നു പൊതുജനക്ഷേമകരമായി നടത്തുന്ന മഹായത്നങ്ങൾ കണ്ടില്ലെന്നു വെയ്ക്കാൻ ഞങ്ങളെക്കൊണ്ടാവില്ല."

ഒരു സാധാരണക്കാരനായ മതവിശ്വാസി രേഖപ്പെടുത്തിയിട്ടുള്ള അഭിപ്രായവും ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ:

"എന്തഭിപ്രായവും തുറന്നുപറയാൻ റഷ്യയിൽ പള്ളിക്കു സ്വാതന്ത്ര്യമില്ല. ഞങ്ങൾ സോവിയററിലെ പൌരന്മാരാണ്. സോവിയററിലെ മററു പൌരന്മാക്കുള്ള സ്വാതന്ത്ര്യമേ ഞങ്ങൾക്കുമുള്ളു. പള്ളിയിൽനിന്നു പഠിപ്പിക്കുന്നതു വിട്ടു മറെറന്തെങ്കിലും പഠിപ്പിക്കാനോ വിശ്വസിക്കാനോ സക്കാർ ഞങ്ങളെ നിർബ്ബന്ധിക്കുന്നില്ല. അതാണ് പള്ളിക്കാര്യങ്ങളെസ്സംബന്ധിച്ചേടത്തോളം തികച്ചും സ്വാതന്ത്ര്യമുണ്ടെന്നു പറഞ്ഞതിന്നത്ഥം."

റഷ്യക്കാരനല്ലാത്ത ഒരു മാന്യൻ റഷ്യയിലെയും ഇതരരാജ്യങ്ങളിലെയും മത–രാഷ്ട്രബന്ധത്തെ താരതമ്യപ്പെടുത്തിക്കൊണ്ടു പറഞ്ഞിട്ടുള്ളതു് ഇതിലുമേറെ വ്യക്തമായിട്ടുണ്ട്. ഇംഗ്ലണ്ടിലും മററും വൈദികപ്രമുഖന്മാർ ക്രൈസ്തവസംസ്കാരത്തെയും പൊതുക്കാര്യങ്ങളിൽ ക്രൈസ്തവമത

സംഘടനയ്ക്കുണ്ടായിരിക്കേണ്ട പങ്കിനെയും മുൻനിർത്തി പ്രസംഗിക്കുകയും എഴുതുകയും പതിവാണല്ലോ. എന്നാൽ പള്ളിക്കകത്തെ ചടങ്ങുകളിൽ ജനങ്ങൾക്കുത്സാഹം ദയനീയമാംവണ്ണം കുറഞ്ഞിരിക്കുകയാണ്. ഈ അനുഭവത്തിന്നെതിരായി പ്രസ്തുതമാന്യൻ എടുത്തുകാണിക്കുന്നതു റഷ്യൻപള്ളികളിൽ അനുദിനച്ചടങ്ങുകൾക്കായെത്തിക്കൂടുന്ന വിശ്വാസികളുടെ ആധിക്യമാണ്. അവിടെ പള്ളിത്തലവന്മാർ പുറംകാര്യങ്ങളിലല്ല, അകത്തെ മതമാത്രോന്മിഷിതങ്ങളായ ക്രിയാവിധികളിലാണ് അധികവും ശ്രദ്ധിക്കുന്നതു്. ക്രൈസ്തവാദശ്പ്രസംഗമെല്ലാം അവിടെ വെച്ചു തീരും.

സോവിയററിൽ പള്ളിയും സക്കാരുമായുള്ള ബന്ധം, ഇതരരാജ്യങ്ങളിലെപ്പോലെ സൌഹാർദ്ദത്തിൽ ഉറച്ചതല്ലെന്നിരുന്നാലും, നടപടിയിൽ ഇരുപക്ഷത്തിന്നും മുറുമുറുപ്പിന്നിടയാവാത്ത മട്ടായിട്ടുണ്ടു്. സോവിയററ് ഭരണാധികാരികളിൽ ചിലക്കു സക്കാർപ്രോത്സാഹനത്തോടുകൂടിയ മതവിരുദ്ധപരിപാടികൾ അത്രതന്നെ പിടിച്ചിട്ടില്ല. പക്ഷേ അമ്മാതിരി അഭിപ്രായങ്ങൾ താന്താങ്ങളുടേതായി മാത്രമേ അവർ വെച്ചുകൊണ്ടിരിക്കുന്നുള്ളു.

സോവിയററിലെ പള്ളിത്തലവന്മാക്ക് ആത്മവിശ്വാസത്തിന്ന് ഒരു കുറവുമില്ല. മതസ്വാതന്ത്ര്യത്തിന്നുവേണ്ടി നടന്ന പോരാട്ടത്തിൽ തങ്ങൾ ജയിച്ചുവെന്നുതന്നെയാണ് അവരുടെ വിശ്വാസം. സോവിയററിലെ ജനങ്ങളിൽ എത്ര ശതമാനം പേർ മതവിശ്വാസികളായുണ്ടെന്നു ഖണ്ഡിച്ചുപറയാൻ പ്രയാസം. സെൻസസ്സ് റിപ്പോർട്ടുകളിൽ 15

ശതമാനംതൊട്ട് 60 ശതമാനംവരെ കണക്കുണ്ട്. പല ഏജൻസികളുടേതായികിട്ടിയ പ്രസ്തുതറിപ്പോർട്ടുകളിൽ ഏതാണ് വിശ്വസിക്കേണ്ടതെന്നറിഞ്ഞുകൂടാ. ഏറെക്കുറെ നിഷ്പക്ഷമായി പറഞ്ഞാൽ 30 ശതമാനം വിശ്വാസികളും 30 ശതമാനം അവിശ്വാസികളും ശേഷം പേർ രണ്ടുമല്ലാത്ത തരക്കാരുമാണ്.

യുദ്ധത്തിന്നുശേഷം നാട്ടന്നീളേ സെമിനാരികൾ ഏർപ്പെടുത്താൻ പള്ളിമേധാവികൾക്കനുമതി ലഭിച്ചിട്ടിപ്പോൾ കുറെ നാളായി. ആ സ്ഥാപനങ്ങളിൽനിന്നിറങ്ങുന്ന ക്രൈസ്തവവിശ്വാസചൈതന്യം പുതിയ തലമുറയിലെ നല്ലൊരു വിഭാഗത്തെ സ്വാധീനിച്ചുവരുന്നതായിട്ടാണ് 'യങ്ങ് കമ്യൂണിസ്റ്റ് ലീഗി'ന്റെ ഔദ്യോഗികപ്രസ്താവനകളിൽനിന്നു മനസ്സിലാവുന്നത്.

('ലിസണറി'ൽനിന്നു സംഗ്രഹിച്ചത്)

# ഭക്ഷ്യോൽപാദനം കാര്യക്ഷമമാകണമെങ്കിൽ

ഭക്ഷ്യക്ഷാമത്തെക്കുറിച്ചുള്ള മുറവിളി ഇന്ത്യയിൽ ഏതു ഭാഗത്തുനിന്നും കേൾക്കാം; കോൺഗ്രസ്സ് നേതാക്കന്മാർ അധികാരമേറെറടുത്തന്നുതൊട്ടു കേട്ടുതുടങ്ങിയതുമാണ്. വിദേശങ്ങളിൽനിന്നു ഭക്ഷ്യപദാർത്ഥങ്ങൾ തീപ്പിടിച്ച വിലയ്ക്കിറക്കുമതിചെയ്യുകയെന്നതു സാദ്ധ്യമല്ലെന്നും ഇന്ത്യയ്ക്കകത്തു ഭക്ഷ്യോൽപാദനം വർദ്ധിപ്പിക്കാൻ എല്ലാവരും കിണഞ്ഞുത്സാഹിക്കണമെന്നും പ്രധാനമന്ത്രിതൊട്ടിങ്ങോട്ടുള്ള സകലഭരണകർത്താക്കളും രാപ്പകലില്ലാതെ വിളിച്ചുപറയുന്നുണ്ട്. ജി. എം. എഫിന്റെ പേരിൽ എത്ര കോടി ഉറുപ്പികയാണ് പല സംസ്ഥാനങ്ങളിലുമായി വ്യയംചെയ്തുപോരുന്നതെന്നു കണക്കാക്കാൻ പ്രയാസം. അണകെട്ടി നദീജലം കൃഷിഭൂമികൾക്കെത്തിച്ചുകൊടുക്കാൻവേണ്ടി തുടങ്ങിവെച്ചിട്ടുള്ള പദ്ധതികൾ ഒട്ടൊക്കെ പ്രയോജനകരമാകുമെന്നു സമ്മതിക്കാം. പക്ഷേ അതൊക്കെ ഇനിയും വളരെ കഴിഞ്ഞതിന്നുശേഷം അനുഭവപ്പെടാനിരിക്കുന്ന അനുഗ്രഹങ്ങളാണ്. ഇന്നത്തെ അവസ്ഥയിൽ കടുംകൃഷിക്കും നെടുംകൃഷിക്കുമായി ഓരോ സംസ്ഥാനത്തിലും വിതരണംചെയ്തുവരുന്ന ലക്ഷക്കണക്കിലുറുപ്പികയുടെ ഫലാഫലങ്ങളെസ്സംബന്ധിച്ചാണ് ഇപ്പോൾ ചിന്തിക്കാനുള്ള

തു്. രണ്ടുനാലു കൊല്ലമായിട്ടു പ്രസ്തുതപരിപാടിയനുസരിച്ചു നടന്നതായി പറയപ്പെടുന്ന കൎഷകപ്രോത്സാഹനങ്ങൾകൊണ്ടൊന്നും ഒട്ടാകെ ഉൽപാദനത്തിൽ സാരമായി വൎദ്ധനയുണ്ടായിട്ടില്ലെന്നാണു് റിപ്പോർട്ടുകൾ വിളിച്ചുപറയുന്നതു്. ആകെക്കൂടി കൎഷണക്ഷമമായ ഭൂമിയുടെ ഏക്കറേജ് വൎദ്ധിച്ചിട്ടുണ്ടു്. എന്നാൽ ഓരോ ഏക്കറിൽനിന്നുമുള്ള കലമേനി വിളവു് ഒട്ടും നികന്നിട്ടില്ലെന്നല്ല, ദയനീയമാംവണ്ണം ഇടിഞ്ഞുപോയുമിരിക്കുന്നു. 1936—39 ഈ കൊല്ലങ്ങൾക്കിടയ്ക്കു് ഇന്ത്യയിൽ പൊതുവേ ഉണ്ടായിരുന്ന വിളവിൻെറ തോതു് ഇന്നുള്ള കൃഷിഭൂമികളിൽ പരക്കേ നിലനിൎത്താൻ സാധിക്കുമെന്നായാൽത്തന്നെ ഭക്ഷ്യകാൎയ്യത്തിൽ ഇപ്പോൾക്കാണുന്ന കമ്മി നികന്നുകിട്ടുമെന്നാണു് കണക്കുകൾകൊണ്ടു മനസ്സിലാവുന്നതു്. ഒന്നോ രണ്ടോ ഉദാഹരണങ്ങൾ പറയാം: 1949—50-ൽ ഉണ്ടായ അരി 21,913 ആയിരം ടൺ ആണെങ്കിൽ 1936—39-ലെ തോതൊത്തുണ്ടാവേണ്ടതു 25,369 ആയിരം ടണ്ണാണു്. കൂട്ടുതലുണ്ടാവുന്നതു് 34-ൽപ്പരം ലക്ഷം ടൺ അരിയായിരിക്കും. ഗോതമ്പിൻെറയും ബജറിൻെറയും ജോവറിൻെറയും ബാർളിയുടെയും റാഗിയുടെയുമൊക്കെ വിളവിലും ഈ തോതനുസരിച്ചു കയററം കാണണം. അങ്ങനെ എല്ലാത്തരം വിളവും 1936—39-ലെ പതനത്തിലേയ്ക്കെത്തേണ്ട താമസം, 80 ലക്ഷത്തിൽപ്പരം ടൺ ധാന്യം അധികമുണ്ടാവും. അങ്ങേ അററം ഭക്ഷ്യകാൎയ്യത്തിൽ ഇന്ത്യയിലെ കമ്മി 60 ലക്ഷം ടണ്ണാണു്. അതു നികത്തുവാൻ വിദേശങ്ങളിൽനിന്നിറക്കുമതിചെയ്യുന്നതിനു ഗവമ്മെണ്ടുദ്ദേശിച്ചിട്ടുള്ളതു 40 ലക്ഷം ടണ്ണത്രേ. ഇതിൽനിന്നു സ്പഷ്ടമാ

കുന്നൊരു പരമാർത്ഥമുണ്ടു്: 1936—39-ലെ തോതിൽ വിളവെടുക്കാൻ നമ്മുടെ കർഷകരെ പര്യാപ്തരാക്കിയാൽ കമ്മിക്കു പകരം 2 ലക്ഷം ടൺ ധാന്യം മിച്ചമുണ്ടാകുമെന്നുതന്നെ. ഒരിക്കൽ ഇന്ത്യൻകർഷകർക്കുണ്ടാക്കാമായിരുന്ന വിളവിന്റെ നിലവാരത്തിൽ രാജ്യത്തെ വീണ്ടും എത്തിക്കാൻപോലും കോൺഗ്രസ്സ് സർക്കാരിന്നു്, ജി. എം. എഫിന്റെ എല്ലാത്തരം കുരുട്ടുവിദ്യകളും കയ്യിലിരുന്നിട്ടുകൂടി, സാധിച്ചിട്ടില്ല. അതെന്തുകൊണ്ടാണെന്നു് ഒരാത്മശോധന ചെയ്തു മനസ്സിലാക്കി പ്രതിവിധി ചെയ്യാൻ തയ്യാറില്ലാത്ത ഗവർമ്മെണ്ടിനുണ്ടോ ഭക്ഷ്യക്ഷാമം പരിഹരിക്കാൻ കഴിയുന്നു?

എന്താണിപ്പരാജയത്തിന്നു കാരണം? 1936—39ന്നിടയ്ക്കു് ഇന്നത്തേതിലുമധികം വിളവെടുത്തിരുന്ന കൃഷിക്കാർതന്നെയാണു് മിക്കവാറും ഇന്നും വിളവെടുക്കുന്നതു്. ചിലചില കൈവശക്കാർ മാറിയിരിക്കും; ചിലചില പുതുഭൂമികൾ കർഷണയോഗ്യമായിത്തീർന്നു പുതിയ കൃഷിക്കാരുടെ കൈയിൽപ്പെട്ടിട്ടുണ്ടാവും—അത്രയേ ഉള്ളു. ഈ പഴയ കൃഷിക്കാർ ഏറിയ ഭാഗവും സ്വപ്രയത്നക്കാരായ കുടിയാന്മാരാണു്—ചുരുക്കം ചിലർ പണക്കാരും. ബാക്കിയെല്ലാം കിട്ടുന്നതുകൊണ്ടു കഷ്ടിച്ചുപജീവിക്കുന്നവരും. കാലം മാറി; ഉപ്പുതൊട്ടു കർപ്പൂരംവരെ എല്ലാററിനും തങ്ങൾക്കു കൈയെത്താത്തവിധം വില വർദ്ധിച്ചതോടുകൂടി അവരിൽ ഭൂരിപക്ഷംപേരും കൃഷിയിൽ ആശയില്ലാത്തവരായി. പണ്ടത്തെ തോതിൽപ്പോലും താന്താങ്ങളുടെ ഭൂമികൾ കർഷണംചെയ്തു വളമിറക്കി കൃഷിചെയ്യാൻ അവരെക്കൊണ്ടാ

വുന്നില്ല. ഉണ്ടാവുന്ന വിളവിൽ നല്ലോരു ഭാഗം ജന്മിക്കു കൊടുക്കണം; ബാക്കിയിൽ സ്വന്തം ചെലവിന്നുള്ളതു നീക്കി ശ്ശേഷിക്കുന്നതു നിയന്ത്രിതവിലയ്ക്കു സർക്കാരിലേല്പിക്കയും വേണം. ഈ സ്ഥിതിയിൽ സാധാരണകൃഷിക്കാരുടെ ജീവിതവും കൃഷിക്കുള്ള കഴിവും പണ്ടത്തേതിലുമെത്രയോ ഇടിഞ്ഞിരിക്കുന്നു. പൊതുവേ ഭക്ഷ്യോൽപാദനത്തിന്നുത്തരവാദപ്പെട്ട ഈ കർഷകവർഗ്ഗത്തെ ഉദ്ധരിച്ചു പൂർവ്വാധികം ശക്തിപ്പെടുത്തിയാലല്ലാതെ നമ്മുടെ നിലങ്ങളിൽ വിളവിന്റെ മേനി ഉയർത്തുവാനാവില്ലെന്നുള്ളത് ഒരു പച്ചപ്പരമാർത്ഥമാണ്. ഇതു നല്ലപോലെ മനസ്സിലാക്കിയിട്ടുണ്ടെന്നുള്ള ഭാവത്തിൽ കോൺഗ്രസ്സ് സർക്കാർ യഥാർത്ഥകൃഷിക്കാർക്കെന്നും പറഞ്ഞു ചില 'ശനിയാഴ്ചപ്പിച്ചകൾ' കനിഞ്ഞരുളിയിരുന്നു. സർക്കാരിലേയ്ക്കളക്കുന്ന നെല്ലിൽ പറയൊന്നിന്നു രണ്ടണയോ നാലണയോ ബോണസ്സും വളത്തിന്റെ വിലയിൽ സബ്സിഡിയും മിതമായ വിലയ്ക്കു കാർഷികോപകരണവില്പനയും മററും തന്നെ. ഇപ്പോൾ ഇതുമുണ്ടോ എന്നു സംശയമാണ്. ഈവകകൊണ്ടൊന്നും കർഷകവർഗ്ഗത്തിന്റെ ക്ലേശങ്ങൾ പരിഹരിക്കപ്പെടുന്നില്ല വളത്തിന്ന് എന്തു സബ്സിഡി കൊടുത്താലും വളം വാങ്ങിയിടുവാൻ കഴിവില്ലാത്തവന്ന് അതുകൊണ്ടെന്തു കാര്യം? കൃത്രിമവളങ്ങൾ വാങ്ങിയിട്ടാൽത്തന്നെ തദനുരൂപമായി ശാസ്ത്രീയരീതിയിൽ കൃഷിയെ സംരക്ഷിച്ച് അധികവിളവെടുക്കാൻ അവന്നുണ്ടോ കഴിയുന്നു? കാർഷികോപകരണവില്പനയും പരക്കേ കർഷകന്മാർക്കുപകരിക്കുന്നതായിക്കാണുന്നില്ല. എന്തോ ചിലതു കൊടുക്കാൻ സർക്കാരിൽനിന്നേർപ്പാടുചെയ്തിട്ടുണ്ടെന്നല്ലാതെ കൊടുക്കുന്നതു കിട്ടേണ്ട

സമയത്തും കിട്ടേണ്ട ആൾക്കും കിട്ടാറില്ല. ചുരുക്കത്തിൽ ഇപ്പറഞ്ഞ ആനുകൂല്യങ്ങൾ ഒരു പ്ലാൻവെച്ച് ഭക്ഷ്യോൽപാദനം വർദ്ധിപ്പിക്കുവാൻവേണ്ടി ചെയ്യപ്പെട്ടവയായി അനുഭവപ്പെട്ടിട്ടില്ലെന്നുള്ളതാണ് പരമാർത്ഥം. വാസ്തവത്തിൽ ഇങ്ങനെ ചിലതു കാട്ടിക്കൂട്ടുന്നതു പരാജയത്തിന്റെ മുരടിൽനിന്നൊഴിഞ്ഞുമാറാനല്ലേ എന്നു സംശയിക്കണം. ഈ കൃഷിക്കാർക്കെല്ലാം ഭൂവുടമ സ്ഥിരപ്പെടുത്തിക്കൊടുക്കുകയും നല്ലൊരു വീതം മിച്ചവാരമോ പാട്ടമോ ആയി മേലാളക്ക്ളക്കണമെന്നുള്ള ദുർബ്ബാദ്ധ്യതയിൽനിന്ന് അവരെ മോചിപ്പിക്കുകയും ചെയ്യുക എന്നുള്ളതാണ് ജനകീയസർക്കാരിന്റെ ഒന്നാമത്തെ കർത്തവ്യം. പക്ഷേ ഭൂവുടമയെസ്സംബന്ധിച്ചുള്ള ഇത്തരമൊരു പരിഷ്കാരത്തിനു ഭക്ഷ്യോൽപാദനവർദ്ധനവുമായി യാതൊരിടപാടുമില്ലെന്നാണ് ഇന്നത്തെ അധികൃതന്മാരിൽ വലിയൊരു വിഭാഗത്തിന്റെ അഭിപ്രായം. അതൊരു കാര്യം വേറെ, വേണമെങ്കിലതു വേറെയെടുക്കാം — ഇങ്ങനെയാണവർ പറയാറ്. വാസ്തവത്തിൽ ഭൂവുടമ പരിഷ്കരിച്ചു കൃഷിക്കാരുടെ നില നന്നാക്കുന്നതിന്നെതിരാണ് കോൺഗ്രസ്സ് സർക്കാരിന്റെ തലയാളന്മാരിൽ ഏറിയകൂറും. പക്ഷേ അവരൊന്നു മനസ്സിലാക്കിയിട്ടുണ്ട്, ഭൂവുടമക്കാര്യത്തിൽ ചില പുതുനയങ്ങൾ ഏർപ്പെടുത്തുന്നില്ലെങ്കിൽ ജനങ്ങൾ സ്വല്പം ക്ഷോഭിച്ചുപോയേക്കും എന്ന്. തന്നിമിത്തം ഇക്കഴിഞ്ഞ മൂന്നുനാലു കൊല്ലത്തിനകത്തു കോൺഗ്രസ്സ് സർക്കാർ അവിടവിടെ ഭൂവുടമയെസ്സംബന്ധിച്ച് ഏതാനും വഴവഴപ്പൻനടപടികൾ ഓങ്ങിവെച്ചിട്ടുണ്ട്. ഏററവും പ്രധാനം തൊട്ടതിനുതൊട്ടതിന്ന് അന്വേഷണക്കമ്മിററികൾ നിയമിക്കുക എന്നുള്ളതാണ്.

1. യു. പി. സെമിൻദാരി നിരോധനക്കമ്മിററി
2. കോൺഗ്രസ്സിൻെറ കാർഷികപരിഷ്കാരക്കമ്മിററി
3. ഒറീസ്സാകുടിയായ്മക്കമ്മിററി
4. ഹൈദർബാദിലെ കാർഷികപരിഷ്കാരക്കമ്മിററി
5. മദ്ധ്യഭാരതകാർഷികാന്വേഷണക്കമ്മിററി
6. മദ്ധ്യഭാരതസെമിൻദാരിനിരോധനക്കമ്മിററി
7. കൊച്ചിയിലെ ശിവസ്വാമിക്കമ്മിററി
8. കൊച്ചിയിലെ ഭൂവുടമപരിഷ്കാരക്കമ്മിററി
9. തിരു-കൊച്ചിയിലെ ഭൂനയക്കമ്മിററി
10. സൌരാഷ്ട്രകാർഷികപരിഷ്കാരക്കമ്മിററി
11. പെപ്സുവിലെ കാർഷികപരിഷ്കാരക്കമ്മിററി
12. പഞ്ചാബിലെ ഭൂവുടമപരിഷ്കാരക്കമ്മററി
13. മൈസൂർഭൂനികുതിപരിഷ്കാരക്കമ്മിററി

ഇതെഴുതുന്നാളുടെ ദൃഷ്ടിയിൽപ്പെടാത്ത കമ്മിററികൾ വേറെയും കാണും. ഒരേ സംസ്ഥാനത്തിൽത്തന്നെ വീണ്ടും വീണ്ടും കമ്മിററികൾ ഏർപ്പെടുത്തിയിട്ടില്ലെന്നില്ല. കൊച്ചിയിലും തിരുവിതാംകൂറിലും ഉണ്ടായ അനുഭവംതന്നെ നോക്കൂ: കൊച്ചിയിൽ ശിവസ്വാമിക്കമ്മിററി നാടാകെ അന്വേഷണം നടത്തി ഒരു തടിച്ച റിപ്പോർട്ടെഴുതി സമർപ്പിച്ചു. പിന്നാലെ ഒരു ബില്ലവതരിപ്പിക്കേണ്ടിവന്നപ്പോൾ വീണ്ടും ഒരന്വേഷണക്കമ്മിററിയുണ്ടായി. അതിൻെറ തീരുമാനങ്ങൾ നടപ്പാക്കാനാലോചിക്കുമ്പോഴയ്ക്കും തിരു-കൊച്ചിസംയോജനം നടക്കുകയും ഒട്ടും താമസിയാതെ ഒരച്യുതമേനോൻകമ്മിററി അവതരിക്കുകയും ചെയ്തു. സ്ഥിരമായൊരാപ്പീസ്സും വെച്ചു കുറെനാൾ അന്വേഷണം

നടത്തി ആ കമ്മിററി റിപ്പോർട്ടുമായെത്തിയപ്പോൾ ഭൂന യപരിഷ്ക്കാരം നീട്ടിവെയ്ക്കാനാണ് മന്ത്രിസഭ കല്പിച്ചതു്. ഇമ്മാതിരി കമ്മിററിപ്രഹസനം വേറെ സംസ്ഥാനങ്ങളിലും നടന്നിട്ടില്ലെന്നില്ല. ചിലേടങ്ങളിൽ നാമമാത്രമായി ഭൂവുടമയിൽ ഭേദഗതിചെയ്യുന്ന ബില്ലുകൾ കൊണ്ടുവന്നിട്ടുണ്ടെങ്കിൽ അതൊന്നും സാധാരണകൃഷിക്കാൎക്കു രക്ഷാകരമായിട്ടില്ലതാനും. ഇതേവരെ കണ്ടേടത്തോളം കമ്മിററികളും ബില്ലുകളും ഡിമോക്രസിയുടെ മറവിൽനിന്നു പൊതുജനങ്ങളെ വഞ്ചിക്കാനുള്ള തന്ത്രങ്ങളായിട്ടേ കണക്കാക്കാനൊക്കൂ. ഒരു മെച്ചംമാത്രമുണ്ടായിട്ടുണ്ടു്: കമ്മിററികളിൽ അംഗങ്ങളായിത്തീൎന്നവൎക്കു 'ടിഎ'യും 'ഡിഎ'യുമായി നല്ലൊരു സംഖ്യ കിട്ടിയിട്ടുണ്ടു്.

കൈവശംവെച്ചു നേരിട്ടുനടക്കുന്ന കൎഷകൎക്കു ഭൂമിയിൽ ഉടമ തികച്ചും വകവെച്ചുകൊടുക്കണം എന്നതാണല്ലോ അടിയന്തരപ്രശ്നം. അപ്പോൾ നേരിട്ടുനടക്കാത്ത ഭൂമിയിൽ കുറെപേൎക്കു പരമ്പരാഗതമായി നിലനില്ക്കുന്ന ഉടമ റദ്ദാക്കിയേ കഴിയൂ. എന്നുവെച്ചാൽ തനിക്കൎഷകരാകാൻ തയ്യാറില്ലാത്ത ജന്മികളേയും കാണമുടമകളേയും കാൎഷികരംഗത്തുനിന്നു പിരിച്ചുവിടുക എന്നൎത്ഥം. നിലവിലുള്ള നിയമമനുസരിച്ചു പതിഞ്ഞുകിടക്കുന്ന ഏതുതരം ഉടമയും തക്ക പ്രതിഫലം കൊടുത്തല്ലാതെ ഒഴിപ്പിക്കരുതെന്നു പുതിയ ഭരണഘടനയിൽ ബൂൎഷ്വാതാൽപര്യക്കാർ വ്യവസ്ഥ ചെയ്യിച്ചിരിക്കെ, മേല്പറഞ്ഞ നടപടി കോൺഗ്രസ്സ്സൎക്കാരിന്നു് ഏററവും ദുഷ്കരമായ ഒന്നായിത്തീൎന്നിരിക്കുന്നു. പ്രതിഫലംതന്നെ മിതമായ നിരക്കിൽ കൊടു

ക്കാമെന്നുവെച്ചാൽ ഒഴിഞ്ഞുപോകാൻ ജന്മികളും അനുയായികളും തയ്യാറില്ല. ഭരണഘടനയുടെ തണലിൽ കോടതിയായ കോടതിയെല്ലാം കയറി കാൎയ്യം നേടിക്കളയാമെന്നുറച്ചിരിക്കയാണവർ. താന്നൊരു നിരക്കിൽ പ്രതിഫലം നല്കി അവരെ പിരിച്ചയയ്ക്കാൻ കോൺഗ്രസ്സ് സൎക്കാരിന്നു മനസ്സില്ല; കഴിവുമില്ല. ആ സ്ഥിതിക്കു കമ്മിററികളായ കമ്മിററികളെല്ലാമേൎപ്പെടുത്തി കാലം നീട്ടുന്നതിലെന്താണു് ആശ്ചൎയ്യം? ഇതിലും കുറഞ്ഞപടിയിൽ വെറുമ്പാട്ടക്കാൎക്കു സ്ഥിരാവകാശം നല്കി പാട്ടത്തിന്റെ തോതു വെട്ടിക്കുറച്ചു ക്രമപ്പെടുത്തി കൎഷകോദ്ധാരണം സാധിപ്പിക്കാൻപോലും സംസ്ഥാനഗവൎമ്മെണ്ടുകൾ ധൈൎയ്യപ്പെട്ടിട്ടില്ല.

തുണ്ടുഭൂമിയുമായി കൎഷകജീവിതം ഉന്തിത്തള്ളി നടക്കുന്ന സാധാരണക്കാരെ കൂടുതൽ ഉൽപാദനത്തിന്നു ശക്തരാക്കണമെങ്കിൽ അടിയന്തരമായി ചെയ്യേണ്ട മറെറാരു കാൎയ്യം അവരെ നിയമത്തിന്റെ കഴിവുപയോഗിച്ചു സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ചു പ്രവൎത്തിപ്പിക്കുക എന്നുള്ളതാണു്. തിരിച്ചു തിരിച്ചോരോ നിലത്തിന്റെയും സ്വഭാവം നോക്കി ചെയ്യേണ്ട കാൎയ്യങ്ങൾ ഒരു വക; ഓരോ പടവിലുമുള്ള നിലങ്ങൾക്കൊന്നായി ചെയ്യേണ്ട സൌകൎയ്യങ്ങൾ മറെറാരു വക—ഈ രണ്ടും സഹകരണ കേന്ദ്രത്തിലൂടെ ചെയ്യുകയോ ചെയ്യിക്കുകയോ ആണാവശ്യം. ശാസ്ത്രീയരീതിയിൽ കൃഷി പരിഷ്കരിക്കാനുള്ള ഏതു ശ്രമവും ആ വഴിയ്ക്കേ കാൎയ്യക്ഷമമായി നടക്കുകയുള്ളു. സോഷ്യലിസ്റ്റധികാരം നടപ്പാക്കിക്കഴിഞ്ഞിട്ടുള്ള രാജ്യങ്ങളിൽമാത്രമല്ല, യൂറോപ്പിൽ ബൂഷ്വാവാഴ്ച അവശേഷിച്ചി

ട്ടുള്ള രാജ്യങ്ങളിൽപ്പോലും ചെറുകിട കൃഷിക്കാർ സഹകരണാടിസ്ഥാനത്തിൽ സംഘടിതരായി വരികയാണു്. ഈയിടെ ജൂതന്മാർ കെട്ടിപ്പടുത്തിരിക്കുന്ന പലസ്റ്റീൻരാഷ്ട്രത്തിൽ സഹകരണാടിസ്ഥാനത്തിൽ സംഘടിച്ചുള്ള പ്രവൎത്തനങ്ങഠ മാതൃകാപരമായ രീതിയിൽ വിജയിച്ചുവരുന്നതായറിയുന്നു. കോൺഗ്രസ്സ് ഗവൎമ്മെണ്ടിന്റെ കീഴിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള റിപ്പോർട്ടുകളിലും റിസർവുബാങ്കിന്റെ ലഘുപത്രികകളിലും എഫ്. എ. ഒ. ക്കാരുടെ ബ്രൂഷ്യകളിലുമൊക്കെ സഹകരണാടിസ്ഥാനത്തിലുള്ള കാൎഷികവിപ്ലവത്തെക്കുറിച്ചു വളരെ പറഞ്ഞിട്ടുണ്ടു്. പക്ഷേ അതനുസരിച്ച് ഉത്തരവാദപ്പെട്ടൊരു പ്ലാനോടുകൂടി യാതൊരു നടപടിയും സംസ്ഥാനഗവൎമ്മെണ്ടുകഠ കൈക്കൊണ്ടിട്ടില്ല. അന്യത്ര പ്രസ്താവിച്ചതുപോലെ, അങ്ങുമിങ്ങും ചില സഹകരണസംഘങ്ങഠ റജിസ്റ്റർചെയ്തുകൊടുക്കുകയോ ചില പരീക്ഷണകേന്ദ്രങ്ങഠ ഏൎപ്പെടുത്തുകയോ ചെയ്യുകയല്ലാതെ രാജ്യവ്യാപകമായ ഒരു കാൎഷികോദ്ധാരണപരിപാടിയുടെ ചുമതലയേറെറടുത്തു പ്രവൎത്തിക്കാൻ ഗവൎമ്മെണ്ടുകഠ തയ്യാറില്ലെന്നാണു് ചുരുക്കത്തിൽ കാണുന്നതു്. സദുദ്ദേശത്തോടുകൂടി വല്ല സംഘങ്ങളും പടവടക്കം കൃഷി ചെയ്യുവാൻ മുന്നോട്ടു വരുന്നുണ്ടെങ്കിൽ അവയ്ക്കാവശ്യമായ പരിരക്ഷകഠ തക്കസമയത്തിൽ ചെയ്തുകൊടുക്കാൻ ഉദ്യോഗസ്ഥന്മാർ ഒരുങ്ങാറില്ല. അതിന്നവൎക്ക് ഇന്നത്തെ സൎക്കാരിൽനിന്നു പറയത്തക്ക പ്രേരണയുമില്ല.

ഇംഗ്ലണ്ടിൽ കൃഷിക്കുപയോഗിക്കുന്ന ഭൂമി അധികമില്ലല്ലോ. ഉള്ള ഭൂമിയിൽ ഉൽപാദനം ഇരട്ടിപ്പിക്കാൻ അ

വിടെ ഒരു ശ്രമം നടക്കുകയുണ്ടായി. ഓരോ ഗ്രാമത്തിലും കൃഷിമേൽനോട്ടത്തിന്നുമാത്രമായി, വേണ്ട എല്ലാ അധികാരങ്ങളോടുംകൂടി ഓരോ കമ്മിററിയുണ്ട്. ശാസ്ത്രീയോപകരണങ്ങളും ശാസ്ത്രീയോപദേശങ്ങളും, എന്നുവേണ്ടാ സമസ്തസൌകര്യങ്ങളും ആ കമ്മിററിക്കു സ്വാധീനമാണ്. ഗ്രാമത്തിലുള്ള ഓരോ നിലവും തിരിച്ചു പരിശോധിച്ചു യഥാവിധി പരീക്ഷണങ്ങൾ നടത്തി ഇന്നതു് ഇന്നവിധത്തിൽ കൃഷിചെയ്യണമെന്നുപദേശിക്കുകയും കൃഷിചെയ്യിക്കുകയുമാണ് അവരുടെ പരിപാടി. ഒരു മാതൃകാഗ്രാമത്തിൽ ഈ പരിപാടി അത്ഭുതകരമാംവണ്ണം ഫലിച്ചുകണ്ടപ്പോൾ അതിനെ മറെറല്ലാ ഗ്രാമങ്ങളിലേയ്ക്കും വ്യാപിപ്പിക്കുകയാണ് അവിടെ ചെയ്തതു്. അതിൻെറ ഫലമായി ആദ്യത്തെ കൊല്ലത്തിൽ ഒട്ടാകെ വിളവു് 70 ശതമാനം കൂടുതൽ കിട്ടി. ഗ്രാമംതോറും നിലമുടമസ്ഥന്മാരെ സംഘടിപ്പിച്ചു പുതിയ പുതിയ പരീക്ഷണങ്ങൾ നടത്തി വിളവു വർദ്ധിപ്പിക്കാനുള്ള കൌശലങ്ങൾ ആ കമ്മിററികൾ അടിക്കടി കണ്ടുപിടിച്ചുവരുന്നതായറിയുന്നു. ഇതിൽനിന്നു മനസ്സിലാകുന്നതു ഭക്ഷ്യോൽപാദനം വർദ്ധിപ്പിക്കാനുള്ള ഏതു ശ്രമവും ഉത്തരവാദപ്പെട്ട പ്ലാനിങ്ങോടുകൂടിയേ ആകാവൂ എന്നാണ്.

# മധുവർജ്ജനത്തെപ്പററി

പറഞ്ഞു പറഞ്ഞു മധുവർജ്ജനം നമ്മുടെ നാട്ടിലും വരുമെന്നായിരിക്കുന്നു. വലിയൊരനുഗ്രഹമാവും ജനതയ്ക്കെന്നാണ് നേതാക്കന്മാരുടെ വാദം. രാജ്യതന്ത്രത്തിന്റെ മേൽപ്പന്തിയിൽ നിൽക്കുന്ന അമേരിക്കയിലും മററും പരീക്ഷിച്ചു പരാജയപ്പെട്ടതാണെന്നറിഞ്ഞിട്ടും നമ്മുടെ മന്ത്രിമാർ സംശയിക്കുന്നില്ല. 'പ്രകാശ'പ്രോത്സാഹിതരാണല്ലോ അവർ.

കേൾക്കുന്ന മാത്രയിൽ തികച്ചും അനുഗ്രഹപ്രായം; പക്ഷേ ഒന്നു ചുഴിഞ്ഞാലോചിച്ചാലോ, മിക്കവാറും നിഗ്രഹപ്രായവും—ഇങ്ങനെ ഒരു വക വ്യാജസ്തുതികല്പങ്ങളായ നടപടികൾ നേതാക്കന്മാർ ചിലപ്പോഴൊക്കെ കൊണ്ടുവരാറുണ്ട്. രാജ്യക്ഷേമത്തിനെന്നതിലുമധികം താന്താങ്ങളുടെ കക്ഷികൾക്കു ജനസമ്മതി വർദ്ധിപ്പിക്കുന്നതിനാണ് അത്തരം കോലാഹലമുണ്ടാക്കുന്ന നടപടികൾ ഉതകാറ്. ഉദ്ദേശിക്കുന്നേടത്തോളം പററിയെങ്കിൽ പററട്ടെ, അല്ലെങ്കിൽ വേണ്ട—അത്രയേ അവർ കരുതുന്നുള്ളു. മധുവർജ്ജനം ആ പട്ടികയിൽ കൊള്ളിക്കാവുന്നൊന്നാണോ? ആണെന്നു പറഞ്ഞാൽ പറയുന്നവർ തലതിരിഞ്ഞവരായെണ്ണപ്പെട്ടേയ്ക്കും. എന്തായാലുംശരി, മധുവർജ്ജനത്തിന്റെ പ്രാ

യോഗികതയെപ്പററി, ഒന്നിരുന്നാലോചിച്ചാൽ പാതകമാവില്ല, നിശ്ചയം.

ഇൻഡ്യയിൽ മദ്യവർജ്ജനം വിജയിക്കുമെന്നു വരുത്താൻ ശ്രീ: പ്രകാശത്തിൻെറ ഗവമ്മേണ്ടുദ്ധരിക്കുന്ന ഏററവും വലിയ പ്രമാണം ശ്രുതിയും സ്മൃതിയുമാണ്. മറെറാരു നാട്ടിലുമില്ലാത്തത്ര മദ്യനിഷേധപാരമ്പര്യം ശ്രുതിയും സ്മൃതിയും വഴി ഇൻഡ്യയ്ക്കുണ്ടെന്നാണ് വാദം. ഇതുതന്നെയോ കൊച്ചിയിലെ മന്ത്രിമാരുടേയും പ്രമാണം? ആണെങ്കിൽ പദ്ധതിയുടെ വിജയത്തിൽ സംശയിക്കുക തന്നെ വേണം. ഇൻഡ്യൻ ജനതയിൽ വളരെക്കുറഞ്ഞൊരു ശതമാനത്തിന്നേ ശ്രുതിസ്മൃത്യാദികൾ ജീവിതനിയാമകങ്ങളായിരുന്നിട്ടുള്ളു. അവരാണെങ്കിൽ ശരീരത്തേയും മനസ്സിനേയും തക്ക വിധത്തിൽ വളർത്തിസ്സംരക്ഷിച്ചുകൊണ്ടിരിപ്പാൻ ഭാഗ്യം കിട്ടിയവരും. ആ ഭാഗ്യവാന്മാർ കൊള്ളരുതാത്തതെന്നു വിധിച്ചതു് അവരുടെ ഭാഗ്യത്തിൻെറ നൂറിലൊരംശംപോലുമില്ലാത്ത സാധാരണജനങ്ങൾക്കെങ്ങനെ കൊള്ളരുതാത്തതാവും? ആവും അല്ലെങ്കിൽ ആക്കാം; എപ്പോഴാണെന്നോ, അവരുടെ പദവിയിലേയ്ക്കു മററുള്ളവരും എത്തുമ്പോൾ. ചുമരില്ലാതെന്തു ചിത്രമെഴുത്ത്! ഇനി, ഇന്നത്തെ സ്ഥിതി നോക്കിയാൽ കാണാം, ആ പൌരാണികവിധികളെ ആദരിക്കേണ്ടവരും ആദരിക്കാതായിട്ടുണ്ടെന്ന്. പിന്നെയാണോ അതിനെപ്പിടിച്ചൊരു ലെജിസ്ലേഷൻ? കേരളത്തിലേയ്ക്കു കടന്നാൽ കുഴപ്പം വേറെയുമുണ്ടു്: ആ ശ്രുതിയുടേയും സ്മൃതിയുടേയും പരമാധികാരത്തെ വകവെയ്ക്കാത്തവർ എത്രയെത്രലക്ഷമാണിന്നാട്ടിൽ?

ഇപ്പറഞ്ഞതുകൊണ്ട്, മദ്യവജ്ജനം നന്നല്ലെന്നല്ല വിവക്ഷിക്കുന്നത്. സന്യാസിക്കാൻ പോകുന്നൊരു മനുഷ്യന്റെ ജീവിതത്തെ മാനദണ്ഡമാക്കി സാധാരണലോകത്തിന്റെ ജീവിതത്തെ ക്രമപ്പെടുത്തുന്നതു സാഹസമാണെന്നേ പറയുന്നുള്ളൂ.

പാവങ്ങളുടെ രക്ഷയെക്കരുതിയാണല്ലോ, മദ്യവജ്ജനമേപ്പെടുത്തുന്നത്. പരമാത്ഥത്തിൽ അതവക്കുപകാരമാവുമോ? ലക്ഷക്കണക്കിനുള്ള നമ്മുടെ തൊഴിലാളികൾ ഇന്നും നിലകൊള്ളുന്നതു സംസ്കാരത്തിന്റെ പിള്ളത്തൊട്ടിയിലാണ്. ആധുനികലോകത്തിൽ പ്രാകൃതമനുഷ്യന്റെ പുതിയ പുതിയ പതിപ്പുകളാണവർ. ശരീരസ്ഥിതി, ഭക്ഷ്യപേയങ്ങൾ, ഉടയാടകൾ, തൊഴിൽ, വീട്, വിശ്വാസസംഹിതകൾ — ഇവയെല്ലാം പ്രാകൃതങ്ങളാണവക്ക്. എന്നാലും ഒന്നുണ്ട് — അവയെല്ലാം തമ്മിലൊരുസ്വരച്ചേച്ച, ഒരു 'ബാലൻസ്'. അവരുടെ നോട്ടത്തിൽ കമനീയമായ ആ ജീവിതത്തിൽ പറയത്തക്കൊരു ഘടകമാണ് കള്ള്. ഒരു മാദകപദാത്ഥമായിട്ടല്ല, പോഷകശക്തിയുള്ളൊരു പാനീയമായിട്ടാണ് അതിനെ അവർ കൈക്കൊള്ളാറ്. വെയിലാറുവോളം കന്നുപൂട്ടി പാടത്തുനിന്നു ചേറും ചളിയുമായിക്കയറുന്ന ആ ചെറുമക്കളോടു ചോദിക്കൂ, അവക്കൊന്നാംതരം ആഹാരമാണ് കള്ള്. അവരെ പരിഷ്കരിച്ചേയ്ക്കാമെന്ന വാശിയോടുകൂടി മദ്യവജ്ജനം നടപ്പാക്കിയെന്നു വെയ്ക്കുക. എന്താവും അവരുടെ പാട് — വിശേഷിച്ച് ഈ റേഷൻകാലത്ത്? അവരുടെ ജീവിതത്തിന്റെ ബാലൻസു തെറ്റുന്നതിൽക്കവിഞ്ഞൊന്നും ഉണ്ടാ

കാൻ പോകുന്നില്ല. കുറെയങ്ങുചെന്നാൽ ഒന്നുകൂടി താറു മാറാവുകയായി ജീവിതം. എങ്ങനെയാണെന്നോ, പഴയ തൊഴിലിനിന്നാവുകയില്ലെന്നായിട്ട്. കള്ളിനുപകരം കാപ്പി യോ, ചായയോ, ശീതളപാനീയങ്ങളോ, പോരാ സിനിമതന്നെയോ ഏപ്പെട്ടത്തിക്കൊടുത്തു കുടിയന്മാരെ പരിഷ്ക്കരിക്കാമെന്നൊരു വാദമുണ്ട്. അവകൂടിയായാൽ, കഴിഞ്ഞു; ആ പാവങ്ങൾ, ആസ്സാമിൽനിന്നു മടങ്ങിയ പട്ടാളക്കാരെപ്പോലെ, ഒടിക്കാനും വയ്യ, ഉരിയാനും വയ്യ എന്ന പാകത്തിൽ കിടന്നു ചുറേറണ്ടിവരും. ആ വക പദാത്ഥങ്ങളും വിനോദങ്ങളുമൊക്കെ യാതൊരു മുന്നറിവും കൊടുക്കാതെ ആ പട്ടിണിപ്പരിഷയുടെ ജീവിതത്തോതുയത്തുകയാണു് ചെയ്യുന്നതു്. അതിനൊത്ത തൊഴിലാണെങ്കിൽ കിട്ടുന്നില്ല; തന്നിമിത്തം ക്രയണശക്തി (Purchasing Power) വദ്ധിക്കുന്നുമില്ല. പരിഷ്ക്കാരമാരംഭിച്ചതു വിപരീതപക്ഷത്തിലാണെന്നു സാരം. നേരെമറിച്ച്, ആ തൊഴിലാളിലക്ഷങ്ങൾക്കു വേലക്കൂലി വദ്ധിപ്പിച്ച കുറെക്കൂടി നന്നായി ജീവിക്കുവാനും ശരീരത്തേയും മനസ്സിനേയുമൊപ്പം സംസ്കരിക്കുവാനും പററുന്ന പരിതസ്ഥിതി സൃഷ്ടിക്കുക—അവർ കള്ളുകുടി താനേ തള്ളും. അതല്ലെങ്കിൽ പ്രാകൃതേതരങ്ങളായ തൊഴിലുകൾക്കുതകത്തക്കവിധം വളരാൻ പാവങ്ങൾക്കവസരം കൊടുക്കുക—മധുവജ്ജനം ആരും നിബ്ബന്ധിക്കാതെതന്നെ അവരനുഷ്ഠിച്ചുകൊള്ളും. പ്രാകൃതരായ മാതാപിതാക്കന്മാരുടെ സന്താനങ്ങൾ സക്കാരിൽനിന്നോ പൊതുസ്ഥാപനങ്ങളിൽനിന്നോ വേതനം വാങ്ങി പഠിച്ചുയന്നു ശിഷ്ടവൃത്തികളിൽ പ്രവേശിച്ചിട്ടില്ലേ? അവരുണ്ടോ കള്ളു കുടിക്കുന്നു! പക്ഷേ ഏതാദൃശപ

ദ്ധതികളിലൂടെ പരിഷ്കാരമാരംഭിക്കണമെങ്കിൽ പണിയൊരുപാടുണ്ടു്; ഉറപ്പികയാണെങ്കിൽ ലക്ഷക്കണക്കിനു വേണംതാനും. ആ വിഷമംപിടിച്ച പ്രശ്നങ്ങളുടെ നേരെ പിന്തിരിഞ്ഞുനില്ക്കാനേ തങ്ങളെക്കൊണ്ടാവൂ എന്നുള്ള കാലത്തോളം പാവങ്ങൾക്കുവേണ്ടി മന്ത്രിമാർ ചെയ്യേണ്ടതു കള്ളു വേണ്ടെന്നുവെയ്ക്കുകയല്ല, ഇന്നത്തെ ഷാപ്പുകളിൽനിന്നു കിട്ടുന്ന വിഷപ്രായമായ ദ്രാവകത്തിനുപകരം നല്ല കള്ളു കൊടുപ്പിക്കുകയാണു് — അതോ, ആളും തരവും നോക്കി പാകത്തിനു റേഷൻചെയ്തും. അതാണു് സ്വീഡൻ, നോവ്വേതൊട്ടുള്ള പല രാജ്യങ്ങളിലേയും നടപടി.

നല്ല കള്ളു കൊടുപ്പിക്കണമെന്നു പറയുമ്പോൾ മറെറാരു കാര്യം ഓമ്മയിൽ വരുന്നു: സക്കാർനിയമങ്ങൾ — വിതരണത്തിനായാലും ശരി, വജ്ജനത്തിനായാലും ശരി — ഉദ്ദേശിക്കുന്നതിന്നെതിരായി പാവങ്ങൾക്കു രക്ഷാകരമല്ലാതാവുകയാണു് പതിവു്. ഇപ്പോഴത്തെ അനുഭവം നോക്കു, ധനവാൻ സ്വന്തം വളപ്പിൽനിന്നു കള്ളു ചെത്തിച്ചെടുത്തുപയോഗിക്കുന്നു. എക്സൈസ്സ് ഡിപ്പാർട്ടുമെണ്ടിന്റെ ധൈര്യം ആയാളോടടുക്കാറില്ല. സ്വന്തം വളപ്പും തെങ്ങുമില്ലാത്ത തൊഴിലാളികളോ, ഷാപ്പിൽനിന്നു കിട്ടുന്നതുകൊണ്ടടങ്ങുന്നു. ഇനി വജ്ജനമായാലും ഈ സ്ഥിതി മാറുകയില്ല. ധനവാൻ അന്നും സക്കാരിനെ തോല്പിച്ചു കള്ളുണ്ടാക്കിക്കുടിക്കും. (ചക്കരെയ്ക്കുചെത്തൽ നിറുത്തുകയില്ലല്ലോ) പോരാ, ശീമമദ്യവും. മററുള്ളവക്കോ, യാതൊന്നും കിട്ടുകയില്ല. ഡെമോക്രസിപോലും ധനികനു പടച്ചട്ടയാണെന്നോ പറയേണ്ടു.

ജീവിതം പ്രാകൃതമണ്ഡലത്തിൽനിന്നു മേലോട്ടു കയറുന്തോറുമാണ് മദ്യം പോഷണത്തിലുമധികം മാദനത്തിനുപകരിക്കുന്നത്. വെറുംകള്ളു പോരാ പരിഷ്കാരികൾക്ക്. വാററുമദ്യം, അതും ശീമയിൽനിന്നു വരുന്നത്, കിട്ടിയാലേ അവരടങ്ങൂ. ഒരിക്കലും അതാഹാരപദാത്ഥമല്ല അവക്ക്; മറിച്ച്, അതൊരുത്സവമാണ്, വിശേഷപ്പടിയാണ്, 'ലക്ഷ്വറി'യാണ്. നിരോധിക്കണമെങ്കിൽ അതാണ് നിരോധിക്കേണ്ടത്. കുടുംബനാശവും ആരോഗ്യക്ഷയവും ഒന്നിച്ചു വരുത്തിക്കൂട്ടുന്നതതാണ്.

എന്നാലും പാടേ നിരോധിക്കാമോ? റേഷനല്ലേ അവിടേയും ഭേദം? വേണമെങ്കിൽ അക്രമമായൊരു 'ടാരിഫ്' (Tariff) ഏപ്പെടുത്തിക്കൊള്ളട്ടെ വാററുമദ്യങ്ങൾക്ക്. എന്നിട്ടും ചിലർ പാകംവിട്ടു കുടിക്കുമെങ്കിൽ കുടിക്കട്ടെ. അവർ തട്ടിയെടുത്ത പണം അങ്ങനെയെങ്കിലും സക്കാരിലേയ്ക്കുടാവുമല്ലോ.

ചുരുക്കിപ്പറയാം: നാടൻമദ്യമായാലും ശീമമദ്യമായാലും അമ്പേ വജ്ജനം പ്രായോഗികമല്ല. നിയമം ലംഘിക്കൽ ഇന്നത്തേതിലും വദ്ധിക്കുകയേയുള്ളു നിരോധനം വന്നാൽ. മററുരാജ്യങ്ങളിലെ അനുഭവം തെളിവാണ്. അതാ, സേലത്തുതന്നെ ആഴ്ചതോറും ഏറുകയാണു കുററങ്ങളെന്നു സക്കാർ സമ്മതിച്ചിരിക്കുന്നു. (മദിരാശിപ്പത്രം, ഡി. 18) നിരോധനം എന്തുകൊണ്ടു ഫലിക്കുന്നില്ല? അതു വ്യക്തിസ്വാതന്ത്ര്യത്തെ കുതിരകേറലാണ്. 100%വും ദോഷമെന്നു തെളിയിക്കാൻ പാടില്ലാത്ത ഒരു ഭക്ഷണപദാത്ഥം 100%വും നിരോധിക്കുന്നതു് എങ്ങനെ ശരിയാ

വും? മനുഷ്യൻ അവൻെറ ദിനചര്യകളെ കടന്നാക്രമിക്കു ന്ന സക്കാരിനെ വിലവെയ്ക്കുകയില്ല.

ഫലംകൊണ്ടളക്കുമ്പോഠം നിസ്സാരമെന്നുവരുന്ന മ ധുവജ്ജനത്തിന്നുവേണ്ടി വ്യക്തിസ്വാതന്ത്ര്യത്തെ ചവിട്ടി മെതിക്കാമെന്നുറയ്ക്കുന്ന ഗവമ്മേണ്ടിന്നു് ഉടനടി ചെയ്യേ ണ്ടതും ചെയ്താൽ ലക്ഷോപലക്ഷം ജനങ്ങഠംക്കുപകാരമാവു ന്നതുമായ നടപടികളിൽ ആ ധൈര്യമെന്തുകൊണ്ടു കാ ണിച്ചുകൂടാ?

മദ്യം പാടേ നിരോധിച്ചാൽ വരുന്ന ധനനഷ്ടവും തൊഴിലില്ലായ്മയും പരിഹരിക്കൽ—ആ പ്രശ്നം വേറെക്കി ടക്കുന്നതേയുള്ളു. ഒരു കാര്യം തീച്ച്: പരക്കേ ഒരു നികു തി ചുമത്തി പണമീടാക്കി, വെറുമൊരാലോചനക്കുറവു കൊണ്ടു വരുത്തിക്കൂട്ടുന്ന നഷ്ടം നികത്താനുപയോഗിക്കുന്ന തും എന്നിട്ടു ഫലത്തിൽ അഴിമതിക്കുത്സാഹം വദ്ധിപ്പി ക്കുന്നതും ബുദ്ധിയുള്ള മനുഷ്യർ ഏറെക്കാലം സഹിക്കുക യില്ല. മദ്യപന്മാർ ന്യായമായി കൊടുക്കേണ്ട കരം മദ്യപി ക്കാത്തവരുഠംപ്പെടെയുള്ള ജനതയിൽനിന്നീടാക്കുകയോ? നികുതിയിൽ തരഭേദം വരുത്തിയാലും ഈടാവുന്ന പണം മറെറന്ത്രയോ അടിയന്തരാവശ്യങ്ങഠം വാ തുറന്നുനില്ക്കേ വെറുമൊരു "സ്പെക്കററക്കുലർ റിഫോം" (Spectacular Reform) മിന്നു വാരിച്ചെലവിടുന്നതു സൂക്ഷിച്ചു വേണ്ട താണു്.

റേഷൻവഴി നിയന്ത്രണം—അതായാൽ നഷ്ടം വരി കയുമില്ല, സാധിക്കാവുന്ന പരിഷ്ക്കാരം സാധിക്കുകയും ചെയ്യും.

# സംസ്കാരത്തിലും ബ്ലാക്കൌട്ട് ?

"ക്രൂശിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു മനുഷ്യജീവിയാണ് ഞാൻ. പുരോഗതിയെ ഭയപ്പെടുന്ന ഒരിടത്തരം കുടുംബത്തിലെ അംഗം. ഒരു ശപ്തനും ശത്രുവുമായിട്ടാണ് ഞാനിവിടെ കണക്കാക്കപ്പെടുന്നത്. ഡാർവിനിസത്തെ അനുകൂലിച്ചു കൂട്ടുകാരോട് സംസാരിച്ചു; മാർക്സിന്റെയും ലെനിന്റെയുമെല്ലാം ചില പുസ്തകങ്ങൾ വായിച്ചു; വൈദികതത്വത്തിന്റെ ചില വ്രണങ്ങൾ ചൂണ്ടിക്കാണിച്ചു—ഇവയൊക്കെയാണ് പാതകങ്ങൾ.

"എന്തായാലും ഞാനിപ്പോൾ വേദനപ്പെടുകയാണ്. 'പോയ്ക്കോ' എന്ന നിർദ്ദേശം ദിവസേന ആവർത്തിക്കപ്പെടുന്നു. എന്റെ മാനസികവൈവശ്യത്തെപ്പററി കുറെയെങ്കിലും ഊഹിക്കാനങ്ങയ്ക്കു കഴിയുമെന്നാണെന്റെ വിശ്വാസം.

"ഒരു ബന്ദിയെപ്പോലെയാണ് ഞാനിന്നു കഴിയുന്നത്............എനിക്കിഷ്ടമുള്ള പുസ്തകങ്ങളിൽ വേദപുസ്തകവും വള്ളത്തോളിന്റെയും മററും കവിതകളും മാത്രമേ വെട്ടത്തു വായിക്കുവാൻ സൌകര്യമുള്ളു. മാനസികമായ ഈ മർദ്ദനവും ഈ പരാധീനതയുംകൂടി എന്നെ എന്താക്കിത്തീർക്കുമെന്ന് എനിക്കുതന്നെ നിശ്ചയമില്ല........"

യാതൊരു പരിചയവുമില്ലാത്ത വൈക്കത്തുകാരൻ ഒരു യുവാവിൽനിന്നു യാദൃച്ഛികമായി എനിക്കു കിട്ടിയ കത്തിലെ ഒരു ഭാഗമാണ് മേലുദ്ധരിച്ചിട്ടുള്ളതു്. അയാൾ സ്കൂൾഫൈനൽപ്പരീക്ഷയിൽ ക്ലാസ്സോടുകൂടി പാസ്സായിട്ടുണ്ടെന്നാണു് കത്തിൽനിന്നു മനസ്സിലാവുന്നതു്. കോട്ടയം സി. എം. എസ്. കോളേജിൽ ഇൻററർമീഡിയററാരംഭിച്ചുവെങ്കിലും ദാരിദ്ര്യവും പ്രോത്സാഹനക്കുറവും നിമിത്തം പഠിപ്പു തുടരാനൊത്തില്ല. ഇനി സ്വയം വായിച്ചറിഞ്ഞു വേണം ഈ ചെറുപ്പക്കാരന്നു സാംസ്കാരികമായി വളരാൻ. അതിന്നു കണക്കററാശയുമുണ്ടു്. പക്ഷേ—അതേ അവിടം പിടിച്ചാണല്ലോ അയാളുടെ പരാതി ഇതു വൈക്കത്തുകാരൻ ഒരു കൃസ്ത്യൻയുവാവിൻെറമാത്രം പരാതിയല്ലെന്നെനിക്കു തോന്നുന്നു. ഏറെക്കുറെ ഇതുപോലുള്ള പരാതിക്കത്തുകൾ മുമ്പും കിട്ടിയിട്ടുണ്ടു്—എൻെറ കീഴിൽ പഠിച്ചുപോയ കുട്ടികളിൽനിന്നു്.

ഇമ്മാതിരി കത്തുകൾ വായിക്കുമ്പോൾ സ്വന്തം അനുഭവങ്ങൾ ചിലതു് ഓർമ്മവരുന്നു. സെക്കണ്ടറിക്ലാസുകളിൽ പഠിച്ചിരുന്ന കാലത്തൊരിക്കൽ കുണ്ടൂരിൻെറ 'നാലുഭാഷാകാവ്യങ്ങൾ' വായിച്ചതിന്നു കാരണവന്മാർ എന്നെ താക്കീതുചെയ്കയുണ്ടായി—ഹിന്ദുസ്ത്രീകളുടെ ശൃംഗാരച്ചേഷ്ടകൾ വായിച്ചു ദുസ്സ്വഭാവം പഠിക്കരുതു് എന്നു്. മററാരിക്കൽ ഒരിററാലിയൻസാഹിത്യകാരനായ ഗിയോവന്നി പപ്പീനിയുടെ 'ദി സ്റ്റോറി ഓഫ് ക്രൈസ്റ്റ്' എന്ന പുസ്തകം കൈയിൽ കൊണ്ടുനടക്കുന്നതു് ഒരുത്തമകത്തോലിക്കന്നു യോജിച്ചതല്ലെന്നു് ഇടവകവികാരി ശാസിച്ചതായി ഓർക്കുന്നു. ആ പുസ്തകത്തിൽ ക്രിസ്തുവിനെ മുതലാളി

കളുടെ ശത്രുവായിട്ടാണു് ചിത്രീകരിച്ചിരിക്കുന്നതു്. 'മാമൺ' എന്നും മററുമുള്ള അദ്ധ്യായങ്ങളിൽ പപ്പീനി അമേരിക്കൻകമ്പോളത്തലവന്മാരുടെയും മററും നേരെ പീരങ്കിയൊഴിച്ചിട്ടുണ്ടു്. നല്ലൊരു ക്രിസ്ത്യാനിക്കു യോജിക്കാത്ത വിപ്ലവകരങ്ങളായ പല ആശയങ്ങളും അപ്പുസ്തകത്തിൽ ഉണ്ടെന്നുള്ളതായിരുന്നു വികാരിയച്ചൻെറ നിരോധനത്തിന്നു കാരണം. 'ഇമ്പ്രിമാത്തൂർ' ഉള്ളൊരു പുസ്തകമായിട്ടും, അതു വായിക്കുന്നതാപത്താണെന്നു് അദ്ദേഹം താക്കീതുചെയ്യതിൽ ഞാൻ സ്വല്പം അമ്പരക്കുകയുണ്ടായി. തൃശ്ശിനാപ്പള്ളിയിൽ ബി. എ. യ്ക്കു പഠിച്ചിരുന്നപ്പോളുണ്ടായ മറെറാരനുഭവം ഇതിലുമൊക്കെ രസകരമാണു്. ഇന്ത്യൻസ്വാതന്ത്ര്യസമരത്തിൻെറ അലകൾ അങ്ങിങ്ങായെത്തിയിരുന്നു അക്കാലത്തു്. ഹിന്ദുപത്രം സമരവാർത്തകൾ മുട്ടൊക്കെ പ്രസിദ്ധീകരിച്ചിരുന്നു. പക്ഷേ ആ പത്രം വായിക്കരുതെന്നും മദ്രാസ്മെയിൽമാത്രമേ വായിക്കാവൂ എന്നും ബോർഡിങ്ങിൽ ഒരലിഖിതശാസനമുണ്ടായിരുന്നു. ഹിന്ദുപത്രം വല്ലവരുടേയും കൈയിൽ കണ്ടാൽ അധികൃതന്മാർ പിടിച്ചെടുക്കുമായിരുന്നു അന്നൊക്കെ. അങ്ങനെയിരിക്കെ എച്ച്. സി. ഇ. സഖറിയാസ് എന്നൊരു ബെൽജിയൻകത്തോലിക്കൻ ദേശീയസമരത്തെ അനുകൂലിച്ചുനിന്നുകൊണ്ടു കൽക്കത്തയിൽനിന്നു് പ്രസിദ്ധീകരിച്ചിരുന്ന 'ദി വീക്ക്' എന്ന പത്രം ഞങ്ങളുടെ കയ്യിൽ കിട്ടുകയുണ്ടായി. കത്തോലിക്കപ്പത്രമാണല്ലോ എന്നു കരുതി ഞങ്ങൾ പരസ്യമായി വരുത്തി വായിച്ചുതുടങ്ങി. താമസമുണ്ടായില്ല, ആ പത്രവും ബോർഡിങ്ങിൽ നിരോധിക്കപ്പെട്ടു—നാഷനലിസ്റ്റാണു് എന്ന ന്യായത്തിന്മേൽ. കാ

ലം മാറുന്നതോടൊപ്പം സംസ്കാരരംഗത്തുള്ള ഇമ്മാതിരി ചൌക്കകൾ റദ്ദാവുമെന്നു് അന്നൊക്കെ വിചാരിച്ചിരുന്നു. എന്നാൽ അനന്തരാനുഭവങ്ങൾ പിന്നേയും പിന്നേയും വെളിപ്പെടുത്തി, ഏതുകാലത്തും നിലവിലുള്ള താൽപ്പര്യ ങ്ങൾക്കു ബാധകമായേയ്ക്കാവുന്ന ഏതുതരം അറിവും നി രോധിക്കപ്പെടാനിടയുണ്ടു് എന്നു്. ജീവിതത്തിൽ പകു തിയിലധികവും പിന്നിട്ടുകഴിഞ്ഞ എൻെറ കാര്യത്തിൽ മാത്രമല്ല, ജീവിതത്തിലേയ്ക്കു കടന്നുവരുന്ന പുത്തൻതലമു റയുടെ കാര്യത്തിലും ഈ വസ്തുത ദൃഷ്ടാന്തീകൃതമാകുന്നുണ്ടെ ന്നു മുന്നുദ്ധരിച്ച എഴുത്തുകൾ വിളിച്ചുപറയുന്നു.

സാംസ്കാരികമായ ഈ ബ്ലാക്കൌട്ടിൻെറ അത്ഥമെ ന്തു്? ഒരുദ്ദേശവുമില്ലാതെ, യാതൊരാളുമറിയാതെ, സംഭ വിച്ചുപോകുന്നതാണോ ഇതൊക്കെ? അങ്ങനെ ഭാവിക്കുന്ന വരുണ്ടാകാം. യാതൊരു ബ്ലാക്കൌട്ടും നടക്കുന്നില്ലെന്നു വരെ വാദിച്ചേയ്ക്കും അവർ. പക്ഷേ അതൊന്നും വിശ്വ സിക്കുവാൻ വയ്യല്ലോ, സ്വന്തം കൺമുമ്പിൽത്തന്നെ നി ഷേധിക്കാൻവയ്യാത്ത തെളിവിരിക്കുമ്പോൾ. ഓരോ തല മുറയിലും തുടൎന്നുപോരുന്ന ഈ നിരോധനത്തിൻെറ പി ന്നിൽ അടക്കിയാലും അടങ്ങാത്ത ഒരു ശക്തിയുണ്ടായിരി ക്കണം; പ്രകടമായ ഉദ്ദേശങ്ങളുമുണ്ടായിരിക്കണം.

കൂടുതൽക്കൂടുതൽ അറിവുണ്ടാവുക—ഈ ഒരൊററ ഊ ന്നുവടിയിന്മേലാണു് മനുഷ്യൻ മുന്നോട്ടു പോന്നിട്ടുള്ളതു്. മാനവസംസ്കാരമെന്നു പറയുന്നതു് ഓരോ കാലഘട്ടത്തി ലുമായി മനുഷ്യൻ നേടിനേടിപ്പോന്നിട്ടുള്ള അറിവുകളു ടെ ആകത്തുകയാണു്. ഇനിയും സാംസ്കാരികമായി വള

രണം മനുഷ്യനെന്നുണ്ടെങ്കിൽ, ഇനിയും അറിവു മനുഷ്യരാശിയിലാകെ പരക്കണം; ഇന്നത്തേതിലുമധികം വർദ്ധിക്കുകയും വേണം. ഇതൊന്നും ആരും വിസമ്മതിക്കുകയില്ല. എന്നിരുന്നാലും സ്വാഭാവികമായ ഈ വളർച്ചയെ വിലംബപ്പെടുത്തുന്ന മേൽപ്പറഞ്ഞതരം നിരോധനനടപടികൾ സാംസ്കാരികരംഗത്തിൽ മുറയ്ക്കുണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ഇവിടെ വല്ലാത്തൊരു പൊരുത്തക്കേടില്ലേ? ഇതിന്റെ രഹസ്യമെന്താണ്?

സാമൂഹ്യജീവിതത്തിൽ അടിയുറച്ചപ്പോഴേയ്ക്കും മനുഷ്യരാശിയെ ഓരോ അതിർത്തിവരെ സാധാരണീകരിച്ചു ചില ചില മര്യാദകൾക്കകത്തു നിയന്ത്രിച്ചു നിർത്താൻ ഏതാനും ഏജൻസികളുണ്ടായി—കുടുംബം, ജാതി, സമുദായം, രാഷ്ട്രം എന്നിങ്ങനെ. എല്ലാററിന്റെയും പിന്നിൽ വിധിനിഷേധങ്ങൾക്കുറവിടമായി മതം പ്രവർത്തിച്ചുകൊണ്ടിരുന്നു—നേരിട്ടും അല്ലാതെയും ഏജൻസികളുടെ മീതെ 'സൂപ്പർ ഏജൻസി' എന്ന മട്ടായിരുന്നു മതമെന്നു പറയാം. ധർമ്മാധർമ്മങ്ങൾ അവിചാല്യങ്ങളായ ഈശ്വരശാസനങ്ങളിന്മേൽ നിലകൊള്ളുന്നു എന്ന വിശ്വാസത്തിൽനിന്നാണ് മതത്തിന്നു പരമാധികാരമുള്ള ഒരു ശക്തിയായിത്തീരാൻ കഴിഞ്ഞത്. സാമൂഹ്യജീവിതത്തിൽനിന്നു താനേ ഉടലെടുത്തവയാകയാൽ പ്രാരംഭദശയിൽ ഇപ്പറഞ്ഞ തരംതിരിവുകളും ഏജൻസികളുമൊക്കെ മനുഷ്യന്റെ നന്മയ്ക്കുവേണ്ടിമാത്രമുള്ളവയായി പൊതുജനങ്ങൾക്കിടയിൽ കണക്കാക്കപ്പെട്ടിരുന്നു. എന്നാൽ അപ്പോഴും അവയുടെ നിയന്താക്കളായിരുന്നവർ അവയെ താന്താങ്ങളുടെ പ്രഭാവത്തിന്നുള്ള കരുക്കളാക്കാൻ ഉദ്ദേശിച്ചിരുന്നു.

ആ ഉദ്ദേശം ഈശ്വരസമ്മതമാണെന്നുവരെ അവകാശപ്പെടാൻ അവർ മടിച്ചില്ല. കാലാന്തരത്തിൽ തങ്ങളുടെ ഉദ്ദേശവും അവകാശവാദവുമൊക്കെ ചോദ്യപ്പെട്ടേയ്ക്കുമെന്നു ഭയപ്പെട്ട അവർ അവയെ സാധൂകരിക്കാനും ശശ്വൽക്കരിക്കാനും പറവുന്ന വിധത്തിൽ കാലേക്കൂട്ടി സ്മൃത്യാദി ധൎമ്മസംഹിതകൾ എഴുതിവെയ്ക്കുകയും ചെയ്തു. ഈശ്വരന്റെ കൈയൊപ്പിന്മേൽ ആ സ്മൃത്യാദിധൎമ്മസംഹിതകൾ കുറെക്കാലത്തേയ്ക്കു യാതൊരു നീക്കുപോക്കുമില്ലാതെ അനുസരിക്കപ്പെട്ടു. അവയെ ചോദ്യംചെയ്യാൻ കരുത്തുണ്ടാകാതിരിക്കത്തക്കവിധം ജ്ഞാനവിജ്ഞാനങ്ങൾ തങ്ങൾക്കു നിഷേധിക്കപ്പെട്ടിരുന്ന വസ്തുത ബഹുജനങ്ങൾ അത്രയും കാലം അറിയാതെപോയി. പിന്നിട്ടുപിന്നിട്ടു ബഹുജനപക്ഷത്തിൽത്തന്നെയും ജ്ഞാനവിജ്ഞാനങ്ങൾ ഏറെക്കുറെ വ്യാപിച്ചതോടുകൂടി തലയാളന്മാർ സ്വന്തംതാൽപര്യങ്ങളെ മുൻനിറുത്തി അരക്കിട്ടുറപ്പിച്ചിരുന്ന വിധിനിഷേധങ്ങൾ കുറേശ്ശെ ഇളകിത്തുടങ്ങി. യൂറോപ്പിൽ പാരമ്പൎയ്യങ്ങളെ പിടിച്ചുകുലുക്കാനുള്ള തന്റേടം ജനങ്ങൾക്കുണ്ടായിത്തുടങ്ങിയതു മദ്ധ്യശതകങ്ങളിലാണു്. ഫ്രഞ്ചുവിപ്ലവത്തിന്റെ മുന്നോടിയായ ആ യുക്തിയുടെ യുഗമായപ്പോഴേയ്ക്കും സ്വതന്ത്രമായി ചിന്തിച്ചേ എന്തും കൈക്കൊള്ളാവൂ എന്ന മനസ്ഥിതി യൂറോപ്പിൽ സാൎവ്വത്രികമായെന്നു പറയാം. ഹെൽവിഷിയസ്സിന്റെയും മററും നേതൃത്വത്തിൽ പ്രസിദ്ധീകൃതമായ ഫ്രഞ്ച് എൻസൈക്ലോപീഡിയ അന്ധവിശ്വാസത്തിന്റെ ചപ്പും ചവറും ഒട്ടൊക്കെ തൂത്തുവാരിക്കളയുകതന്നെ ചെയ്തു. സംസ്കാരരംഗത്തു നിലനിന്നുപോന്ന പഴങ്കോയ്മയ്ക്കു് ഒന്നാമതു കിട്ടിയ പ്രഹരം ആ എൻ

സൈക്ലോപീഡിയയാണെന്നു വേണം പറയാൻ. യുക്തിവാദത്തിൻെറയും വസ്തുസ്ഥിതിനിർദ്ധാരണാത്മകമായ ശാസ്ത്രത്തിൻെറയും അടിച്ചടിച്ചുള്ള കയററത്തെ എന്തടവുപയോഗിച്ചും തടയാൻ പ്രതിലോമശക്തികഠം ശ്രമിച്ചിട്ടുണ്ടു്. വിജ്ഞാനത്തെ വഞ്ചിക്കാൻ കൂട്ടാക്കാത്ത പല മഹാന്മാരും ആ പ്രതിലോമശക്തിയുടെ കൈയിൽ രക്തസാക്ഷികളായിട്ടുമുണ്ടു്. ഗലീലിയോതൊട്ടു വോഠട്ടയർവരെ എത്രയോ പേരെ ചൂണ്ടിക്കാണിക്കാൻ കഴിയും. രാഷ്ട്രീയാധികാരംപോലും പ്രത്യക്ഷമായോ പരോക്ഷമായോ കൈയടക്കിക്കൊണ്ടാണു് മിക്ക ഏജൻസികളും സാംസ്കാരികമായ ഉൽപതിഷ്ണുത്വത്തെ മർദ്ദിച്ചൊതുക്കിയിരുന്നതു്. ഒരേ ഒരുദ്ദേശമേ ആ നിയന്ത്രണത്തിനും മർദ്ദനത്തിനുമെല്ലാമുണ്ടായിരുന്നുള്ളു—സ്വന്തം താൽപര്യങ്ങളെ വാട്ടിക്കളയുന്ന ചൂടും വെളിച്ചവും പരക്കാൻ സമ്മതിയ്ക്കാതിരിക്കുക.

ക്രിസ്തുമതംതൊട്ടു ഫ്രഞ്ചുവിപ്ലവംവരെ നടന്ന സാംസ്കാരികപരിവർത്തനംകൊണ്ടു യൂറോപ്പിലെന്തുണ്ടായി? മനുഷ്യൻ ദൈവത്തിൻെറ മുമ്പിൽ, അല്ലെങ്കിൽ നിയമത്തിൻെറ മുമ്പിൽ, സമന്മാരാണെന്നുള്ള ഒരു ബോധംമാത്രം. ഇതുതന്നെ വലിയൊരു നേട്ടമാണെന്നു സമ്മതിക്കണം. പക്ഷേ അപ്പോഴും സാമൂഹ്യജീവിതത്തിൽ അസമത്വങ്ങളെ നിലനിർത്തി കുറെ വമ്പന്മാർക്കു മേലനങ്ങാതെ സുഖിച്ചു മത്തടിക്കാനുള്ള സ്വാതന്ത്ര്യം ശേഷിച്ചു. ദൈവത്തിൻെറ മുമ്പിൽ തുല്യരെന്നു പറഞ്ഞാൽ ആത്മീയമൂല്യങ്ങളിൽ തുല്യരെന്നേ അർത്ഥമുള്ളു. ഭൌതികജീവിതത്തിൽ

മേലും കീഴമുണ്ടാകാം. പിന്നെയും. ആ മേഖലയിലേയ്ക്കു ദൈവത്തിന്റെ മുമ്പിലെ തുല്യത വ്യാപിക്കണമെന്നില്ല എന്നത്ഥം. അതുപോലെതന്നെയാണു് നിയമത്തിന്റെ മുമ്പിലെ തുല്യതയും. നിയമങ്ങളാരുണ്ടാക്കി? പ്രമാണികഠം, സാമ്രാജ്യജീവിതത്തിന്റെ കപ്പിത്താന്മാർ. തങ്ങളുടെ താൽപയ്യങ്ങളെ പരിരക്ഷിക്കത്തക്കവിധമേ ആവുള്ളവല്ലോ അവരുണ്ടാക്കുന്ന നിയമങ്ങഠം. നിഷ്പക്ഷളിയില്ലാതെ, ബഹുജനങ്ങഠംക്കു തുല്യാവകാശങ്ങഠം വിധിക്കുന്ന നിയമങ്ങളുണ്ടാക്കേണ്ടിവന്നാൽത്തന്നെയും അവയുടെ പ്രവത്തനത്തെ തങ്ങളുടെ കൈയിലിരിക്കുന്ന സക്കാരും കോടതിയും വഴിക്കു തങ്ങഠംക്കനുകൂലമാക്കിത്തീക്കാൻ അവക്കറിയാം. നിത്യജീവിതത്തിനുതന്നെ വകതികയാത്തവനുണ്ടോ കോടതികേറി നിയമദത്തമായിട്ടുള്ള അവകാശങ്ങഠം നേടാൻ കഴിയുന്നു? നിയമങ്ങളും തൽപ്രവത്തനശക്തികളും അഭിജാതപക്ഷത്തിന്റേതായിരിക്കുന്ന കാലത്തോളം നിയമത്തിന്റെ മുമ്പിലെ തുല്യതകൊണ്ടു സാധാരണജനങ്ങഠംക്കൊരു മെച്ചമുണ്ടാകാനില്ല. പരിവത്തനത്തിന്റെ ഫലം ഇങ്ങനെയായിപ്പോയതിനാൽ അടിമത്തം, ഒരു വിധത്തിലല്ലെങ്കിൽ മറെറാരു വിധത്തിൽ, പിന്നെയും ബാക്കിയായി. കുടുംബങ്ങളും സമുദായങ്ങളും മററും പരമ്പരാഗതവിശ്വാസങ്ങളിൽനിന്നു വ്യതിചലിക്കാൻ തയ്യാറായില്ല, പുതിയ യുഗത്തിലെത്തിക്കഴിഞ്ഞിട്ടും.

നിയമപരമായി എന്തെല്ലാം തുല്യതകഠം കൈവന്നതായി ഭാവിച്ചാലും, അനുദിനജീവിതസൌകയ്യങ്ങളിൽ ഏറെക്കുറെ തുല്യത കൈവരുത്താൻ കഴിയുന്നില്ലെങ്കിൽ,

തുല്യതയെപ്പററിയുള്ള വാദങ്ങൾക്കൊന്നിനും അർത്ഥമില്ലെന്നു കാലാന്തരത്തിൽ വ്യക്തമായി. ഭൌതികജീവിതത്തിലെ ഉയർച്ചകൾക്കും താഴ്ചകൾക്കുമൊക്കെ ഉത്തരവാദപ്പെട്ടിട്ടുള്ളതു ജാതകമോ 'തലേലെഴുത്തോ' ആണെന്നുള്ള വിശ്വാസം നിലനിന്ന കാലത്തോളം പ്രസ്തുതാസമത്വങ്ങൾ നിർമ്മാർജ്ജനംചെയ്യുവാൻ അധികമാരും കൈയുയർത്തിയില്ല. പക്ഷേ ഫ്രഞ്ചുവിപ്ലവത്തിനുശേഷം ആ നിസ്സഹായതാബോധം ക്ഷയിച്ചുക്ഷയിച്ചുവന്നു. പോരാ, വ്യവസായയുഗത്തിന്റെ കൊടുമുടികളിൽ നിന്നുകൊണ്ടു ചിന്തിച്ച മാർക്സ് സാമൂഹ്യജീവിതത്തിലെ ഉൽകർഷാപകർഷങ്ങൾക്കു നിദാനം ഈശ്വരനോ ജാതകമോ മനുഷ്യന്റെ സ്വതസ്സിദ്ധമായ ദൌർബ്ബല്യമോ അല്ല, പ്രത്യുത, മനുഷ്യരിൽത്തന്നെ ഒരു കൂട്ടർ ശാശ്വതമെന്നുള്ള ഭാവേന വെച്ചുപോററിക്കൊണ്ടിരുന്ന ഭൂരിപക്ഷചൂഷണാത്മകമായ സാമ്പത്തികനീതിയാണു് എന്നു സിദ്ധാന്തിക്കുകയും ചെയ്തു. മാർക്സിന്റെ കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ പ്രസിദ്ധീകൃതമായതിനുശേഷം വ്യവസായവൽകൃതരാജ്യങ്ങളിൽ ട്രേഡ് യൂനിയനിസം പൂർവ്വാധികം ശക്തിപ്പെട്ടു. അതിന്റെ കൊടിക്കീഴിൽ തൊഴിലാളികൾ സംഘടിച്ചുനിന്നു പുതിയൊരു സാമ്പത്തികനീതിക്കുവേണ്ടി കുറെക്കൂടി വീറോടുകൂടി വാദിക്കുകയായി. ഏറെത്താമസിച്ചില്ല, യൂറോപ്പിൽ അദ്ധ്വാനിക്കുന്ന ജനങ്ങൾക്കിടയിൽ പൊതുവെ കൊള്ളലാഭക്കുത്തകകൾക്കെതിരായി ഒരു സമരാസക്തിതന്നെ വളർന്നുവെന്നു പറയാം. ഒന്നാംലോകമഹായുദ്ധത്തോടുകൂടി സാമ്പത്തികരംഗത്തു പഴയതും പുതിയതുമായ വീക്ഷണഗതികൾ തമ്മിൽ പ്രകടസംഘട്ടനമായിക്കഴിഞ്ഞു. അതോ

ടെ പാരമ്പര്യത്തിൽ അടിയുറച്ചുനിന്ന ജാതി–മത–സമുദായതാൽപര്യങ്ങൾക്കെല്ലാംതന്നെ അഭൂതപൂർവ്വമായൊരസ്വാസ്ഥ്യം ഉളവായി. രണ്ടാംലോകമഹായുദ്ധത്തിനുശേഷം പഴയ നീതിയുടെ പരിരക്ഷകന്മാർ എല്ലാത്തരം പുതുമകൾക്കുമെതിരായി ലോകത്തിലാകെ പ്രതിരോധദുർഗ്ഗങ്ങൾ കെട്ടിപ്പടുത്തുകൊണ്ടിരിക്കുകയാണ്. സോവിയററുയൂണിയൻതൊട്ടുള്ള കുറെ രാജ്യങ്ങൾ ഉൽപതിഷ്ണുനീതിയുടെ ശക്തികേന്ദ്രങ്ങളായി മാറിയിരിക്കുകയാൽ അവിടങ്ങളിൽ പ്രതിരോധനടപടികൾക്കു തെല്ലും പ്രസക്തിയില്ല. എന്നാൽ രണ്ടാംലോകമഹായുദ്ധത്തിനുശേഷം മിക്കവാറും സ്വാശ്രിതമായിത്തീർന്ന ചൈനയൊഴിച്ച് ഇപ്പോഴും അങ്ങോട്ടോ ഇങ്ങോട്ടോ എന്നു തീർച്ചപ്പെടാതെ കിടക്കുന്ന ഏഷ്യൻരാജ്യങ്ങളിൽ പഴഞ്ചൻതാൽപര്യങ്ങളുടെ കുത്തിത്തിരിപ്പുകൾ എല്ലാ രംഗങ്ങളിലും നടക്കുന്നുണ്ട്. ഈ പരിപാടിയുടെ ഒരു പ്രധാനവശമാണ് സാംസ്കാരികമായ ബ്ലാക്കൌട്ടും മററും.

ബ്രിട്ടീഷുകാരൻ തന്റെ 'രാഷ്ട്രീയം' കൈവിട്ടു പിന്മാറിയതോടുകൂടി, അധസ്ഥിതരാജ്യങ്ങളിലെ കമ്പോളങ്ങൾക്കുവേണ്ടി പടവെട്ടുന്ന അമേരിക്ക ഇന്ത്യയിൽ താവളമുറപ്പിച്ചിരിക്കുന്നു. ബ്രിട്ടീഷുഭരണകാലത്തു നടപ്പാക്കിയിരുന്ന ഒരു മാതിരി 'കാലോചിതഭരണപരിഷ്ക്കാര'ങ്ങളുണ്ടല്ലോ, ആ വകയൊന്നും പോരാ, മറിച്ചു സാമ്പത്തികനീതിയിൽ മൌലികമായി തിരുത്തലുകൾതന്നെ വേണം എന്നുള്ള അഭിപ്രായം ഇന്ത്യയിലങ്ങോളമിങ്ങോളം ശക്തിപ്പെട്ടിട്ടുണ്ട്. ദേശീയസക്കാരിൻെറ നയപരിപാടികൾ വസ്തുസ്ഥി

തികളുടെ നേരെ പുറന്തിരിഞ്ഞുനില്ക്കുകയാണെന്നു ബോധപ്പെട്ടുവരുന്തോറും ബഹുജനങ്ങൾക്കു പ്രസ്തുതാഭിപ്രായത്തിൽ വിശ്വാസം ഉറച്ചുവരികയാണ്. ഇതെല്ലാം യഥായോഗ്യം മനസ്സിലാക്കിയിട്ടുള്ള അമേരിക്കൻസാമ്രാജ്യവാദികൾ ഇന്ത്യയിൽ പലവഴിക്കും നുഴഞ്ഞുകയറി വിപ്ലവകരമായ മനസ്ഥിതിയെ മരവിപ്പിക്കാൻ മററെവിടെയുമെന്നതിലധികം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇന്ത്യയുടെമേൽ വന്നുവീണിട്ടുള്ള ഈ കരിനിഴൽ രാഷ്ട്രീയവും സാമ്പത്തികവുമായ രംഗത്തിൽമാത്രമല്ല, സാംസ്കാരികജീവിതത്തിലെ എല്ലാ രംഗങ്ങളിലും പരന്നിരിക്കുന്നു. സാർവ്വദേശീയ മര്യാദകൾ ലംഘിക്കരുതല്ലോ എന്നുവെച്ചൊതുങ്ങിക്കഴിയുന്ന ഇന്ത്യൻനേതൃത്വത്തെപ്പോലും നിർദ്ദയം വഞ്ചിച്ചു സ്വന്തം ധർമ്മസംഹിതയെ ഇന്ത്യൻജനതയുടെ മേൽ കെട്ടിയേല്പിക്കാൻ അമേരിക്ക ഉത്സാഹിക്കുന്നുണ്ട്. അതിന്നിടയിൽ ഇന്ത്യയിൽനിന്ന് ഏതേതു യാഥാസ്ഥിതിതാൽപര്യങ്ങളെ കൂലിക്കു കിട്ടുമോ, അവയെയെല്ലാം യഥാവസരം പിടിച്ചെടുത്തുപയോഗപ്പെടുത്തുന്നുമുണ്ട് അമേരിക്ക. സ്വന്തം അഗ്നിപർവ്വതത്തെ അടപ്പൂരി ഏഷ്യൻരാജ്യങ്ങളുടെ നേരെ വെക്കും എന്നുള്ള ഭീഷിണിപോലും അമേരിക്കൻ വൻകിടതാൽപര്യങ്ങൾ ഇന്ത്യൻനേതൃത്വത്തോടു പ്രയോഗിച്ചിട്ടുണ്ട്. ഏതാണ്ടൊരുരാക്കുടുക്കിൽ പെട്ടതുപോലെ നിലകൊള്ളുന്ന ഇന്ത്യ സ്വന്തം മണ്ണിൽ ഇവർ കാട്ടിക്കൂട്ടുന്ന പേക്കൂത്തുകളുടെ നേരെ കണ്ണടയ്ക്കുന്നതുപോലെയാണ് ഇന്നത്തെ അനുഭവം.

കേരളത്തിൽ, പ്രത്യേകിച്ചു തിരു-കൊച്ചിയിൽ, യാഥാസ്ഥിതികത്വവും ഉൽപതിഷ്ണുത്വവും തമ്മിൽ വ്യക്തമാ

യ സംഘട്ടനമായിക്കഴിഞ്ഞിരിക്കുന്നു. ഒരു ഭാഗത്തു ജനപ്പെരുപ്പവും തൊഴിലില്ലായ്മയും തൽഭവമായുള്ള ദാരിദ്ര്യവും കഷ്ടപ്പാടും ഒന്നിച്ചുകൂടി ബഹുജനങ്ങളെ തീവ്രവാദികളാക്കിയിരിക്കുന്നു. നിലവിലുള്ള ധർമ്മനീതികളുടേയും വിശ്വാസങ്ങളുടേയും അടക്കിപ്പിടുത്തത്തിൽനിന്നു കുതറിച്ചാടുവാൻ ദാരുണാനുഭവങ്ങൾ അവരെ അടിക്കടി ധൈര്യപ്പെടുത്തിക്കൊണ്ടിരിക്കുന്നു. സമത്വത്തിൻെറയും സാഹോദര്യത്തിൻെറയുമൊക്കെ അടിസ്ഥാനത്തിൽ ഏറെക്കുറെ പ്രതിജ്ഞാബദ്ധരായ എഴുത്തുകാർ ചിന്തകന്മാർ മുതലായ ബുദ്ധിജീവികൾ ബഹുജനപ്രബുദ്ധതയെ മേല്ക്കുമേൽ വകവെച്ചുവരികയാണിപ്പോൾ. രാജ്യത്തുടനീളം സംഘടിതമായി കത്തിപ്പിടിച്ച ഈ നവോത്ഥാനത്തെ തച്ചുകെടുത്താൻ മറുപക്ഷത്തുള്ള എല്ലാത്തരം യാഥാസ്ഥിതികശക്തികളും ഒന്നിച്ചൊരുങ്ങിപ്പുറപ്പെട്ടിട്ടുണ്ട്. കോൺഗ്രസ്സ് ഒരു പുരോഗമനശക്തിയായിരുന്ന കാലത്തു വെള്ളക്കാരൻെറ നക്കാപ്പിച്ചകൾ വാങ്ങി അതിനെപ്പോലും എതിർത്തിരുന്ന സമുദായവാദികളാണു് ഈ പിന്തിരിപ്പൻപ്രസ്ഥാനത്തിൻെറ ഉപജ്ഞാതാക്കൾ. മതത്തിൻെറ കയ്യുമുണ്ടായിരുന്നു അവരുടെ പിന്നിൽ. മതാതീതരാഷ്ട്രത്തിനുവേണ്ടി നിലകൊള്ളുന്നു എന്നു ഭാവിച്ച കോൺഗ്രസ്സുകാർ ഈ സമുദായവാദികളുടെ നേരെ കൊഞ്ഞനം കാണിക്കാതിരുന്നില്ല. പക്ഷേ വളരെ താമസിച്ചില്ല, 'സ്റ്റാററസ്കോ' നേടിക്കഴിഞ്ഞ കോൺഗ്രസ്സിനെ സമുദായവാദികളും അവരെ അണിനിരത്തിയ വൻകിട താൽപര്യക്കാരുമൊക്കെക്കൂടി പിടിച്ചടക്കിക്കളഞ്ഞു. 'യഥാ രാജാ തഥാ പ്രജാ' എന്ന നയക്കാരായ ഈ പിന്തിരിപ്പന്മാർ കോൺഗ്ര

സ്സിനോടുണ്ടായിരുന്ന എതിൎപ്പു തുടൎന്നുവെങ്കിൽമാത്രമേ അത്ഭുതപ്പെടാനുള്ളൂ. രാഷ്ട്രീയരംഗത്തിലെ ഈ പുത്തൻനേതൃത്വം ഭരണവൈകല്യംകൊണ്ടു നാട്ടുകാരെ ഒന്നടക്കം നൈരാശ്യപ്പെടുത്തിത്തുടങ്ങിയപ്പോൾ അതേവരെ ഒളിച്ചുകളിച്ചിരുന്ന മതം അരങ്ങത്തിറങ്ങി ആ നേതൃത്വത്തിൻെറ അഭിനയവൈകല്യങ്ങളെ നികത്തുവാൻ കോപ്പിട്ടിരിക്കയാണു്. 'കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി' എന്ന പേരിലാണു് മതത്തിൻെറ അരങ്ങേററം. ഈശ്വരനെ രക്ഷിക്കാനേററിരിക്കയാണത്രേ അതിൻെറ പ്രവൎത്തകന്മാർ. രാഷ്ട്രീയരംഗത്തിൽ അവർ അസന്ദിഗ്ദ്ധമായി പറയുന്നുണ്ടു്, കോൺഗ്രസ്സിന്നേ വോട്ടുചെയ്യാവൂ എന്നു്. അപ്പോൾ അവർ രക്ഷിക്കാനുദ്ദേശിക്കുന്നതു് ഈശ്വരനെയോ ഈശ്വരവിശ്വാസത്തെയോ അല്ല, കോൺഗ്രസ്സിനേയും കോൺഗ്രസ്സുൾക്കൊണ്ടിട്ടുള്ള നിലവിലുള്ള രാഷ്ട്രീയവും സാമൂഹ്യവും സാമ്പത്തികവുമായ താല്പൎയ്യങ്ങളേയുമാണെന്നു സ്പഷ്ടം. ഈ കള്ളക്കളി സാമാന്യജനങ്ങൾ ശരിക്കു മനസ്സിലാക്കുന്നില്ലെന്നു തോന്നുന്നു. പരമാൎത്ഥത്തിൽ കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി കമ്മ്യൂണിസത്തിന്നുമാത്രമല്ല, എല്ലാ പുരോഗമനവാഞ്ഛകൾക്കും വിരുദ്ധമായ മുന്നണിയാണു്. സ്വാതന്ത്ര്യസമരകാലത്തു കോൺഗ്രസ്സിനെ എതിൎത്തിരുന്നപ്പോൾ മതത്തിൻെറ വാക്താക്കൾക്കുണ്ടായ മനോഭാവമുണ്ടായിരുന്നുവോ, അതേ പിന്തിരിപ്പൻമനോഭാവംതന്നെയാണു് 'വിരുദ്ധമുന്നണി'യുടെ പേരിൽ പൎത്തിവിടുത്താടുന്നതു്.

കേരളത്തിലെ കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി ഒരഖില ലോകപ്രസ്ഥാനത്തിൻെറ ഘടകമാണെന്നു് അതിൻെറ

പ്രവാചകന്മാർ പ്രഘോഷിക്കുന്നുണ്ട്. ഏതാണ് അവരുടെ ഈ 'അഖിലലോകം'? യൂറോപ്പിൽ പകുതിയോളം രാജ്യങ്ങളിൽ ഇത്തരമൊരു പ്രസ്ഥാനത്തിന്നു യാതൊരു പ്രസക്തിയുമില്ല. ഏഷ്യയിൽത്തന്നെയും നല്ലൊരു ഭാഗം ഇതിൻെറ മേഖലയാകാൻ കൂട്ടാക്കാതിരിക്കുന്നു. യൂറോപ്പിൽ പാർളിമെണ്ടറിഡമോക്രസികളായി ശേഷിച്ചിട്ടുള്ള ഇംഗ്ലണ്ട് മുതലായ രാജ്യങ്ങളിൽപ്പോലും പുരോഗമനപ്രവണതകഠംക്കെതിരായി നമ്മുടെ 'വിരുദ്ധമുന്നണി'യുടെ സ്വഭാവത്തോടുകൂടിയ ഒരു 'ദൈവരാഷ്ട്രീയ'കക്ഷി ഉടലെടുത്തു കാണുന്നില്ല. സമുദായവീതത്തിന്മേലല്ലല്ലോ അവിടങ്ങളിലെ 'രാഷ്ട്രീയം'. അപ്പോഠം കമ്യൂണിസ്റ്റ് വിരുദ്ധമുന്നണിക്കാർ അവകാശപ്പെടുന്ന 'അഖിലലോകത്തിൻെറ വ്യാപ്തി എന്താണ്, അതെവിടെനിന്നാരംഭിക്കുന്നു, അതിൻെറ ശക്തികേന്ദ്രമേതാണ്', എന്നെല്ലാമുള്ള ചോദ്യങ്ങഠംക്കുത്തരം കാണേണ്ടിയിരിക്കുന്നു. യു. എൻ. ഒ. വരെയുള്ള 'ലോകരാഷ്ട്രീയം' സൂക്ഷിച്ചുപഠിക്കുമ്പോഠം അമേരിക്കയും അമേരിക്കയുടെ സ്വാധീനമേഖലയിൽ കുടുങ്ങിക്കിടക്കുന്ന കുറെ പിൻനിലരാജ്യങ്ങളുമാണ് വിരുദ്ധമുന്നണിക്കാരുടെ അഖിലലോകമെന്നു ബോധ്യമാകും. അതിൻെറ ശക്തികേന്ദ്രം അമേരിക്കതന്നെ. ക്രൈസ്തവമതവിഭാഗങ്ങളുടെ തലസ്ഥാനങ്ങഠം ആ ശക്തികേന്ദ്രത്തിൽനിന്നു ജീവനമൃതം കൊണ്ട് ഓരോ രാജ്യത്തും ദൈവരാഷ്ട്രീയം പരത്തിക്കൊണ്ടിരിക്കയാണെന്നു പറഞ്ഞാൽ പരമാർത്ഥംമാത്രമായിരിക്കും. കുറെക്കൂടി വിശദമായി പറയട്ടെ, വളർന്നുവരുന്ന പുതിയ സാമ്പത്തികനീതിക്കെതിരായി അമേരിക്ക കൈയെത്താവുന്നേടത്തെല്ലാം ഏർപ്പെടുത്തിയിട്ടുള്ള നിരോധനപ

ദ്ധതികളിലൊന്നാണ് കമ്യൂണിസ്റ്റ് വിരുദ്ധമുന്നണി. മതത്തിന്നു സാമൂഹ്യജീവിതത്തിലുള്ള നിയന്ത്രണാധികാരത്തെ ഉപയോഗപ്പെടുത്തി മനുഷ്യരെ പൊതുവെ പരിവൎത്തന പരാങ്മുഖരാക്കാനുള്ള പരിപാടി സാംസ്കാരികരംഗത്താകെ ഒരൊന്നാന്തരം 'ഷോക്ക് അബ്സോർബർ' ആയിക്കൊള്ളുമെന്നു് അമേരിക്കയ്ക്കറിയാം. ഈ ലേഖനത്തിന്റെ തുടക്കത്തിലുദ്ധരിച്ചിട്ടുള്ള കത്തിൽനിന്നു വ്യക്തമാകുന്നവിധം ബുദ്ധിമുട്ടനം ഇതിന്നു തെളിവല്ലേ?

സുസംഘടിതമതങ്ങൾ വ്യക്തിമാഹാത്മ്യത്തെപ്പററി പ്രസംഗിക്കുന്ന ശ്വാസത്തിൽത്തന്നെ വ്യക്തികളുടെ സാംസ്കാരികമായ വളൎച്ചയിൽ ചങ്ങലകളേൎപ്പെടുത്തിയിട്ടുണ്ട്. റോമൻകത്തോലിക്കസഭ 'ഇമ്പ്രിമാത്തുർ' കൊടുക്കാതെ 'ഇൻഡെക്സി'ലിട്ടിട്ടുള്ള ഭുവനപ്രശസ്തങ്ങളായ കൃതികളുടെ പട്ടികതന്നെ ഇതിന്നു സാക്ഷ്യം വഹിക്കുന്നു. പല രാജ്യങ്ങളിലും വ്യക്തിസ്വാതന്ത്ര്യമില്ലെന്നു പരാതിപ്പെടുന്ന ഒരു മഹാശക്തിയാണല്ലോ റോമൻകത്തോലിക്കസഭ. പക്ഷേ ആ സഭ വ്യക്തികൾക്കനുവദിച്ചിട്ടുള്ള സാംസ്കാരികസ്വാതന്ത്ര്യം വളരെ പരിമിതമാണെന്നു രേഖകളും അനുഭവങ്ങളുമുദ്ധരിച്ചു തെളിയിക്കാൻ കഴിയും. എന്നാൽ 'വിരുദ്ധമുന്നണി'യുടെ ആഭിമുഖ്യത്തിൽ സാമ്പത്തികശാസ്ത്രമെട്ടത്തു വിളമ്പുമ്പോൾ ആ സഭയുടെ കുപ്പായമിട്ടിട്ടുള്ളവർ പറയുന്നു, വ്യക്തികൾക്കു കമ്പോളത്തിൽ തികച്ചും സ്വാതന്ത്ര്യം വേണമെന്നു്. ആ സ്വാതന്ത്ര്യം നഷ്ടപ്പെട്ടാൽ വ്യക്തിസ്വാതന്ത്ര്യം മുഴുവൻ തുലയുമെന്നാണ് അവരുടെ വാദം. "തൊഴിലാളി സുരക്ഷിതത്വത്തെ ആവശ്യ

പ്പെട്ടതു തെററിപ്പോയി. വ്യക്തിസ്വാതന്ത്ര്യത്തിന്നുവേണ്ടി യാണു് അവൻ പൊരുതേണ്ടതു്"—അമേരിക്കൻരാഷ്ട്രീയ ത്തിൽ കത്തോലിക്കരുടെ അപ്പീലില്ലാത്ത വക്താവായ റവ: ഫൾട്ടൻ ജെ. ഷീൻെറ പ്രഖ്യാപനമാണിതു്. ഇതെ വിടെ ചെന്നെത്തുന്നു? ജീവിതത്തിൽ 'നാളെ' എപ്പോഴും അരക്ഷിതമായിരിക്കുന്നു എന്നതാണു് അദ്ധ്വാനിക്കുന്ന മനുഷ്യൻെറ ഏററവും വലിയ അസ്വാതന്ത്ര്യം. അതു കൊണ്ടാണവൻ സുരക്ഷിതത്വമാവശ്യപ്പെടുന്നതു്. അതു തെററിപ്പോയെന്നു പറഞ്ഞാൽ? ജീവിതത്തിൽ അരക്ഷിത ത്വവും സുരക്ഷിതത്വവുമൊക്കെ വിധികൃതമാണെന്നുവെ ച്ചു തള്ളണമെന്നുതന്നെ. എന്നിട്ടതിന്നു പകരം ആവ ശ്യപ്പെടാൻ പറയുന്നതോ? വ്യക്തിസ്വാതന്ത്ര്യം. പക്ഷേ തൊഴിലാളികളുടെ വ്യക്തിസ്വാതന്ത്ര്യം തുടങ്ങുന്നതു സുര ക്ഷിതത്വത്തിലായിരിക്കെ അതിന്നുപകരം വ്യക്തിസ്വാത ന്ത്ര്യത്തിന്നുവേണ്ടി വാദിക്കണമെന്നു പറയുമ്പോൾ അ ൎത്ഥമാക്കുന്നതു മറെറന്തോ ആയിരിക്കണം. അതേ, ആ വ്യക്തിസ്വാതന്ത്ര്യം മറെറാന്നുതന്നെയാണു്; തൊഴിലാളി യുടെ സുരക്ഷിതത്വത്തെ നിഷേധിച്ചുകൊണ്ടു കമ്പോള ത്തിൽ കൊള്ളയടിക്കാനുള്ള സ്വാതന്ത്ര്യം. അപ്പോൾ, റവ: ഫൾട്ടൻ ഷീൻ കത്തോലിക്കസഭയുടെ തിരുനാമ ത്തിൽ വാദിക്കുന്നതു തൊഴിലാളിക്കെതിരായുള്ള അമേരി ക്കൻകമ്പോളനീതിക്കുവേണ്ടിയാണു്. പ്രമാണികൾക്കു സാ മ്പത്തികരംഗത്തിന്നേവരെ കിട്ടിക്കൊണ്ടിരുന്ന വ്യക്തി സ്വാതന്ത്ര്യത്തെ നിലനിൎത്തണമെന്നു പറയുന്ന നാവുത ന്നെ പൊതുവെ സാംസ്കാരികരംഗത്തു വ്യക്തിസ്വാത ന്ത്ര്യം ആപൽക്കരമാണെന്നുൽഘോഷിക്കുന്നുണ്ടെങ്കിൽ

അതിലെ വൈപരീത്യം കണ്ടഅസ്ഥാളിക്കാനില്ല. ആദ്യത്തെ വ്യക്തിസ്വാതന്ത്ര്യത്തിന്ന്, ന്യൂനപക്ഷമായ വ്യവസായികളുടേയും ജന്മികളുടേയും വ്യക്തിസ്വാതന്ത്ര്യത്തിന്ന്, വിരുദ്ധമായ വ്യക്തിസ്വാതന്ത്ര്യം ഭൂരിപക്ഷമായ തൊഴിലാളികൾക്കും കൃഷിക്കാൎക്കും അനുവദിപ്പാൻ തയ്യാറില്ലെന്നുമാത്രം. വ്യക്തിസ്വാതന്ത്ര്യത്തിന്നുവേണ്ടി വാദിക്കണമെന്നു തൊഴിലാളികളോടുപദേശിക്കുന്നതു വാസ്തവത്തിൽ അവരുടെ താൽപര്യത്തിന്നെതിരായുള്ള 'മേനോക്കി'പ്പരിഷയുടെ സ്വാതന്ത്ര്യത്തിന്നു യാതൊരു കോട്ടവും തട്ടരുതെന്നു കരുതിമാത്രമാണ്. ഈ അമേരിക്കൻതന്ത്രം ഒരു കത്തോലിക്കവൈദികൻ 'തെററാവര'ത്തോടുകൂടി പ്രയോഗിക്കുമ്പോൾ എന്താണ് മനസ്സിലാക്കേണ്ടതു്? കത്തോലിക്കസഭയും അമേരിക്കൻഭരണകൂടവും ഒററക്കയ്യാണെന്നാണോ? കേരളത്തിലെ 'വിരുദ്ധമുന്നണി'യും പ്രസംഗിച്ചുപ്രസംഗിച്ച് ഈ പതനത്തിലെത്തിയിരിക്കുന്നു.

സ്വതേ കുടുംബം, ജാതി, സമുദായം എന്നിവയിൽ മതവിശ്വാസവശാലും മററും നിലനിന്നുപോന്നിട്ടുള്ള പിന്തിരിപ്പൻവൈഭാഗികപ്രവണതകൾ സമസ്തവും ഇപ്പോൾ അത്യൂർജ്ജിതങ്ങളായിരിക്കുകയാണ്. ചിന്തിച്ചു ചിന്തിച്ചു രോഗത്തിൻെറ നിദാനം സാമ്പത്തികമാണെന്നു മനസ്സിലാക്കിയ ജനത അദ്ധ്വാനിക്കുന്നവരും അദ്ധ്വാനിക്കാത്തവരുമായി പിരിഞ്ഞപ്പോൾ അദ്ധ്വാനിക്കാത്തവരുടെ കൂട്ടത്തിൽ ചേൎന്നു കൊടിപിടിക്കുകയായി ആ പ്രവണതകളെല്ലാം. അവയിലോരോന്നിൻെറയും നിലനില്പിന്നുവേണ്ടി വെവ്വേറെ യുദ്ധം ചെയ്യണം എന്നുപോലും

പറഞ്ഞുണ്ടാക്കി ജനങ്ങളെ ആവേശംകൊള്ളിക്കാൻ അവയുടെ സൂത്രധാരന്മാർ മുന്നോട്ടു വന്നിരിക്കുന്നു. സാമ്പത്തികപരിവർത്തനത്തിന്നു തങ്ങളെതിരില്ലെന്നുള്ള മട്ടിൽ പ്രസംഗിക്കുന്നവരാണവർ. പൊതുവെ പുരോഗമനവാഞ്ഛകളെ സ്വാഗതംചെയ്യുന്നുണ്ട് തങ്ങളെന്നു ജനങ്ങളെ വിശ്വസിപ്പിക്കാൻ അവർ എന്തെന്നില്ലാതെ പാടുപെടുന്നു. ദുര്യുക്തികണ്ടകിതങ്ങളായ വാദങ്ങളെക്കൊണ്ടു സാധാരണന്മാരുടെ ബുദ്ധിക്കു മുമ്പിൽ തിപ്പുക പരത്തുവാൻ അവൎക്കുള്ള സാമൎത്ഥ്യം ഒന്നു വേറെയാണ്. ഒന്നിനെക്കുറിച്ചും ശരിയേത്, തെറേറത് എന്നുള്ള തീരുമാനത്തിൽ സ്വയമെത്തിച്ചേരാൻ സഹായിക്കാത്ത തരത്തിലുള്ള ഒരെത്തുംപിടിയുമില്ലായ്മയിൽ മനുഷ്യനെ കൊണ്ടിടുക എന്നതാണ് അവരുടെ ശ്രമംകൊണ്ടു സാധിച്ചുവരുന്നത്. സ്വയം തീരുമാനത്തിന്നു സാധിക്കാത്തൊരു നിസ്സഹായതയിൽ വെച്ചു നിലവിലുള്ള വിശ്വാസങ്ങളുടേയും അഭിപ്രായങ്ങളുടേയും നടപടികളുടേയുമൊക്കെ അടിമകളായിത്തീരുകയാണ് ആളുകൾ. മറെറാന്നിന്മേൽ പിടിക്കാൻ കരുത്തില്ലായ്കയാൽ പിടിച്ചതു വിടാൻ കൂട്ടാക്കാത്തൊരു മനസ്ഥിതി പൊതുവേ ശേഷിക്കുന്നുവെന്നു ചുരുക്കം. ഈ യാഥാസ്ഥിതികത്വത്തിൽനിന്നു മനുഷ്യരെ ഉണൎത്തുവാൻ വെറും യുക്തിബോധത്തെക്കൊണ്ടാവുമോ? ആവുമെന്നു വാദിക്കുന്നവരുണ്ട്. പക്ഷേ യുക്തിയുടേതന്നെ സാധുത്വം ആൎജ്ജിതജ്ഞാനാധിഷ്ഠിതമായിരിക്കേ, ജ്ഞാനവിജ്ഞാനങ്ങളുടെ ഉടനീളമുള്ള പ്രസരണത്താൽമാത്രമേ കെട്ടിനില്ക്കുന്ന സംസ്കാരത്തിലെ അഴുക്കുകളെ ഒഴുക്കിക്കളയാൻ കഴികയുള്ളു എന്നു വരുന്നു. മറെറാരുവിധത്തിൽ പറയട്ടെ,

പിന്തിരിപ്പൻശക്തികളുടെ ദുർബ്ബുദ്ധികൊണ്ടുള്ള മിരട്ടു വാസ്തവത്തിൽ ചെന്നെത്തുന്നത് അധുനാതനശാസ്ത്രത്തിന്റെ രശ്മികളെ അടച്ചുകെട്ടി, ഇരുട്ടറകളെയെല്ലാം ഇരുട്ടറകളായിത്തന്നെ വെച്ചുകൊണ്ടിരിക്കുക എന്നതിലാണ്. അപ്പോഠം, ചുരുക്കത്തിൽ, മാനവസംസ്കാരത്തിന്റെ അടിക്കടി വളൻകൊണ്ടിരിക്കുന്ന ശാസ്ത്രീയതയുടെ നേരെ കരുതിക്കൂട്ടിയുള്ള ഒരു ബ്ലാക്കൌട്ടാണ് പിന്തിരിപ്പൻപ്രവണതകളുടെ ഏകോപിച്ചുള്ള പ്രവത്തനംകൊണ്ടുണ്ടാവുന്നതെന്നു വേണം പറയുവാൻ.

യാഥാസ്ഥിതികസാമ്പത്തികനീതിയുടെ നിലനില്പിനുവേണ്ടി സാംസ്കാരികരംഗത്ത് പരക്കേ നടപ്പാക്കിയിരിക്കുന്ന ഈ 'സെൻസർ' കുടുംബങ്ങളിലും സമുദായകേന്ദ്രങ്ങളിലും, അവയുടെ പിടിയിൽ നില്ക്കുന്ന എല്ലാ സ്ഥാപനങ്ങളിലും, ഭരണകൂടത്തിൽത്തന്നെയും, ഇന്നു പ്രകടമാണ്. പിന്തിരിപ്പൻപ്രവണതയുടെ 'ഗസ്റ്റാപ്പോ'കഠം മേല്പറഞ്ഞ എല്ലാ തുറകളിലും ഒളിഞ്ഞും തെളിഞ്ഞും ഇന്നു പ്രവത്തിക്കുന്നുണ്ട്. കുടുംബത്തിൽനിന്നു വിട്ടാൽ യുവതീയുവാക്കന്മാരുടെ സാംസ്കാരികവളച്ചയ്ക്കുത്തരവാദപ്പെട്ടുന്ന സ്കൂളുകളിലും കോളേജുകളിലും യൂനിവേർസിററികളിലും ലൈബ്രറികളിലും, എന്നു വേണ്ട പൊതുവെ സാഹിത്യത്തിൽപ്പോലും, ആ പ്രവത്തനത്തിന്റെ ഫലങ്ങഠം കാണാം. അധ്യാപകന്മാരിൽ വല്ലവരും പുരോഗമനവാദികളായിപ്പോയോ, അവരെപ്പിന്നെ വെച്ചുകൊണ്ടിരിക്കരുതെന്നാണ് അധികൃതന്മാരുടെഭിപ്രായം. തിരു-കൊച്ചിപ്രധാനമന്ത്രിയായിരുന്ന മി. ജോൺ ഒരിക്കൽ കല്പിച്ചരുളിയ

ത്ത്, ജീവിക്കാൻവേണ്ട ശമ്പളത്തിൻെറപേരിൽ സംഘടിച്ചവകാശവാദംചെയ്യുന്ന അധ്യാപകന്മാരൊക്കെ കമ്യൂണിസ്റ്റുകളാണെന്നാണ്. അത്തരക്കാരെയെല്ലാം ഇറക്കിവിട്ടേ രാജ്യത്തു സൈ്വരമുണ്ടാവൂ എന്നുവരെ അദ്ദേഹം ഒരു കമ്മിററിയോഗത്തിൽവെച്ചു പറകയുണ്ടായി. ലൈബ്രറികളിൽ ശേഖരിക്കുന്ന പുസ്തകങ്ങളും കാലികപ്രസിദ്ധീകരണങ്ങളും പൊതുവേ വിപ്ലവപ്രചോദകങ്ങളാകയാൽ ലൈബ്രറികൾക്കുള്ള ഗ്രാൻറ് വർദ്ധിപ്പിക്കാൻ കൂട്ടാക്കാതിരിക്കുകയാണദ്ദേഹം. അദ്ദേഹത്തെപ്പോലുള്ളവർ അച്ചടിവിദ്യതന്നെ കുററകരമാക്കിയേയ്ക്കുമോ ആവോ! നമ്മുടെ സാഹിത്യകാരന്മാരെക്കുറിച്ചും 'സ്റ്റാററസ്ക്വോ'വാദികൾ പ്രകടമായ അഭിപ്രായം രേഖപ്പെടുത്തിയിരിക്കുന്നു. അവരുടെ ഉച്ചഭാഷിണിയായ 'വിരുദ്ധമുന്നണി'യിലൂടെ നിങ്ങൾക്കതു കേൾക്കാം. വള്ളത്തോൾതൊട്ടിങ്ങോട്ടുള്ള എല്ലാ കവികളും, തകഴിതൊട്ടിങ്ങോട്ടുള്ള എല്ലാ കഥയെഴുത്തുകാരും, എ. ബാലകൃഷ്ണപിള്ളതൊട്ടിങ്ങോട്ടുള്ള എല്ലാ നിരൂപകന്മാരും ഇന്നവർക്കു 'കണ്ണിൽ കരടാ'ണ്. ഈ സാഹിത്യകാരന്മാരൊന്നുമില്ലാത്ത ശുദ്ധശുദ്ധവും 'ശാശ്വതമൂല്യ'വുമായ ഒരു സാഹിത്യത്തെ തട്ടിപ്പടയ്ക്കാൻ എല്ലാ രംഗത്തിലും വിരുദ്ധമുന്നണികൾ കൊണ്ടുപിടിച്ചിരിക്കുകയാണിപ്പോൾ. കലാപ്രകടനങ്ങൾ, സിനിമകൾ, പ്രസംഗങ്ങൾ, പാഠ്യപുസ്തകങ്ങൾ— ഈവകയിലെല്ലാം വിദേശീയവും ദേശീയവുമായ കുത്തകത്താൽപര്യങ്ങളുടെ ചൌക്കകെളുണ്ട്. മനുഷ്യാവശ്യങ്ങൾ മുൻനിർത്തി എഴുതപ്പെട്ടിട്ടുള്ള മിക്ക നല്ല പുസ്തകങ്ങളും, ലൈബ്രറികൾക്കും കോളേജുകൾക്കുമായി തിരഞ്ഞെടുക്കേണ്ടിവരുമ്പോൾ, മതത്തിൻെറയും സമുദാ

യവാദത്തിൻെറയും 'ഖിറോ'വിൽവെച്ചടിപ്പെട്ടുപോകയാണ് പതിവ്. മററൊരുവിധത്തിലും പ്രചരിക്കാനിടയില്ലാത്ത മുടക്കച്ചെരക്കുകളാണ്, തന്നിമിത്തം, പുതിയ തലമുറയ്ക്കു വായിക്കാനും പഠിക്കാനും കിട്ടുന്നതു്. നമ്മുടെ സൎവ്വകലാശാലകഠം പാഠപുസ്തകമായി നിശ്ചയിക്കാറുള്ളവയിൽ സിംഹഭാഗവും ഇതിന്നു തെളിവാണ്.

ഇങ്ങനെ സാമ്പത്തികനീതിയുടെ മൌലികമായ മാററത്തെ ഭയപ്പെട്ടു നമ്മുടെ സാമൂഹ്യജീവിതത്തിൻെറ എല്ലാ വശങ്ങളിലും യാഥാസ്ഥിതികശക്തികഠം ഏപ്പെടുത്തിയിട്ടുള്ള ഈ 'ബ്ലാക്കൌട്ടി'ന്നെതിരായി കേരളത്തിലെ ബുദ്ധിജീവികഠം ഉൽബുദ്ധരാവേണ്ടിയിരിക്കുന്നു. ഇരുട്ടിൻെറ ഈ വേലിയേററത്തെ തടയുവാൻ നാം ഒത്തൊരുമിച്ചിറങ്ങുന്നില്ലെങ്കിൽ അടുത്ത തലമുറയ്ക്കുണ്ടാകുന്ന വിപത്തു ഘോരമായിരിക്കും. ഇന്നു് എത്രയോ കുടുംബങ്ങളിൽ, എത്രയോ സ്ഥാപനങ്ങളിൽ, ഉൽപതിഷ്ണുത്വമുള്ള ഹൃദയങ്ങഠം നിയന്ത്രിതസ്പന്ദങ്ങളായി വിഷമിക്കുന്നുണ്ടാവണം. ആ യുവഹൃദയങ്ങഠംക്കു ചിറകു വെച്ചുകൊടുക്കാൻ ചുമതലപ്പെട്ടവർ ഇന്നാട്ടിലെ ബുദ്ധിജീവികളാണ്. കലകളുടേയും ശാസ്ത്രങ്ങളുടേയും മണ്ഡലങ്ങളിലൂടെ ഈ ബ്ലാക്കൌട്ടിന്നെതിരായി ഒരു സംഘടിതശക്തി വളരേണ്ടിയിരിക്കുന്നു. ആ ശക്തിയുടെ ഒന്നാമത്തെ ലക്ഷ്യം വസ്തുസ്ഥിതികളെ ശാസ്ത്രീയമായിക്കാണാനുള്ള ഒരു തൻേറടം ജനങ്ങളിൽ പൂൎവ്വാധികം വളൎത്തുക എന്നതായിരിക്കണം. സാഹിത്യകാരന്മാർ, പ്രസാധകന്മാർ, പത്രപ്രവൎത്തകന്മാർ, സിനിമാരംഗത്തിലെ പ്രവൎത്തകന്മാർ, റേഡിയോ പ്രഭാഷ

കന്മാർ, പ്രാസംഗികന്മാർ, അധ്യാപകന്മാർ എന്നിങ്ങനെയുള്ള എല്ലാ സാംസ്കാരികപ്രവർത്തകന്മാരും ഇക്കാര്യത്തിൽ ഒത്തുപിടിച്ചേ മതിയാവൂ.

SOUTHERN LANGUAGES BOOK TRUST LIBRARY MADRAS.

മുണ്ടശ്ശേരി

Mal
HIS TRA 5261
5261
HIS TRA 5261 Mal